2007 നവംബർ – ഡിസംബർ
1182 തുലാം - വൃശ്ചികം
1428 ശവ്വാൽ - ദുൽഹജ്ജ്
1386 നുബുവത്ത് - ഫത്തഹ്
പുസ്തകം 5 ലക്കം 7
വില 10 രൂപ

بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക
ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

## വിഷയവിവരം

ആമുഖം

പാക്കിസ്ഥാൻ എങ്ങോട്ട്? ........ 4

യുഗനാദം



ന്യായമോ അന്യായമോ ആയ ഏതെങ്കിലും മാർഗ്ഗേണ സ്വരൂപിച്ച ധനം വ്യയം ചെയ്തു സമുദ്രം കടന്നുചെന്ന് ആ പുണ്യസ്ഥലം സന്ദർശിക്കുകയും കേവലം ആചാരമായ നിലയിൽ ചില ചടങ്ങുകൾ നിർവ്വഹിക്കുകയും ചെയ്തു മടങ്ങിവരുന്നതായാൽ ഹജ്ജ് കർമ്മം പൂർണ്ണമാകയില്ല. ദൈവം ഈ പുണ്യകർമ്മം വിധിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യം ഇത്തരത്തിലുള്ള ബാഹ്യാചരണത്തിൽ അഭിമാനിക്കുന്നതുകൊണ്ടുമാത്രം നിവൃത്തിയാകുകയുമില്ല. യഥാർത്ഥത്തിൽ ഈ കർമ്മം മോക്ഷമാർഗ്ഗത്തിലുള്ള അന്ത്യമായ ഒരു യാത്രാഘട്ടത്തെ സൂചിപ്പിക്കുന്നതാകുന്നു.

പരിശുദ്ധമായ ഹജ്ജ്കർമ്മം ........ 5

വിശുദ്ധ ഖുർആൻ

സൂറത്തുൽ ബഖറഃ അർത്ഥം, വ്യാഖ്യാനം ........ 6

അഹ്മദിയ്യത്തിനെ തകർക്കാൻ ഭൗതികഭരണകൂടങ്ങൾക്കാവില്ല ........ 9
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ്)

ജൽസയെ സംബന്ധിച്ച ആദ്യവിളംബരം ........ 15

ലേഖനം

മതം, സംസ്കാരം, സദാചാരം, കല (തുടർച്ച) .... 16
എ. അമീൻ

'ഗീസയിലെ കരിങ്കൽഭീമൻ; വലിയ പിരമിഡ്' .... 19
എ.ക്യു. മഹ്ദി

സൂറഃ അല്ലഹബ് ........ 22
വിവ: ഹസ്സൻകോയ

തഖ്വ: ലക്ഷ്യസാക്ഷാത്ക്കാരത്തിന്റെ മാർഗ്ഗം ........ 25
മഹ്മൂദ്, കൽക്കുളം

ഓർമ്മയിൽ ഒരു നിമിഷം- ധന്യമായൊരനുഭവം ........ 27
അഡ്വ. ടി. നിസാർ അഹമദ്

ഇസ്ലാമിന്റെ മഹത്വം ഇതരമതസ്ഥരുടെ കണ്ണിൽ ........ 30
മുത്തുഹാജി

സൗദി അറേബ്യ: ഇങ്ങനെയുമൊരു രാജ്യം! ........ 33
എൻ.ഇ. ഹഖ്

സന്ദേശം

നമസ്കാരം നിലനിറുത്തുകയും ഖുർആൻ പാരായണം ശീലമാക്കുകയും ചെയ്യുക ........ 36
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ്)

റിപ്പോർട്ട്

മജ്ലിസ് അൻസാറുല്ലാ അഖിലേന്ത്യാ ഇജ്തിമാഅ് സമാപിച്ചു ........ 37
എം. നാസിർ അഹ്മദ്

ഭൂതകാലതാളുകളിൽ

ഒരു സായാഹ്നത്തിന്റെ ഓർമ്മക്കുറിപ്പ് ........ 38
കെ.പി. അഹ്മദ്

പേർഷ്യൻ കഥ

ഗുരുവും, ശിഷ്യനും പിന്നെ നുബുവ്വത്തും ........ 39
ഡോ. ഫുആദ്

അനുസ്മരണം

ഷൗസ് ജമാൽ സാഹിബ് ........ 42

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

മാനേജർ:
എം. മുഹമ്മദ് സലീം

SATHYAMITHRAM
ANSARULLAH PUBLICATION
Printed and Published by Majlis Ansarullah State Committee, Kerala
at BRB Offset Printers & Publishers, Thavakkara, Kannur-17.
Ph: 0497-2761010, 2761020

بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# പാക്കിസ്ഥാൻ എങ്ങോട്ട് ?

കുറേവർഷങ്ങളായി സൈന്യത്തിന്റെ പിൻബലത്തോടെ പാക്കിസ്ഥാനെ തന്റെ ഉരുക്കുമുഷ്ടിയിൻകീഴിൽ നിർത്തിയ ജനറൽ പർവേശ് മുശറഫ് തന്റെ സൈനിക വേഷം അഴിച്ചുവച്ച് സിവിലിയൻ പ്രസിഡന്റായി സ്ഥാനമേറ്റിരിക്കുന്നു. പാക്കിസ്ഥാനിൽ കുറേകാലമായി നടന്നുകൊണ്ടിരിക്കുന്ന അത്യന്തം വിസ്മയനീയമായ സംഭവവികാസങ്ങളുടെ ഒടുവിലത്തെ അവസ്ഥയാണിത്. യഥാർത്ഥ ജനാധിപത്യമില്ലെങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഒരു സിവിലിയൻ പ്രധാനമന്ത്രിയായിരുന്ന നവാസ്ശരീഫിനെ പുറത്താക്കി പാക്കിസ്ഥാന്റെ പരമോന്നതസ്ഥാനത്ത് സ്വയം അവരോധിതനായ മുശറഫ്, പക്ഷേ, അന്നുവരെ അവിടെ തുടർന്നുവന്ന അഹ്മദിയ്യാ വിരുദ്ധസംവിധാനം ഇല്ലാതാക്കാൻ തയ്യാറായിരുന്നില്ല. അല്ലാഹുവിനാൽ നടപ്പെട്ട സത്യപ്രസ്ഥാനത്തിന്നെതിരെ മുല്ലമാർക്കുവേണ്ടി നടപടിയെടുത്ത ഭരണാധികാരികളെല്ലാം അവന്റെ ശിക്ഷയ്ക്കിരയായ ചരിത്രം നമ്മുടെ മുന്നിലുണ്ട്. സുൾഫിക്കർ അലി ഭൂട്ടോ മുതൽ ആരംഭിച്ച അവിടുത്തെ അഹ്മദിയ്യാ വിരുദ്ധപ്രസ്ഥാനം നിറുത്തൽചെയ്യാനും രാജ്യത്തെ രക്ഷിക്കാനും ഈ പട്ടാളമേധാവിയും തയ്യാറായില്ല എന്നതാണ് വസ്തുത.

അട്ടിമറിയിലൂടെ അധികാരത്തിൽ വന്നയുടനെ ഭരണഘടന മരവിപ്പിച്ച് അടിയന്തരിവാസ്ഥ നടപ്പിലാക്കിയ മുശറഫ് ക്രമേണ ഭരണം സ്വന്തം കൈപ്പിടിയിൽ ശക്തമായി ഒതുക്കുകയും തുടർന്ന് അടിയന്തിരാവസ്ഥ പിൻവലിക്കുകയും ചെയ്തിരുന്നു. രാജ്യത്തെ ഭീകരരിൽനിന്നും രക്ഷിക്കാനെന്നും പറഞ്ഞ് നിരവധി ഭരണപരമായ നിയന്ത്രണങ്ങൾ നടപ്പാക്കിയ ജനറൽ പക്ഷേ, കിരാതമായ 20-ാം ഓർഡിനൻസ് പിൻവലിക്കാൻ തയ്യാറായില്ല. പാക്ക് ഭരണഘടനയ്ക്കെതിരായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഈ ഓർഡിനൻസ് മനുഷ്യാവകാശങ്ങൾക്ക് വിരുദ്ധവും വിവേചനപരവുമാണെന്ന് അഹ്മദികൾ അന്ന് പാക്ക് സുപ്രീംകോടതിയിൽ ബോധിപ്പിച്ചെങ്കിലും നീതി നടപ്പാക്കാൻ ബാധ്യതപ്പെട്ടവർ മുല്ലമാർക്ക് കീഴടങ്ങുകയാണുണ്ടായത്.

പാക്കിസ്ഥാനിലെ ഇപ്പോഴത്തെ പ്രതിസന്ധി ആരംഭിച്ചത് കോടതിയിൽനിന്നുതന്നെയാണ്. രാജ്യത്ത് നീതിയും ന്യായവും തിരിച്ചുകൊണ്ടുവരാനെന്ന് പറഞ്ഞ് ചീഫ് ജസ്റ്റിസ് ഇഫ്തിഖാർ അഹ്മദും കൂട്ടാളികളും സർക്കാരിന്നെതിരിൽ വിധികൾ പറഞ്ഞുകൊണ്ടിരുന്നതാണ് മുശറഫിനെ അലോസരപ്പെടുത്തിയത്. അതിന്റെ ഒടുപുലർച്ചയാണ് അടിയന്തിരാവസ്ഥ വീണ്ടും ഏർപ്പെടുത്തുന്നതിലേക്ക് ആ രാഷ്ട്രത്തെ കൊണ്ടുചെന്നെത്തിച്ചത്. പാക്ക്പട്ടാളം സുപ്രീംകോടതിയിൽ സായുധരായി കടന്ന് ചീഫ് ജസ്റ്റിസിനെയടക്കം തടവിലാക്കുകയും സ്വന്തം ആൾക്കാരെ ആ സ്ഥാനത്ത് അവരോധിക്കുകയും ചെയ്തു. പക്ഷേ, ഈ ന്യായാധിപന്മാർ മനുഷ്യാവകാശം പോലും നിഷേധിക്കുന്ന 20-ാം ഓർഡിനൻസിന്നെതിരായി ചെറുവിരലനക്കാൻ പോലും തയ്യാറായില്ല. അപ്പോൾ ജഡ്ജിമാരും കളിച്ചത് വൃത്തികെട്ട രാഷ്ട്രീയംതന്നെ.

ഇപ്പോൾ രണ്ട് മുൻപ്രധാനമന്ത്രിമാരും പാക്കിസ്ഥാനെ രക്ഷിക്കാനെന്ന പേരിൽ അവിടെ തിരിച്ചെത്തിയിരിക്കുന്നു. അത് എങ്ങനെയെന്നറിയാൻ അഹ്മദികൾക്ക് താൽപര്യമുണ്ട്. ഒരു സാധാരണ പൗരന് നല്കുന്ന പരിഗണന അവർ അഹ്മദി

*ശേഷം 9-ൽ*



# പരിശുദ്ധമായ ഹജ്ജ്കർമ്മം

**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**ഇ**സ്ലാം നിർദ്ദേശിക്കുന്ന മറ്റൊരു ആരാധനാകർമ്മം ഹജ്ജാകുന്നു. ന്യായമോ അന്യായമോ ആയ ഏതെങ്കിലും മാർഗ്ഗേണ സ്വരൂപിച്ച ധനം വ്യയം ചെയ്തു സമുദ്രം കടന്നുചെന്ന് ആ പുണ്യസ്ഥലം സന്ദർശിക്കുകയും കേവലം ആചാരമായ നിലയിൽ ചില ചടങ്ങുകൾ നിർവ്വഹിക്കുകയും ചെയ്തു മടങ്ങിവരുന്നതായാൽ ഹജ്ജ് കർമ്മം പൂർണ്ണമാകയില്ല. ദൈവം ഈ പുണ്യകർമ്മം വിധിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യം ഇത്തരത്തിലുള്ള ബാഹ്യാചരണത്തിൽ അഭിമാനിക്കുന്നതുകൊണ്ടുമാത്രം നിവൃത്തിയാകുകയുമില്ല. യഥാർത്ഥത്തിൽ ഈ കർമ്മം മോക്ഷമാർഗ്ഗത്തിലുള്ള അന്ത്യമായ ഒരു യാത്രാഘട്ടത്തെ സൂചിപ്പിക്കുന്നതാകുന്നു. ആത്മമാർഗ്ഗത്തിലുള്ള പഥികനായ മുമുക്ഷു ലൗകികമായുള്ള താഴ്ന്ന കെട്ടുപാടുകളെയെല്ലാം വേർപെടുത്തി ദൈവാനുരാഗത്തിൽ മുഴുകുന്നു. സാക്ഷാൽ ദൈവപ്രേമി തന്റെ ദിവ്യമായ ആ പ്രേമത്തിൽ ലയിച്ച് ആ പ്രേമപാത്രത്തിനുവേണ്ടി തന്റെ ഹൃദയവും ആത്മാവും ബലിയർപ്പിക്കുന്നതാണ്. ഈ ആത്മത്യാഗത്തിനുള്ള ബാഹ്യചിഹ്നമാകുന്നു കഅബക്ക് ചുറ്റും ചെയ്യുന്ന പ്രദക്ഷിണം. ഭൂമിയിലുള്ള ഈ ദൈവാലയം- ബയ്ത്തുല്ലാഹ്- പോലെതന്നെ സ്വർഗ്ഗത്തിലും ഒരു ദേവാലയമുണ്ട്. സ്വർഗ്ഗസ്ഥമായ ആ ദേവാലയത്തിനു ചുറ്റും ഒരുവൻ വലംവെക്കാതിരിക്കുന്നിടത്തോളം ഭൂമിയിലെ ഈ ദേവാലയത്തിനുചുറ്റും അവൻ ചെയ്യുന്ന പ്രദക്ഷിണം യഥാർത്ഥത്തിലുള്ള കർമ്മമാകയില്ല. കഅബയെ വലംവെക്കുന്ന കർമ്മാവ് തന്റെ സാധാരണ വസ്ത്രങ്ങൾ മാറ്റിവച്ച് ഒരൊറ്റ വസ്ത്രം മാത്രം ധരിക്കുന്നു. എന്നാൽ, സ്വർഗ്ഗസ്ഥമായ ഈ ദേവാലയത്തെ പ്രദക്ഷിണം ചെയ്യുന്ന ദൈവപ്രേമി തന്റെ ബാഹ്യാലങ്കാരങ്ങളെ ദൈവമാർഗ്ഗത്തിൽ പരിത്യജിക്കുന്നതോടൊപ്പം തന്റെ ഹൃദയത്തിലെ മാലിന്യങ്ങളാകുന്ന മറകളെയെല്ലാം നീക്കം ചെയ്ത് പാവനഹൃദയനായി ദൈവസവിധത്തിൽ ഹാജരാകുന്നു. ഇങ്ങനെ ദൈവപ്രേമി തന്റെ പ്രേമാതിരേകത്തെ ഈ പ്രദക്ഷിണകർമ്മം വഴി പ്രകടിപ്പിക്കുന്നു. അതായത്, തന്റെ സ്വന്തം ഇച്ഛകളും താൽപര്യങ്ങളും തന്നിൽ ശേഷിക്കാതാകുമാറുള്ള ഒരു പ്രേമാഗ്നി തന്നിൽ കുടികൊള്ളുന്നു എന്നാണ് ഭക്തൻ ഈ ബാഹ്യകർമ്മം കൊണ്ട് വെളിപ്പെടുത്തുന്നത്. ആകയാൽ ദൈവാനുരാഗിയായ ഭക്തൻ തന്റെ ആ പ്രേമകേന്ദ്രത്തെ വലംവച്ചുകൊണ്ടിരിക്കുന്നതാണ്. ഇതാണ് ഹജ്ജ് കർമ്മത്തിന്റെ യഥാർത്ഥ താൽപര്യം. തന്മൂലം ശാരീരികമായ ഈ കർമ്മത്തോടൊപ്പം ആത്മീയമായ ആ പുണ്യകർമ്മവും നിർവ്വഹിക്കുന്നില്ലെങ്കിൽ കർമ്മിയുടെ ഈ ബാഹ്യചേഷ്ടകളെല്ലാം അർത്ഥശൂന്യങ്ങളാണ്.

ഓരോ മഹല്ലയിലേയും ആളുകൾ താന്താങ്ങളുടെ മഹല്ലയിലെ പള്ളികളിൽ അഞ്ചു നേരങ്ങളിൽ ഒരുമിച്ചുകൂടണമെന്ന് അല്ലാഹു കല്പിച്ചു. പിന്നെ മുഴുവൻ നഗരത്തിലേയും ആളുകൾ ഏഴാം ദിവസം നഗരത്തിലെ ജാമിഅ പള്ളിയിൽ, അതായത് എല്ലാവർക്കും ഒന്നിച്ചുചേരാൻ സൗകര്യമുള്ള പള്ളിയിൽ കൂടിച്ചേരണമെന്നും കല്പിച്ചു. ഒരു കൊല്ലത്തിനുശേഷം നഗരത്തിലെ മുഴുവൻ ജനങ്ങളും അതോടൊപ്പം ചുറ്റുവട്ടത്തിലുള്ള ഗ്രാമവാസികളും ഈദ്ഗാഹിൽ ഒരുമിച്ചുകൂടണമെന്നും കല്പന നൽകി. അതുകൂടാതെ ജീവിതത്തിൽ ഒരുതവണ ലോകത്തെങ്ങുമുള്ള മുസ്ലിംകൾ ഒരിടത്ത് ഒരുമിച്ചുകൂടാനുള്ള അവസരമുണ്ടാക്കി. ഈ ദൈവിക സുന്നത്താണ് ഇൽഹാമി കിതാബുകളിലുള്ളത്. ഇതുകൊണ്ട് അല്ലാഹു ഇച്ഛിച്ചതെന്തെന്നാൽ അതുമുഖേന മെല്ലെ മെല്ലെ മനുഷ്യസമുദായത്തിന്റെ ഐക്യത്തിന്റേയും ഏകീഭാവത്തിന്റേയും വൃത്തം പൂർണ്ണതയിലെത്തിക്കുകയത്രെ. ആദ്യം കുറച്ച് രാജ്യങ്ങളിലെ ഭാഗങ്ങളിൽ ഐക്യം ഉണ്ടാക്കുക. പിന്നീട് ഒടുവിലായി, ഹജ്ജിനുള്ള സമ്മേളനംപോലെ എല്ലാവരേയും ഒരിടത്ത് ഒരുമിച്ചുകൂട്ടുക. *(റൂഹാനീ ഖസാഇൻ)*

# സൂറ: ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

يَا بَنِي إِسْرَائِيلَ اذْكُرُوا نِعْمَتِيَ الَّتِي أَنْعَمْتُ عَلَيْكُمْ
وَأَنِّي فَضَّلْتُكُمْ عَلَى الْعَالَمِينَ ﴿١٢٣﴾

**123.** "ഇസ്റാഈൽ സന്തതികളേ! ഞാൻ നിങ്ങൾക്ക് നൽകിയിട്ടുള്ള എന്റെ അനുഗ്രഹങ്ങളും ലോകജനതകളിൽവച്ച് നിങ്ങളെ ഞാൻ ഉൽകൃഷ്ടരാക്കിയിരിക്കുന്നതും നിങ്ങൾ സ്മരിക്കുക. "

---

**പദാർത്ഥം**

يَا بَنِي إِسْرَائِيلَ ഇസ്റാഈൽ സന്തതികളെ! اذْكُرُوا നിങ്ങൾ സ്മരിക്കുവിൻ نِعْمَتِيَ എന്റെ അനുഗ്രഹങ്ങൾ الَّتِي أَنْعَمْتُ ഞാൻ അനുഗ്രഹിച്ചിരിക്കുന്ന عَلَيْكُمْ നിങ്ങൾക്ക് وَأَنِّي فَضَّلْتُكُمْ ഞാൻ നിങ്ങളെ ഉൽകൃഷ്ടരാക്കുകയും ചെയ്തിരിക്കുന്നു عَلَى الْعَالَمِينَ ലോകജനതകളിൽ.

---

**വ്യാഖ്യാനം**

ഈ ആയത്തിന് മുമ്പുള്ള ആയത്തുകളിൽ പ്രതിപാദിച്ചുകൊണ്ടിരിക്കുന്ന വിഷയം അല്ലാഹു തന്റെ ദിവ്യസന്ദേശം ആരിലെല്ലാം ഇറക്കിയിട്ടുണ്ടെന്നാണ്. ഹദ്റത്ത് ആദം(അ) മുതൽ തുടങ്ങി ഹദ്റത്ത് മൂസ (അ) വരെയും അതിനുശേഷം ഹദ്റത്ത് ഈസ(അ) വരെയും ദൈവം തന്റെ സന്ദേശം ജനങ്ങൾക്ക് നൽകിക്കൊണ്ടിരുന്നിട്ടുണ്ട്. വെളിപാടുകൾ മുഖേന പ്രവാചകർക്ക് അല്ലാഹു സന്ദേശം നൽകുക എന്നത് പുത്തരിയല്ല. അതുകൊണ്ട് ഹദ്റത്ത് മുഹമ്മദ് നബി(സ.അ) ക്ക് അല്ലാഹു തന്റെ ഭാഷണം മുഖേന ദിവ്യസന്ദേശം നൽകിയിട്ടുണ്ടെങ്കിൽ ഇസ്റാഈൽ സന്തതികൾ അതിൽ കുണ്ഠിതപ്പെടേണ്ട കാര്യമില്ല. ഹദ്റത്ത് ഇബ്റാഹിം(അ) മുഖേന അല്ലാഹു നൽകിയ വാഗ്ദാനം അദ്ദേഹത്തിന്റെ ഒരു മകനായ ഇസ്ഹാഖ്(അ)ന്റെ സന്തതികളിലൂടെ ഒരു ദീർഘകാലം അല്ലാഹു പൂർത്തിയാക്കിക്കൊണ്ടിരുന്നു. ഇനി അതേ വാഗ്ദാനം ഇബ്റാഹീം (അ)ന്റെ ആദ്യത്തെ മകനായ ഇസ്മാഈൽ(അ)ന്റെ സന്തതികളിലൂടെ ദൈവം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്.

അല്ലാഹു ഇസ്റാഈൽ മക്കളെ വിളിച്ചുകൊണ്ട് പറയുകയാണ്, നിങ്ങൾക്ക് ഞാൻ നൽകിയിരിക്കുന്ന ഓരോ അനുഗ്രഹവും ഓർക്കുക. അതോടൊപ്പം സർവ്വലോകരിലും നിങ്ങൾക്ക് ഞാൻ ശ്രേഷ്ഠത നൽകിയതും നിങ്ങൾ സ്മരിക്കുക. എന്തുമാത്രം അനുഗ്രഹങ്ങളാണ് ഞാൻ നിങ്ങൾക്ക് ചെയ്തുതന്നത്. നിരന്തരമായി നുബുവ്വത്ത് നിങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്നു. അതു മുഖേന ദൈവഭാഷണമെന്ന അനുഗ്രഹം നിങ്ങളിൽ നിലനിന്നുപോന്നു.

ഇവിടെ '***ഫള്ളൽനാക്കും അലൽ ആലമീൻ***' സർവ്വജനതയേക്കാളും നിങ്ങൾക്ക് ശ്രേഷ്ഠത നൽകിയിരിക്കുന്നു എന്നതിന്റെ അർത്ഥം ദൈവികവെളിപാടാകുന്ന അനുഗ്രഹം നിങ്ങൾക്ക് നിരന്തരമായി നൽകിയെന്നും ഇതിന്റെ കാര്യത്തിൽ വെളിപാട് നൽകാത്ത ജനങ്ങൾക്കുമേൽ നിങ്ങൾക്ക് ശ്രേഷ്ഠത നൽകി എന്നുമാണ്.

ദൈവീക വെളിപാട് ഏറ്റവും വലിയ ഒരനുഗ്രഹമാണ്. ഇവിടെ 'ആലമീൻ' സർവ്വലോകർക്കും എന്നതിന്റെ ഉദ്ദേശ്യം ദൈവികവെളിപാട് നിരന്തരമായി ലഭിക്കാത്ത ജനങ്ങളുടെമേൽ എന്നാണ് അർത്ഥം. അതല്ലാതെ ദൈവീക വെളിപാട് ലഭിച്ച ജനങ്ങൾക്കുമേലും നിങ്ങൾക്ക് ശ്രേഷ്ഠത നൽകി എന്നല്ല. ഈ ശൈലി മറ്റു സമൂഹങ്ങളെക്കുറിച്ചും വിശുദ്ധഖുർആൻ പറഞ്ഞിട്ടുണ്ട്. നോക്കുക. ആലുഇംറാൻ എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു. "അല്ലാഹു ആദമിനേയും

നൂഹിനേയും ഇബ്റാഹീമിന്റെ കുടുംബത്തേയും ഇംറാന്റെ കുടുംബത്തേയും സർവ്വജനങ്ങളിൽനിന്നും ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു" (3:34). മറ്റു ജനങ്ങളിൽനിന്നും ഇവർക്ക് പ്രത്യേക ശ്രേഷ്ഠത നൽകിയതായി പറയുന്നു. അതുകൊണ്ട് ഇവിടെ നൽകിയിട്ടുള്ള ശ്രേഷ്ഠത ദൈവീക വെളിപാടിന്റെ ശ്രേഷ്ഠതയാണ്. അത് ലഭിക്കാത്ത സമൂഹത്തിന്മേലാണ് ശ്രേഷ്ഠത നൽകിയിരിക്കുന്നത്. അതല്ലാതെ ദൈവിക വെളിപാട് ലഭിച്ച മറ്റു ജനതകളുടെമേൽ ബനുഇസ്റാഈലിന് ശ്രേഷ്ഠത നൽകി എന്നല്ല.

ചുരുക്കത്തിൽ വഹ്യ് ലഭിക്കുക എന്നതിലാണ് ശ്രേഷ്ഠതയുള്ളത്. ഈ കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഇസ്റാഈൽ സന്തതികളോട് അല്ലാഹു പറയുന്നത് നിങ്ങളുടെ ശ്രേഷ്ഠത എന്തിലാണെന്ന് നിങ്ങൾ മനസ്സിലാക്കണം, അത് നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന വഹ്യ് മുഖേനയായിരുന്നു, എന്നാൽ, ഇപ്പോൾ മുസ്ലിംകൾക്ക് വഹ്യ് നൽകിക്കൊണ്ട് അവർക്ക് നിങ്ങളുടെമേൽ ശ്രേഷ്ഠത നൽകിയിരിക്കുന്നു, നിങ്ങൾ ഇതിനെ തിരസ്കരിക്കുകയാണെങ്കിൽ നിങ്ങളുടെ എതിരാളികൾക്കുണ്ടായ പരാജയം നിങ്ങൾക്കും ഉണ്ടാകുന്നതാണ് എന്നാണ്. ഹദ്റത്ത് മൂസ(അ)ന് എതിരിൽ എത്രയോ തത്വചിന്തകന്മാരും മറ്റും വന്നെങ്കിലും, എല്ലാവരും പരാജയമടഞ്ഞ ചരിത്രം ഇസ്റാഈല്യർക്ക് നല്ലതുപോലെ അറിയാവുന്നതാണ്. അതുകൊണ്ട് ചരിത്രത്തിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ഈ ദൈവികസന്ദേശത്തെ നിങ്ങൾ സ്വീകരിക്കുക. അതല്ലെങ്കിൽ നിങ്ങളുടെ ഒരു യുക്തിയും ഇവിടെ വിലപ്പോകില്ലെന്ന് മനസ്സിലാക്കുകയും പരാജയം പടിവാതിൽക്കലാണെന്ന് മനസ്സിലാക്കുകയും ചെയ്യുക.

وَاتَّقُوا يَوْمًا لَّا تَجْزِي نَفْسٌ عَن نَّفْسٍ شَيْئًا وَلَا يُقْبَلُ مِنْهَا عَدْلٌ وَلَا تَنفَعُهَا شَفَاعَةٌ وَلَا هُمْ يُنصَرُونَ ﴿١٢٣﴾

**124.** "ഒരാളും മറ്റൊരാൾക്ക് യാതൊന്നിനും ഉപകരിക്കാത്തതും ഒരാളിൽനിന്നും യാതൊരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്തതും ഒരാൾക്കും യാതൊരു ശുപാർശയും പ്രയോജനപ്പെടാത്തതും അവർ സഹായിക്കപ്പെടാത്തതുമായ ഒരു നാളിനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. "

*പദാർത്ഥം*

لَا تَجْزِي നിങ്ങൾ സൂക്ഷിച്ചുകൊള്ളുക يَوْمًا ആ ദിവസം وَاتَّقُوا
പകരമാകില്ല (പ്രതിഫലമാകില്ല) نَفْسٌ ഒരാളും عَنْ نَفْسٍ
ഒരാൾക്കുവേണ്ടി شَيْئًا ഒന്നും وَلَا يُقْبَلُ സ്വീകരിക്കപ്പെടില്ല مِنْهَا
അതിൽനിന്ന് عَدْلٌ പകരം وَلَا تَنْفَعُهَا അത് ഗുണം ചെയ്യുകയുമില്ല
شَفَاعَةٌ ശുപാർശ وَلَا هُمْ അവർ അല്ല, يُنْصَرُونَ സഹായിക്കപ്പെടുന്നു.

*വ്യാഖ്യാനം*

നിങ്ങൾ ഈ പ്രവാചകനെയും അദ്ദേഹം നൽകുന്ന സന്ദേശത്തേയും നിഷേധിക്കുകയാണെങ്കിൽ ആരും ഒരാൾക്കും പ്രയോജനം ചെയ്യാത്ത ആ ദിവസത്തെയെങ്കിലും ഓർത്ത് നിഷേധത്തിൽനിന്നും പിന്മാറുക. അന്ന് ശുപാർശ പോലും ഫലം ചെയ്യില്ല. പ്രവാചകന്മാർക്കുശേഷം കുറേ കാലം കഴിയുമ്പോൾ ജനങ്ങൾ അലസരായിത്തീരുകയും അധഃപതനത്തിലേക്ക് കൂപ്പുകുത്തിത്തുടങ്ങുകയും ചെയ്യുമ്പോൾ ആ സമൂഹം കർമ്മങ്ങൾ ചെയ്യാതെ പറയാറുള്ളത് ഞങ്ങൾക്ക് ഞങ്ങളുടെ പ്രവാചകന്റെ ശുപാർശയുണ്ടാകും അങ്ങനെ ഞങ്ങൾ രക്ഷപ്പെടുമെന്നാണ്. എന്നാൽ, അല്ലാഹു പറയുന്നു. ആ പ്രതീക്ഷ അസ്ഥാനത്താണ്. "ഞങ്ങൾ ഇബ്റാഹീം (അ)ന്റെ സന്തതികളാണ് അദ്ദേഹം ഞങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യും' എന്ന് കരുതിയിരിക്കുന്നത് വെറും വ്യാമോഹം മാത്രമാണ്. ആ നാളിൽ ഒരു ശുപാർശയും ഫലം ചെയ്യില്ല. ശുപാർശ ചെയ്യുന്നവർ ഇവർക്കായി ശുപാർശ ചെയ്താലും '***ലാ തൻഫഉഹാ***' അതവർക്ക് പ്രയോജനം ചെയ്യില്ല. കാരണം അവർക്കുവേണ്ടി ശുപാർശ ചെയ്യാനുള്ള അനുവാദംതന്നെ ലഭിക്കില്ല. മാത്രമല്ല, അവർക്ക് സഹായികളായി ആരുംതന്നെയുണ്ടാവുകയുമില്ല.

وَإِذِ ابْتَلَىٰ إِبْرَاهِيمَ رَبُّهُ بِكَلِمَاتٍ فَأَتَمَّهُنَّ ۖ قَالَ إِنِّي جَاعِلُكَ لِلنَّاسِ إِمَامًا ۖ قَالَ وَمِن ذُرِّيَّتِي ۖ قَالَ لَا يَنَالُ عَهْدِي الظَّالِمِينَ ﴿١٢٤﴾

**125.** "ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ നാഥൻ ചില കല്പനകൾവഴി പരീക്ഷിച്ച സന്ദർഭം (ഓർക്കുക). അപ്പോൾ അദ്ദേഹം അത് പൂർത്തിയാക്കി. അവൻ പറഞ്ഞു. ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു. അദ്ദേഹം പറഞ്ഞു. എന്റെ സന്തതികളിൽനിന്നും. അവൻ (അല്ലാ

ഹു) പറഞ്ഞു. എന്റെ ഉടമ്പടി അധർമ്മികൾക്ക് ബാധകമാവുകയില്ല.”

---

**പദാർത്ഥം**

وَإِذِ ابْتَلَىٰ പരീക്ഷിച്ച സന്ദർഭം إِبْرَاهِيمَ ഇബ്റാഹീമിനെ رَبُّهُ അദ്ദേഹത്തിന്റെ നാഥൻ بِكَلِمَاتٍ ചില കല്പനകൾവഴി (ചില വചനങ്ങൾവഴി) فَأَتَمَّهُنَّ അദ്ദേഹം അത് പൂർത്തിയാക്കി قَالَ പറഞ്ഞു إِنِّي جَاعِلُكَ ഞാൻ നിന്നെ ആക്കുന്നു لِلنَّاسِ ജനങ്ങൾക്കായി إِمَامًا നേതാവ് قَالَ പറഞ്ഞു وَمِن ذُرِّيَّتِي എന്റെ മക്കളിൽനിന്നും قَالَ പറഞ്ഞു لَا يَنَالُ ബാധകമായിരിക്കില്ല (എത്തുകയില്ല) عَهْدِي എന്റെ ഉടമ്പടി الظَّالِمِينَ അധർമ്മികൾ.

---

**വ്യാഖ്യാനം**

ഇവിടെ ഹദ്റത്ത് ഇബ്റാഹീം(അ)ന് അല്ലാഹു നൽകിയ അനുഗ്രഹങ്ങളെയാണ് എടുത്തുപറയുന്നത്. അദ്ദേഹത്തിന്റെ ജനങ്ങളിൽ നിഗൂഢമായിരുന്ന ദൈവഭക്തിയും സ്വാതികതയും അല്ലാഹു ജനമധ്യത്തിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുകയും അതിന്നായി അദ്ദേഹത്തിന് അവൻ ചില കല്പനകൾ നൽകുകയും ചെയ്തു. അദ്ദേഹം ആ എല്ലാ കല്പനകളും ഭംഗിയായി നിറവേറ്റുകയും അതിൽ വിജയിക്കുകയും ചെയ്തു. ഉദാഹരണത്തിന് അല്ലാഹു ഹദ്റത്ത് ഇബ്റാഹിം(അ)നോട് തന്റെ ഏകജാതനെ അറുക്കാൻ കൽപിച്ചപ്പോൾ യാതൊരു സങ്കോചവും കൂടാതെ അദ്ദേഹം അതിന് തയ്യാറാകുന്നു. അറുക്കാൻ തുടങ്ങുമ്പോഴാണ് അല്ലാഹു അദ്ദേഹത്തെ തടയുകയും അതിന്റെ ഉദ്ദേശ്യം മറ്റൊന്നാണെന്ന് പറയുകയും ചെയ്യുന്നത്. ഇതുപോലെ അദ്ദേഹത്തിന്റെ ഭാര്യ ഹാജറയേയും മകൻ ഇസ്മാഈലിനേയും വിജനമായ ഉണങ്ങിവരണ്ട മക്കാ മണലാരണ്യത്തിൽ ഉപേക്ഷിക്കാൻ കല്പിക്കുന്നു. അതും അദ്ദേഹം ചെയ്യുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ ഏതൊരു കല്പനയേയും അത് ഭൗതികദൃഷ്ടിയിൽ എത്രതന്നെ ഭയാനകമാണെങ്കിൽതന്നെയും അദ്ദേഹം ആത്മാർത്ഥമായി അതെല്ലാം ചെയ്യാൻ തയ്യാറാവുകയാണ്. അല്ലാഹുവിനോടുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ കൂറും ആത്മാർത്ഥയുമാണ് ഇതിലൂടെ പ്രകടമാകുന്നത്. ഇവിടെ ‘കലിമാത്തിൻ’ എന്ന ബഹുവചനമാണ് ഉപയോഗിച്ചത്. ഇതിൽനിന്നും കുറേ കൽപനകൾ അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നുവെന്ന് മനസ്സിലാകുന്നു. താൽമൂദ് എന്ന ഗ്രന്ഥത്തിൽ ഇബ്റാഹീം(അ)ന് പത്ത് കല്പനകൾ നല്കിയിരുന്നു എന്ന് കാണാം. ഈ എല്ലാ കല്പനകളും അദ്ദേഹം സന്തോഷത്തോടെ അനുസരിക്കുകയും അതിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തിന് അതിമഹത്തായ അനുഗ്രഹങ്ങൾ നൽകുകയും ചെയ്തു. ഇതുപോലെ അല്ലാഹുവിന്റെ എല്ലാ കല്പനകളും അനുസരിക്കുന്നവർക്ക് മഹത്തരമാർന്ന പാരിതോഷികങ്ങൾ ലഭിക്കുന്നതാണ്.

‘***ഇന്നീ ജാഇലുക ലിന്നാസി ഇമാമാ***’ ഞാൻ നിന്നെ ജനങ്ങൾക്ക് ഇമാമാക്കുന്നു. ഇവിടെ ഇമാം (നേതാവ്) എന്നത് നുബുവ്വത്ത് ലഭിച്ചതിനുശേഷം നൽകിയ ഒരു വാഗ്ദാനമാണ്. ശിആക്കൾ പറയാറുള്ളത് നുബുവ്വത്തിനേക്കാളും ഉന്നതമായ ഒരു പദവിയാണ് ഇമാമത്ത് എന്നാണ്. ഈ വാദം ഒരിക്കലും ശരിയല്ല. കാരണം എല്ലാ പ്രവാചകന്മാരും ഇമാമുകൾ തന്നെയാണ്. അവരെ അംഗീകരിക്കേണ്ടതും അവരെ പിൻപറ്റേണ്ടതും നിർബന്ധമാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. ‘***വമാ അർസൽനാ മിർറസൂലിൻ ഇല്ലാ ലിയുത്വാഅ ബിഇദ്നില്ലാഹ്***’ (നിസാഅ്:65). അല്ലാഹുവിന്റെ കല്പനപ്രകാരം അനുസരിക്കപ്പെടാനായിട്ടല്ലാതെ ഒരു പ്രവാചകനേയും ഞാൻ അയച്ചിട്ടില്ല.” ഇതിൽനിന്നും എല്ലാ പ്രവാചകന്മാരും അനുസരിക്കപ്പെടേണമെന്നും അവർ ഇമാമുകളാണെന്നും വ്യക്തമാണ്. നുബുവ്വത്തിനേക്കാളും താഴ്ന്ന പദവിയിലുള്ള ഇമാമത്തിനെക്കുറിച്ചും വിശുദ്ധഖുർആൻ പറയുന്നുണ്ട്. ‘***അത്വീഉല്ലാഹ വ അത്വീഹുർറസൂല വഉലിൽ അംറിമിൻകും*** (4:60). അല്ലാഹുവിനെ അനുസരിക്കുക, ദൂതനെയും നിങ്ങളിൽനിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. ഇവിടെ ആദ്യം അല്ലാഹുവിനെ അനുസരിക്കുവാനും തുടർന്ന് റസൂലിനെ അനുസരിക്കുവാനും പറയുന്നു. അതിനുശേഷമാണ് ***ഉലുൽഅംറ്*** പ്രവാചകരല്ലാത്ത അധികാരസ്ഥരെ അനുസരിക്കാൻ പറയുന്നത്. ചുരുക്കത്തിൽ പ്രവാചകനേക്കാളും ഉയർന്ന പദവിയാണ് ഇമാമത്ത് എന്നത് ശരിയല്ല. മറിച്ച്, പ്രവാചകന്മാർ എല്ലാവരും ഇമാമുകളായിരിക്കും. അവരെ അനുസരിക്കേണ്ടത് നിർബന്ധമാണ്.

എന്നാൽ, ഹദ്റത്ത് ഇബ്റാഹിം(അ)നോട് നുബുവ്വത്തിനുശേഷം നിന്നെ ഞാൻ ജനങ്ങൾക്ക് ഇമാമാക്കും എന്ന് പറഞ്ഞത് എന്തിനാണ് എന്ന് നാം ചിന്തിക്കേണ്ടതാണ്. ഇവിടെ ഇമാമത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദേഹത്തെ ഒരു മോഡൽ അഥവാ മാതൃകാപുരുഷനാക്കുന്നു എന്ന അർത്ഥത്തിലാണ്. അദ്ദേഹം എല്ലാ സമൂഹങ്ങളാലും ആദരിക്കപ്പെടുന്നതാണ് എന്ന ഒരു പ്രവചനംകൂടി ഇതിൽ അടങ്ങിയിരിക്കുന്നു. ക്രിസ്ത്യാനികളെ നോക്കുക. അവർ ഹദ്റത്ത് ഇബ്റാഹീം(അ) നൽകുന്ന തരത്തിലുള്ള

ആദരവ് ഒരിക്കലും ഹദ്റത്ത് മൂസ(അ)ക്ക് നൽകുന്നില്ല. പല പ്രവാചകരേയും അവർ ആക്ഷേപിക്കുന്നുണ്ടെങ്കിലും ഇബ്റാഹിം നബിക്ക് വലിയ ആദരം അവർ നൽകുന്നുണ്ട്. ഹജ്ജ്വേളയിൽ ഇബ്റാഹിം (അ) കൂടുതലായി സ്മരിക്കപ്പെടുന്നു. ഇസ്ലാമിൽ ബലിപെരുന്നാൾ ദിവസം ഇബ്റാഹിം(അ)ന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെ സ്മരിക്കുന്നു. ഹദ്റത്ത് മൂസ(അ)നെയോ ഹദ്റത്ത് ഈസാ(അ)നേയോ സ്മരിക്കാൻ പ്രത്യേകമായ ഒരു ദിവസം ഇസ്ലാമിലില്ല. എന്നാൽ, ഇബ്റാഹിം(അ)നെ സ്മരിക്കാൻ ഒരു പ്രത്യേക സുദിനം തന്നെ ഇസ്ലാമിലുണ്ട്. ചുരുക്കത്തിൽ നിന്നെ ജനങ്ങൾക്ക് ഇമാമാക്കും എന്നതിന്റെ അർത്ഥം ജനങ്ങൾക്ക് നിന്നെ ഒരു മാതൃകാപുരുഷനാക്കുകയും നിന്റെ ആദരം ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്യും എന്നുമാണ്.

ഇബ്റാഹിം(അ) തനിക്കു ലഭിച്ച ആത്മീയാനുഗ്രഹങ്ങൾ തന്റെ മക്കളിലും നൽകണമെന്ന് പ്രാർത്ഥിച്ചപ്പോൾ അല്ലാഹു അത് ചില നിബന്ധനയോടുകൂടിയാണ് സ്വീകരിച്ചത്. അക്രമികളായവർക്ക് ഈ അനുഗ്രഹം ഞാൻ നൽകുന്നതല്ലെന്ന് അല്ലാഹു വ്യക്തമാക്കുകയുണ്ടായി. ദൈവികമായ ഈ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാകുന്നത് സാത്വികത നിലനിർത്തുന്നവരായിരിക്കും.

ഈ വാഗ്ദാനം ബൈബിളിലും കാണാം. അവിടെയും ചില നിബന്ധനകളോടുകൂടിയാണ് ഇത് അംഗീകരിച്ചിരിക്കുന്നത്. ബൈബിളിൽ നാം ഇപ്രകാരം വായിക്കുന്നു:

"ദൈവം അബ്രഹാത്തോടു കൽപിച്ചു: നീയും നിന്റെ സന്താനങ്ങളും തലമുറതോറും എന്റെ ഉടമ്പടി പാലിക്കണം. നിങ്ങൾ പാലിക്കേണ്ട ഉടമ്പടി ഇതാണ്. നിങ്ങളിൽ പുരുഷന്മാർ എല്ലാവരും പരിച്ഛേദനം ചെയ്യണം. നിങ്ങൾ അഗ്രചർമ്മം ഛേദിക്കണം. ഞാനും നിങ്ങളുമായുള്ള ഉടമ്പടിയുടെ അടയാളമായിരിക്കും അത്. നിങ്ങളിൽ എട്ടുദിവസം പ്രായമായ ആൺകുട്ടിക്ക് പരിച്ഛേദനം ചെയ്യണം. നിന്റെ വീട്ടിൽ പിറന്നവനോ, നിന്റെ സന്താനങ്ങളിൽപ്പെടാത്ത വിലയ്ക്കുവാങ്ങിയ പരദേശിയോ ആകട്ടെ, തലമുറതോറും എല്ലാ പുരുഷന്മാർക്കും പരിച്ഛേദനം ചെയ്യണം. നിന്റെ വീട്ടിൽ പിറന്നവനും നീ വിലയ്ക്കുവാങ്ങിയവനും പരിച്ഛേദനം ചെയ്യപ്പെടണം. അങ്ങനെ എന്റെ ഉടമ്പടി നിന്റെ മാംസത്തിൽ ശാശ്വതമായ ഒരുടമ്പടിയായി നിലനിൽക്കും. പരിച്ഛേദനം ചെയ്യപ്പെടാത്ത പുരുഷനെ സമൂഹത്തിൽ നിന്നും പുറന്തള്ളുന്നു. അവൻ എന്റെ ഉടമ്പടി ലംഘിച്ചിരിക്കുന്നു." (ഉൽപത്തി, 17:9-14).

ഇവിടെയും നിബന്ധനക്ക് വിധേയമാണ് ഈ ഉടമ്പടി എന്ന് കാണാം. ഇതിന്റെ ബാഹ്യരൂപം പരിച്ഛേദനമാണ്. പരിച്ഛേദനം ചെയ്യാത്തവരുമായ ഉടമ്പടി ഉണ്ടാവില്ലെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഈ ഉടമ്പടിയുടെ ബാഹ്യരൂപം ഇസ്റാഈൽ സന്തതികൾ ഹദ്റത്ത് ഈസാ(അ)വരെ നിലനിർത്തിപ്പോന്നു. തന്മൂലം അവർ ദൈവികാനുഗ്രഹത്തിന് പാത്രമാവുകയും ചെയ്തുകൊണ്ടിരുന്നു. ഈസാ(അ) വന്നപ്പോൾ ബനുഇസ്റായീലിൽനിന്ന് ഒരു വിഭാഗം അദ്ദേഹത്തെ തിരസ്കരിക്കുകയും അതുവഴി ദൈവികാനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെടുകയും ചെയ്തു. പിന്നീട് അനുഗ്രഹത്തിന്റെ അവകാശികളായുള്ളത് മസീഹിൽ വിശ്വസിച്ചവരായിരുന്നു. അവരും ഈ ഉടമ്പടിയെ തിരസ്കരിക്കുകയും ഉടമ്പടിയുടെ ബാഹ്യാടയാളമായ പരിച്ഛേദനകർമ്മം വർജ്ജിക്കുകയും ചെയ്തു. അതുകാരണം അവരിൽനിന്നും ദൈവികാനുഗ്രഹമായ ദിവ്യവെളിപാട് എടുക്കപ്പെടുകയും അത് ഇസ്ലാമിന്റെ സന്തതികളിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ഇനിയൊരിക്കലും ആത്മീയനേതൃത്വം ഇസ്ഹാഖിന്റെ സന്തതികൾക്ക് ലഭിക്കില്ല. ഇസ്മാഈലിന്റെ സന്തതികളിൽ അത് തുടർന്നുകൊണ്ടിരിക്കുന്നതാണ്. സാമൂഹികമായ രീതിയിൽ അവർ പൂർണ്ണമായും അക്രമികളാവില്ല എന്നതാണതിനു കാരണം. അവരിൽ ഒരുവിഭാഗം ദൈവിക വെളിപാടിനെ അംഗീകരിക്കുന്നവരായുണ്ടാകും. അതുകൊണ്ടാണ് തിരുനബിയെ ലോകത്തിന്റെ ഇമാമാക്കിയിരിക്കുന്നത്; ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ദൈവികവെളിപാട് നൽകി അല്ലാഹു അയച്ചിരിക്കുന്നത്.

(*അവലംബം: തഫ്സീർകബീർ, വാല്യം-2, തയ്യാറാക്കിയത് എം. നാസിർ അഹ്മദ്*)

---

*4-ൽ നിന്ന്*

കൾക്ക് നല്കുമോ? മുല്ലായിസത്തെ നിയന്ത്രിക്കാൻ അവർ തയ്യാറാകുമോ? മുശറഫ് തന്റെപിൻഗാമിയായി ജനറൽ അശ്ഫാഖ് കിയാനിയെ സൈന്യത്തിന്റെ മേധാവിയായി വാഴിച്ചിട്ടുണ്ട്. ഈ അവസ്ഥ എത്രകാലം നിലനില്ക്കും? ഒരു കാര്യം വ്യക്തം. പാക്കിസ്ഥാൻ രക്ഷപ്പെടണമെങ്കിൽ മസീഹിന്റെ അനുയായികൾക്കെതിരായ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടണം. അതാണ് ജമാഅത്തിന്റെ നാലാം ഖലീഫ (റഹ്) 1997 നംവബർ 29-ലെ ഖുത്ബയിൽ പറഞ്ഞത്. അദ്ദേഹം പറഞ്ഞു: "അഹ്മദികളെ സംബന്ധിക്കുന്ന നിയമങ്ങൾ റദ്ദാക്കപ്പെടുന്നതുവരെ പാക്കിസ്ഥാന്റെ ദുരവസ്ഥ തീരില്ല. ഇനിയും രൂക്ഷമായ പ്രതിസന്ധികളെ പാക്കിസ്ഥാന് അഭിമുഖീകരിക്കേണ്ടി വരുന്നതാണ്". കാര്യങ്ങളുടെ പോക്ക് നമുക്ക് കാത്തിരുന്ന് കാണാം.

*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, (ഖലീഫത്തുൽ ഖാമിസ്)*

## ഖുത്ബ

# അഹ്മദിയ്യത്തിനെ തകർക്കാൻ ഭൗതികഭരണകൂടങ്ങൾക്കാവില്ല

**ലോ**കത്ത് സർവ്വത്ര കലഹങ്ങളും കുഴപ്പങ്ങളും നടമാടിക്കൊണ്ടിരിക്കുന്നത് നാം ഇന്ന് കാണുന്നു. പൗരസ്ത്യരാജ്യങ്ങളിലും പാശ്ചാത്യരാജ്യങ്ങളിലും വികസിത വികസ്വരരാഷ്ട്രങ്ങളിലുമെല്ലാം ഇതുതന്നെയാണ് അവസ്ഥ. ചില രാജ്യക്കാർ തങ്ങളുടെ രാജ്യത്തിലെ കുഴപ്പങ്ങൾകൊണ്ട് ബുദ്ധിമുട്ടുന്നു. അവർ ഭയത്തിന്റെ ഇരകളായിത്തീർന്നിരിക്കുന്നു. ചിലർ മറ്റു രാഷ്ട്രങ്ങളുടെയും ഭരണകൂടങ്ങളുടെയും ഇടപെടൽ കാരണം ഭയപ്പെട്ടുകഴിയുന്നു. ചിലർ ഭീകരപ്രവർത്തനങ്ങൾ കാരണം പൊറുതിമുട്ടുന്നു. ഭയന്നുജീവിക്കുന്നു. ഈ ഭീകരത രാഷ്ട്രീയകാരണങ്ങളായാലും വേണ്ടില്ല, അല്ലെങ്കിൽ നാമമാത്രമായ മതത്തിന്റെ കാരണങ്ങളായാലും വേണ്ടില്ല. നാമമാത്രം എന്നു പറയുന്നത്, മതത്തിന്റെ പേരിൽ അല്ലെങ്കിൽ മതത്തെ കുറിമാനമാക്കിക്കൊണ്ടുള്ള ഭീകരപ്രവർത്തനങ്ങളാണ്. മതത്തെ കുറിമാനമാക്കുന്നവർ, ഞാൻ പറഞ്ഞതുപോലെ ചിലർ മതത്തിന്റെ പേരിൽ ഭീകരപ്രവർത്തനം ചെയ്യുന്നവരാണ്. പ്രത്യേകിച്ച് ഇസ്‌ലാമിന്നെതിരിൽ തെറ്റായ ധാരണകൾ സൃഷ്ടിച്ച് അതിന്റെ പേരിൽ പെരുമ്പറ മുഴക്കുന്നവരാണ്.

എന്തായാലും മതമൊരിക്കലും ഭീകരപ്രവർത്തനം പഠിപ്പിക്കുന്നില്ല. പ്രത്യേകിച്ച് ഇസ്‌ലാമിന്റെ അധ്യാപനം തികച്ചും ആ പ്രവർത്തനത്തിന് എതിരാണ്. പിന്നെ ഏതെങ്കിലും ഭരണത്തിനു കീഴിൽ വസിച്ചുകൊണ്ട്, അതിലെ വാസികളായിക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുക എന്നത്, ഒരിക്കലും ഇസ്‌ലാം അംഗീകരിക്കുന്നില്ല. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, മനുഷ്യത്വത്തിന്റെയും ദൈവസൃഷ്ടിയുടേയുംമേൽ ചില ജനവിഭാഗങ്ങൾ, ദൈവത്തിന്റെ പേരിൽ അക്രമം അഴിച്ചുവിടുന്നു. ചില രാജ്യങ്ങൾ യുദ്ധഭീതിയാൽ വിഷമിക്കുന്നു. ചില രാഷ്ട്രങ്ങളെ പ്രകൃതിദുരന്തങ്ങൾ വലയം ചെയ്തിരിക്കുന്നു. ഈ രാജ്യങ്ങളിൽ വസിക്കുന്നവർ ബുദ്ധിമുട്ടിന്റേയും ഭയത്തിന്റേയും ഇരകളാണ്. ചുരുക്കിപ്പറഞ്ഞാൽ, ഇന്ന് മനുഷ്യകുലത്തിനോട് സഹതാപം പുലർത്തുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്ന ഹൃദയം, എന്തുകൊണ്ടാണ് ഒരിടത്തും മനസ്സമാധാനവും ശാന്തിയും കാണാത്തതെന്ന് ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു . ഈ വേദനയോടുകൂടി ഇക്കാലത്ത് ഇതിനെപ്പറ്റി ചിന്തിക്കുന്നവർ അഹ്മദികൾ മാത്രമാണ്. ലോകസമാധാനത്തിനും രാജ്യത്തിന്റെ സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുക എന്നു പറഞ്ഞുകൊണ്ട് എനിക്ക് കത്തുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ കത്തുകൾ എഴുതുന്നവർ കുറച്ചാണെങ്കിലും, എനിക്കറിയാം- ഞാൻ വിവിധ മാർഗ്ഗങ്ങളിലൂടെ അതറിഞ്ഞുകൊണ്ടിരിക്കുന്നുണ്ട്- അഹ്മദികളിൽ അധികവും ലോകത്തിന്റെയും അല്ലെങ്കിൽ അവരവരുടെ നാടിന്റെയും അവസ്ഥയിൽ വിഷമിക്കുന്നവരാണ്. ഏതേതെല്ലാം രീതിയിലുള്ള ബുദ്ധിമുട്ടിക്കുന്ന അവസ്ഥകളാണ് രാജ്യങ്ങളിലും ലോകത്തുതന്നെയും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരിൽ ആ മഹാത്മാവ് ഉണ്ടാക്കിത്തീർത്ത വിപ്ലവത്തിന്റെ ഫലമായിട്ടാണ് ഇത്തരം ചിന്താഗതി ഉണ്ടായിട്ടുള്ളത്. ഈ വികാരങ്ങൾ അഹ്മദികളുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നത്, അവരുടെ ഈമാനികാവസ്ഥയെ ഇക്കാലഘട്ടത്തിലെ ഇമാം മാറ്റിയതുകൊണ്ടാണ്. അല്ലാഹുവിനോടുള്ള ഭയവും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സഹാനുഭൂതിയും അവരുടെ ഹൃദയങ്ങളിൽ ആ മഹാത്മാവ് സൃഷ്ടിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിയോഗോദ്ദേശ്യം വിവിധ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ലോകത്തെല്ലായിടത്തും കുഴപ്പവും സ്വാർത്ഥതയും നടമാടിയിരുന്ന കാലത്ത് അല്ലാഹു നിയോഗിച്ച ഇമാമിനെ വിശ്വസിച്ചവർ ഭാഗ്യവാന്മാരാണ്. ആ ഇമാമിനെ വിശ്വസിച്ചകാരണത്താൽ, അല്ലാഹു നമുക്ക് ആ തിന്മകളിൽനിന്നും കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം കാണിച്ചുതന്നു. ഇപ്പോൾ, തൗഹീദിനെ ലോകത്ത് സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അല്ലാഹുവുമായിട്ട് വ്യക്തിഗതമായ ബന്ധം സ്ഥാപിക്കുക. സൃഷ്ടികളോട് എപ്പോഴും സഹാനുഭൂതിയോടുകൂടി പെരുമാറാൻ ശ്രമിച്ചുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ നൂറുവർഷമായി, അതിനേക്കാൾ കൂടുതൽ കാലമായി അഹ്മദിയ്യാ ജമാഅത്ത്, ഈ നിർബന്ധകടമകൾ നിറവേറ്റാൻ വേണ്ടി കഴിവിന്റെ പരമാവധി ശ്രമിച്ചുവരുന്നു. അതിനോടൊപ്പം അവരോടുള്ള അനുകമ്പയാൽ അവർ നേരിട്ടുകൊണ്ടിരിക്കുന്ന ആപത്തുകളുടേയും കുഴപ്പങ്ങളുടേയും കാരണവും നാം അവർക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. ഓരോരുത്തരുടേയും ചുറ്റുവട്ടത്തുള്ളവരോടും, പത്രങ്ങളിൽ കത്തുകളെഴുതിയും അല്ലെങ്കിൽ മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ ഉപയോഗിച്ചുംകൊണ്ട്, മുമ്പത്തേക്കാൾ കൂടുതൽ പരിശ്രമത്തോടെ ഇക്കാര്യങ്ങൾ ഇന്ന് പറഞ്ഞുകൊടുക്കേണ്ടത് ആവശ്യമാണ്. അല്ലാഹുവിനെ തിരിച്ചറിയുന്നില്ലെങ്കിൽ അവന്റെ നിയ

മങ്ങൾ പാലിക്കുന്നില്ലെങ്കിൽ ഈ അസ്വസ്ഥത ഒരിക്കലും അവസാനിക്കുകയില്ല. ഭൂമിയിൽ നിന്നും ആകാശത്തുനിന്നും വെളിപെടുന്ന വിപത്തുകൾ ഒരിക്കലും അകലുകയില്ല. അല്ലാഹു അയച്ച ആളെ പരിഹസിക്കുകയും, അതിരുകടന്ന് അക്രമം പ്രവർത്തിക്കുകയും പിടിവാശിയിൽ തൂങ്ങി നില്ക്കുകയും ചെയ്യുന്നതൊന്നും, ഒരിക്കലും ലോകത്ത്സമാധാനവും ശാന്തിയും നല്കുകയില്ല. ആപത്തുകളെതന്നെ എടുക്കുക. ഇതിന്റെ കാഠിന്യം കൂടിക്കൂടി വരികയാണ്. അതിന്റെ എണ്ണത്തിലും വർദ്ധനയുണ്ടാകുന്നു. ഭൗമികപരവും കാലാവസ്ഥാവ്യതിയാനവും വിവിധ മാറ്റങ്ങളും കാരണത്താലാണ് പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്നതെന്ന് പറയപ്പെടുന്നു. പക്ഷേ, നാം നോക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. നൂറുവർഷം മുമ്പേ ഒരാൾ, തന്നെ അല്ലാഹു ലോകജനതയുടെ പരിഷ്കരണത്തിനായി നിയോഗിച്ചിരിക്കുന്നുവെന്ന് വാദിച്ചു. അദ്ദേഹം പറഞ്ഞു: ''എന്നെ സഹായിക്കാൻ അല്ലാഹു ഭൗമികവും ആകാശീയവുമായ അടയാളങ്ങൾ കാണിക്കും. ജനങ്ങൾ അത് ശ്രദ്ധിക്കുന്നില്ലെങ്കിൽ ഭൂകമ്പങ്ങൾ ഉണ്ടാകും. വിപത്തുകൾ വരും. നാശങ്ങൾ സംഭവിക്കും.'' തുടർന്ന് ഇക്കാര്യങ്ങൾ സത്യമായി പുലർന്നുകൊണ്ടിരിക്കുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഭൂകമ്പങ്ങളും ധാരാളമായും ശക്തമായ നിലയിലും വന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ ഉദാഹരണം നൂറുവർഷം മുമ്പത്തെ ചരിത്രത്തിൽ കാണാൻ കഴിയില്ല.

കഴിഞ്ഞദിനങ്ങളിൽ ബംഗ്ലാദേശിൽ ശക്തമായ ചുഴലിക്കാറ്റുണ്ടായി. 47 വർഷത്തിനുശേഷമാണ് ഇത്തരമൊരു വെള്ളപ്പൊക്കമുണ്ടായതെന്ന് പറയുന്നു. ഇതിൽ ഒരു കണക്കനുസരിച്ച് 15,000 പേർ മരണമടഞ്ഞതായി പ്രതീക്ഷിക്കുന്നു. പ്രതീക്ഷ എന്നുപറയാൻ കാരണം വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ ചെന്നെത്താനോ നാശനഷ്ടങ്ങളുടെ കണക്കെടുക്കാനോ കഴിഞ്ഞിട്ടില്ല. ആറുലക്ഷം പേർ ഭവനരഹിതരായി. ആ പ്രദേശങ്ങളിൽ അഹ്മദികളും ധാരാളമായുണ്ട്. അവർക്ക് സാമ്പത്തികനഷ്ടമുണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ സാമ്പത്തികനഷ്ടവും സ്വാഭാവികമാണ്. പക്ഷേ, ഇവിടെ കിട്ടിയ റിപ്പോർട്ടനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആളപായമൊന്നും ഉണ്ടായിട്ടില്ല. അല്ലാഹു അവരെ സുരക്ഷിതരാക്കിവെക്കുമാറാകട്ടെ.

ഹ്യൂമാനിറ്റിഫസ്റ്റിന്റെ പ്രവർത്തകർ യു.കെയിൽനിന്നും കാനഡയിൽനിന്നും സഹായസാധനങ്ങളുമായി അവിടേക്ക് പോയിക്കൊണ്ടിരിക്കുന്നു. ജമാഅത്ത് സഹാനുഭൂതിയോടുകൂടി അവിടെ പ്രവർത്തിക്കാൻ പോകുകയാണ്. കെടുതികൾക്കിരയായവർ സഹായത്തിനുവേണ്ടി വിളിക്കുന്ന ഓരോ സ്ഥലത്തും അവർ പോകുന്നതാണ്. കഴിഞ്ഞ ഒന്നുരണ്ടു വർഷമായി ബംഗ്ലാദേശിൽ മുല്ലാക്കമാർ അഹ്മദികളെ ഒരുപാട് ബുദ്ധിമുട്ടിച്ചിരിക്കുകയാണ്. ഘോഷയാത്രകളും യോഗങ്ങളും അടിച്ചുതകർക്കലും പള്ളികൾക്ക് നഷ്ടമുണ്ടാക്കലുമൊക്കെ തുടരുന്നു. നിരക്ഷരരും നിഷ്കളങ്കരുമായ സാധാരണക്കാരെ ഇസ്ലാമിന്റെ പേരുപറഞ്ഞ് വികാരം ഇളക്കിവിട്ട് അക്രമം ചെയ്യിക്കുക എന്നത് മുല്ലാക്കമാരുടെ ശീലമായിത്തീർന്നിരിക്കുകയാണ്. അവർ അത് ചെയ്യിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും വിഷമിക്കുന്ന ഓരോരുത്തരേയും ജമാഅത്ത് സഹായിക്കുന്നു. കാരണം ഇത് അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യക്തമായ വ്യത്യാസമാണ്. തന്റെ ജോലികളിൽ ഒരു പ്രധാനപ്പെട്ട ജോലി, മനുഷ്യകുലത്തിനോട് സഹാനുഭൂതിയോടെ പ്രവർത്തിക്കുക എന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നതുകൊണ്ടാണിത്. ബംഗ്ലാദേശിന് മാത്രമല്ല, പാക്കിസ്ഥാനിൽ നോക്കുക. അവിടെ അഹ്മദികൾക്കെതിരിൽ അക്രമപരമായ ഒരു നിയമം ഉണ്ടാക്കി അഹ്മദികളുടെ മതസ്വാതന്ത്ര്യം അടിച്ചമർത്തിയിരിക്കുകയാണ്. ഏകനായ അല്ലാഹുവിനെ യഥാർത്ഥമായ നിലയിൽ അറിയുന്നവരും, എല്ലാത്തരം ശിർക്കുകളിൽനിന്നും പരിശുദ്ധരായവരും, നിഷ്കളങ്കരുമായ അഹ്മദികൾക്കെതിരെ അല്ലാഹു അക്ബർ പറഞ്ഞതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. റസൂലെ അറബി(സ)നോടുള്ള സ്നേഹത്തിൽ മുങ്ങിയ ആളുകളെ ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് മുഹമ്മദ് മുസ്തഫാ(സ)യുടെമേൽ സ്വലാത്ത് ചൊല്ലുന്നതിൽ നിന്ന് തടഞ്ഞു. ഈ കുറ്റകൃത്യത്തിനുള്ള ശിക്ഷ നിരവധി വർഷം തടവാണ്. അഹ്മദികളുടെ ഹൃദയത്തിൽ നിന്ന് അല്ലാഹുവിനോടുള്ള സ്നേഹത്തെ തട്ടിപ്പറിച്ചെടുക്കാൻ ഈ നിയമത്തിന് കഴിയുകയില്ല എന്നത് വേറൊരു കാര്യം. അതുപോലെതന്നെ റസൂലി(സ)നോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിന് ഹൃദയത്തിനുമേൽ നിയന്ത്രണം നടത്താനും ആർക്കും സാധ്യമല്ല. ഞാൻ പറയാനാഗ്രഹിക്കുന്നത് ജമാഅത്തിന്റെ സേവനത്തെക്കുറിച്ചാണ്. രണ്ടുവർഷം മുമ്പേ ലക്ഷക്കണക്കിന് ആളുകൾ മരണപ്പെട്ട പാക്കിസ്ഥാനിലുണ്ടായ ശക്തമായ ഭൂകമ്പാവസരത്തിലും– അതിൽ ജനവാസമുള്ള പല സ്ഥലങ്ങളും ജനശൂന്യമാകുകയും ജനനിബിഢമായ സ്ഥലങ്ങൾ അടിമേൽ മറിക്കപ്പെടുകയും ചെയ്തിരുന്നു-ഭരണകൂടം അവരുടെ നിയമമനുസരിച്ച് അഹ്മദികളുടെമേൽ എല്ലാവിധ അക്രമങ്ങളും ചെയ്തുകൊണ്ടിരിക്കെ, ജമാഅത്ത് ഹൃദയം തുറന്ന് വിപത്തുകൾ ബാധിച്ചവരെ സഹായിച്ചു. കേമ്പുകൾ സംഘടിപ്പിച്ചു. മാസങ്ങളോളം ഭക്ഷണം വിതരണം ചെയ്തു. ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തി. നമ്മുടെ കേമ്പിലെ മരുന്നുകളും മറ്റു വസ്തുക്കളും സൂക്ഷിച്ചിരുന്ന സ്റ്റോറുകൾ ഒരിക്കൽ എതിരാളികൾ തീവയ്ക്കുകയും ചെയ്തിരുന്നു. പക്ഷേ, സഹാനുഭൂതിയോടുകൂടി നാം അവിടെ പ്രവർത്തിച്ചു. നമ്മുടെ

പ്രവർത്തനങ്ങളിൽ ഒരു വ്യത്യാസവും ഉണ്ടായില്ല. ഭൂകമ്പത്തിനുശേഷം സന്ധി സംബന്ധമായ രോഗികളുടെ എണ്ണവും കൂടുന്നു. ജനങ്ങൾ ചകിതരായിത്തീരുന്നു. കശ്മീരിലെ ഒരു പ്രദേശത്ത് സന്ധിസംബന്ധമായ ചികിത്സയ്ക്കായി ഹ്യൂമാനിറ്റി ഫസ്റ്റ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഒരു വാർഡ് നിർമ്മിച്ചുനല്കി. എല്ലാവിധ അക്രമങ്ങളും നമുക്കെതിരെ ചെയ്തിട്ടും നമ്മൾ നമ്മുടെ പ്രവൃത്തികൾ മുറപോലെ ചെയ്തുപോന്നു. ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) 'നിങ്ങൾ മനുഷ്യകുലത്തോട് സഹാനുഭൂതിയോടുകൂടി പെരുമാറണം' എന്ന് ഉപദേശിക്കുകയും അതിന്റെ വികാരം നമ്മളിൽ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. എതിരാളികൾ കാര്യം വേഗം മനസ്സിലാക്കാൻ അല്ലാഹുതആല തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി മുന്നറിയിപ്പ് നല്കിക്കൊണ്ടിരിക്കുന്നു.

നോക്കുക, ഒരു ഭൂകമ്പം ഉണ്ടായി. രാജ്യത്തിന്റെ മുമ്പത്തെ അവസ്ഥ എന്തായിരുന്നു. ഇപ്പോൾ അധഃപതനത്തിൽനിന്ന് അധഃപതനത്തിലേക്ക് വീണുകൊണ്ടിരിക്കുന്നു. രാഷ്ട്രീയപരമായും സാമ്പത്തികപരമായും. പാക്കിസ്ഥാനിൽ എല്ലായിടത്തും അസ്വസ്ഥതയും കുഴപ്പങ്ങളും കൊലയും കൊള്ളിവയ്പും സാധാരണയായിരിക്കുന്നു. ഭരണകൂടം ഒന്നു പറയുന്നു. അതിന്നെതിരിൽ ഭരണോദ്യോഗസ്ഥന്മാർ എഴുന്നേറ്റുനില്ക്കുന്നു. ഭരണകൂടം ഒന്നു പറയുന്നു, കോടതി അതിന്നെതിരിൽ വേറൊന്ന് പറയുന്നു. രാഷ്ട്രീയനേതാക്കൾ രാജ്യത്തോട് സഹാനുഭൂതി കാണിക്കുന്നതിനു പകരം സ്വന്തം അഭിമാനത്തിന്റേയും തൻപ്രമണിത്തത്തിന്റേയും പിന്നാലെ കൂടിയിരിക്കുകയാണ്. പാക്കിസ്ഥാനിലെ ഓരോ പട്ടണവാസിക്കുമറിയാം ഇതെല്ലാം അവിടെ ശക്തിമായ നിലയിൽ നടക്കുന്നുണ്ടെന്ന്. നിയമം ലംഘിക്കുന്നവരും നിയമം നടപ്പിലാക്കുന്നവരും നീതി വിധിക്കേണ്ടവരുമെല്ലാം, സ്വന്തം അഭിമാനം കാത്തുസൂക്ഷിക്കാനും രാജ്യത്തെ സ്വന്തം വരുതിയ്ക്കുള്ളിൽ നിർത്താനുമുള്ള ശ്രമത്തിലാണ്.

ആദ്യം ഇസ്‌ലാമാബാദിൽ, ഭരണത്തിനുള്ളിൽ വേറൊരു ഭരണമായിരുന്നു. ഇപ്പോൾ സവാദിൽ കലഹം വ്യാപിച്ചിരിക്കുന്നു. ഭരണകർത്താക്കളുടെ കൈയിൽ വളർന്നവർതന്നെ, ഭരണകൂടത്തിനെതിരെ എഴുന്നേറ്റുനില്ക്കുന്നു. സവാദിൽ എന്താണ് നടക്കുന്നതെന്ന് നോക്കുക. ഒരു പത്രത്തിലെ കോളമിസ്റ്റ് തുറന്നെഴുതിയിരിക്കുന്നു. സവാദിൽ തന്റെ സ്വന്തം ഭരണം സ്ഥാപിച്ച ഈ വ്യക്തിതന്നെയാണ്, ഭരണകൂടത്തിന്റെ കൺമുമ്പിൽ എല്ലാം ചെയ്തുകൊണ്ടിരുന്നത്. എന്നല്ല, ഭരണകൂടത്തിന്റെ സഹായവും അയാൾക്കുണ്ടായിരുന്നു. അത് ശക്തിപ്രാപിക്കുകയും, രാജ്യത്തിന്നെതിരെ കലഹമുണ്ടാകുകയും ചെയ്തുതുടങ്ങിയപ്പോൾ ഭരണകൂടം അതിനെ അടിച്ചമർത്താനും രാജ്യത്ത് സമാധാനവും ശാന്തിയും സ്ഥാപിക്കാനും പട്ടാളത്തെ ഉപയോഗിക്കുന്നു. പുറത്തുനിന്നുള്ള ശത്രുക്കളിൽനിന്നല്ല ഭീഷണി, ഉള്ളിലെ ശത്രുവാണ് ഭയങ്കരൻ. അത് നാടിനെ നശപ്പിക്കാനുള്ള ശ്രമത്തിലാണ്. പട്ടാളത്തിന്റെ ജോലി നിയന്ത്രിക്കുക എന്നത് മാത്രമായിരിക്കുന്നു. 1974-ൽ അഹ്മദികളെ അമുസ്‌ലിം എന്ന് പ്രഖ്യാപിച്ചവരും, റബ്‌വ ആർക്കും പ്രവേശിക്കാനുള്ള ഒരു തുറന്നസ്ഥലമാണെന്ന് പ്രഖ്യാപിച്ചവരും പറഞ്ഞിരുന്നത്, റബ്‌വയിൽ അഹ്മദികൾ അവരുടെ ഭരണം സ്ഥാപിക്കുന്നുവെന്നായിരുന്നു. അഹ്മദികളാണോ ഭരണം സ്ഥാപിച്ചിരുന്നത് അതല്ല ഭരണകൂടത്തിനുള്ളിൽ ഭരണം സ്ഥാപിച്ചിട്ടുള്ളത് വേറെയാരെങ്കിലുമാണോ എന്ന് ഇപ്പോൾ ഇവർ പറയട്ടെ. ചില സ്ഥലങ്ങളിൽ ഭരണം തികച്ചും നിഷ്ക്രിയമാണ്. അഹ്മദികൾ, നിയമം പാലിക്കുന്നവരാണ്. എപ്പോഴും നിയമം പാലിച്ചുവന്നവരാണ്. എപ്പോഴും അങ്ങനെതന്നെ നിലകൊള്ളുകയും ചെയ്യും. അവർ നിയമത്തെ ആദരിച്ചുകൊണ്ട് തങ്ങളുടെ സ്വന്തം മണ്ണ്- റബ്‌വയിലെ നദിയുടെ ഭാഗത്ത് ദാറുന്നസ്റിനോടു ചേർന്നുകിടക്കുന്ന സ്ഥലം, അത് പിടിച്ചെടുക്കാൻ വന്നവരോട് വഴക്കുണ്ടാക്കുന്നതിനു പകരം നിയമത്തെ ആശ്രയിച്ചവരാണ്. പക്ഷേ, നിയമം, ശക്തരായവരെ ഭയപ്പെടുക, ശക്തരായവർ അവർക്ക് തോന്നിയതുപോലെ ചെയ്യുക എന്നതാണ്. കോടതിവിധി വരുന്നതുവരെ ഒരു കക്ഷിയും പ്രസ്തുത സ്ഥലത്ത് ഒരു നിർമ്മാണപ്രവർത്തനവും നടത്തരുതെന്നും നിയന്ത്രണം ഏർപ്പെടുത്തരുതെന്നുമായിരുന്നു ഹൈക്കോടതി വിധി. എന്നാൽ, അതിനുശേഷം 30, 32 വർഷം പിന്നിട്ട ഈ അവസരത്തിലും കോടതിക്ക് വിധി പറയാനുള്ള ധൈര്യമുണ്ടായിട്ടില്ല. അഹ്മദികൾ നിയമം പാലിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ഇസ്‌ലാമിന്റെ പേരിൽ അന്യായമായി സ്ഥലം അധീനപ്പെടുത്തിയിട്ടുള്ള എതിർകക്ഷികൾ നിർമ്മാണത്തിനുമേൽ നിർമ്മാണം അവിടെ നടത്തിക്കൊണ്ടേയിരിക്കുന്നു. ഇത് ഹൈക്കോടതിയെ അവഹേളിക്കലാണെന്ന് അവരോടു പറയുമ്പോൾ, ഇത് കോടതി അലക്ഷ്യമാണെന്ന് പറയുമ്പോൾ കോടതിയുടെ മറുപടി ഞങ്ങളല്ലേ അവഹേളിക്കപ്പെടുന്നത് അതുകൊണ്ട് നിങ്ങൾക്കെന്തു ചേതം എന്നാണ്. ഇവരുടെ കല്പനകളും വിധികളുമെല്ലാം ഇരട്ടത്താപ്പാണ്. എന്നിട്ട് പറയുന്നതോ, കോടതി നീതിയെ ഇഷ്ടപ്പെടുന്നവരാണെന്നും.

പാക്കിസ്ഥാനിൽ അടിയന്തിരാവസ്ഥ നടപ്പിൽവന്ന ഉടനെതന്നെ നിയമങ്ങളും ദുർബലമാക്കി. അധികാരമുണ്ടോ, നിയമപരമായ എന്തെങ്കിലും സാധൂകരണമുണ്ടോ എന്നത് വേറൊരു കാര്യമാണ്. പക്ഷേ, എപ്പോഴും തോന്നുന്നതുപോലെ നയിക്കുക എന്ന നയമാണുള്ളത്. അവർ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. വിധികളെല്ലാം ദുർബലമാക്കി. പക്ഷേ, കുറച്ചു ബോധം അവരിൽ അവശേഷിച്ചിരുന്നു, അതുകൊണ്ട് അഹ്മദികൾ അമുസ്‌ലിംകളാണെന്നുള്ള വകുപ്പുകൾ

നിലനിറുത്തി. അതിനെ തൊട്ടില്ല. ആ വിധി നിലനി ല്ക്കുകതന്നെ വേണമെന്നനിലയിൽ പ്രത്യേകമായും അതെടുത്തുപറഞ്ഞു.

ഈ ഭരണകർത്താക്കളാകട്ടെ, രാഷ്ട്രീയനേതാക്കളാകട്ടെ, അല്ലെങ്കിൽ ആരുമാകട്ടെ, അല്ലാഹുവിനേക്കാൾ അവർക്ക് കൂടുതൽ ഭയം മതത്തിന്റെ പേരിൽ കുഴപ്പമുണ്ടാക്കുന്നവരെയാണ്. ഓരോ ഭരണകൂടങ്ങളും അവരെ സുഖിപ്പിക്കാൻ ശ്രമിക്കുന്നു. കഴിഞ്ഞ ഖുത്വ്ബയിലും ഞാൻ പറഞ്ഞതുപോലെ ദുആ ചെയ്യുക. ദുആയോടൊപ്പം പാക്കിസ്ഥാൻവാസികളായ അഹ്മദികളാരും ഒരുരീതിയിലും ഒരു അക്രമത്തിലും കുഴപ്പങ്ങളിലും ഭാഗഭാക്കാകാതിരിക്കണം. നമ്മളിൽ അതിക്രമം ഉണ്ടാകുന്നുവെന്നത് ശരിതന്നെ. ഉണ്ടായിക്കൊണ്ടിരിക്കുന്നു. തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. നമ്മൾ നിയമങ്ങൾ പാലിക്കേണ്ടതാണ്. നിലവിലുള്ള ഭരണകൂടത്തിനെതിരെ ഒരുതരത്തിലുള്ള, കലഹങ്ങളിലും പങ്കെടുക്കരുത്. നമ്മുടെ കാര്യങ്ങൾ അല്ലാഹുവിനോടൊപ്പമാണ്. അവരവരുടെ ചുറ്റുപാടുകളിലുള്ളവരോട് 'അല്ലാഹുവിന്റെ നിയമങ്ങളിൽ കൈകടത്തലുകൾ നടത്തുന്നതുകൊണ്ടാണോ ഇതെല്ലാം ഉണ്ടാകുന്നതെന്ന് ചിന്തിക്കാനും ആലോചിക്കാനും തീർച്ചയായും പറയണം. ചെറിയ ചെറിയ പ്രകമ്പനങ്ങൾ വന്നുകൊണ്ടിരിക്കുന്നത് അല്ലാഹുവിന്റെ വെറുപ്പ് കാരണത്താലാണോ? ഇവരുടെ സ്വന്തം എഴുത്തുകാരും ഇപ്പോൾ എഴുതാൻ തുടങ്ങിയിരിക്കുന്നു. പറയുന്നവർ പറയാനും തുടങ്ങിയിരിക്കുന്നു. പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഖുത്ബയിൽ ഒരു വിവരണം ഞാൻ വായിച്ചുകേൾപ്പിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നത് അല്ലാഹുവിനെ വെറുപ്പിച്ചിരിക്കുന്ന കാരണത്താലാണ്. പക്ഷേ, അല്ലാഹു എന്തുകൊണ്ടാണ് വെറുക്കുന്നതെന്ന് ഇവർക്ക് മനസ്സിലാകുന്നില്ല. എന്തുകൊണ്ട് വെറുത്തുകൊണ്ടിരിക്കന്നുവെന്ന് ചിന്തിക്കുക. തന്നെ പിന്തുണച്ചുകൊണ്ട് അല്ലാഹു അടയാളം കാണിക്കുമെന്ന് ഒരു വാദിക്കുന്നയാൾ പ്രഖ്യാപിച്ചിരുന്നു. ആ അടയാളങ്ങൾ നോക്കുക, അതിൽ ചിന്തിക്കുക. അല്ലാഹു അയച്ച ആളെ നിഷേധിക്കുന്നതിൽനിന്ന് പിന്തിരിയുക. അല്ലാഹു അക്രമിയെ വിടുകയില്ല. ലോകത്തിന്റെ മാതൃക നമ്മുടെ മുമ്പിലുണ്ട്. പാക്കിസ്ഥാനിൽ അക്രമപരമായ നിയമം പാസ്സാക്കുക മാത്രമല്ല ചെയ്തത്. പ്രത്യുത, അഹ്മദിയാണെന്ന ഒറ്റക്കാരണത്താൽ നിരവധിയാളുകൾ ശഹീദാക്കപ്പെട്ടു. അവർ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചവരാണ്. അക്രമിയ്ക്ക് ആ നിയമം ധൈര്യം പകരുന്നതുകൊണ്ടാണ് അവർ അക്രമത്തിൽ തിമിർത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ, അത്തരം അക്രമികൾക്ക് ഒന്നുരണ്ടിടങ്ങളിൽ സർക്കാർ ശിക്ഷ നല്കിയിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷേ, അക്രമപരമായ നിയമം നിലനില്ക്കുവോളം ഏത് ഭരണകൂടം വന്നാലും അവർ അക്രമത്തിൽ പങ്കാളികളായിരിക്കും.

എന്തായാലും നമുക്ക് ഈ ഭൗതികരോട് ഒന്നും പറയാനില്ല. പക്ഷേ, സഹാനുഭൂതിയുടെ വികാരവും ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണെന്നുള്ള നമ്മുടെ വിശ്വാസവുംകൊണ്ട് നിങ്ങൾ ശാന്തി സ്ഥാപിക്കാനും, അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് പുറത്തുവരാനും ആഗ്രഹിക്കുന്നുവെങ്കിൽ നീതിയുടെ തേട്ടം പൂർത്തിയാക്കാൻ സർക്കാരിനോടും പൊതുജനങ്ങളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്വന്തം അയൽ രാജ്യമായ അഫ്ഗാനിസ്ഥാനിൽനിന്ന് പാഠം പഠിക്കുക. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ രണ്ടുപേരെ ശഹീദാക്കിയിരുന്നു. അത് വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ''അല്ലാഹു എന്നെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ആ നാശവും കഠിനമായ ആഘാതവും കൊണ്ട് നീ ദുഃഖിതനും ഉദാസീനനും ആകരുത്. കാരണം നിങ്ങളിൽനിന്ന് രണ്ടുപേർ വധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അല്ലാഹു നിങ്ങളോടൊപ്പമാണ്. അവൻ രണ്ടുപേർക്ക് പകരം ഒരു ജനവിഭാഗത്തെ നിങ്ങളുടെയടുക്കൽ കൊണ്ടുവരും. അവൻ തന്റെ ദാസന്മാർക്ക് മതിയായവനാണ്. അല്ലാഹു എല്ലാ ഓരോ വസ്തുവിന്റേയുംമേൽ കഴിവുള്ളവനാണെന്ന് നിനക്കറിയില്ലേ?"

അതുകൊണ്ട് അഹ്മദിയായ കാരണത്താൽ ഇന്ന് ശഹീദാക്കപ്പെടുന്നത്, നമ്മുടെ ഈമാനിന് ക്ഷതം ഏല്പിക്കുകയില്ല. അവർ തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനത്തിൽനിന്ന് വിഹിതം പ്രാപിക്കുന്നവരാണ്. ഈ രണ്ടുപേരെ ശഹീദാക്കി അഹ്മദിയ്യത്തിന്റെ ചെടിയെ അക്കാലത്തെ രാജാവ് പിഴുതെടുത്തെറിഞ്ഞോ? ഇക്കാരണത്താൽ ലോകത്തുനിന്ന് അഹ്മദിയ്യത്ത് അവസാനിച്ചുപോയോ? ഇന്ന് എണ്ണത്തിൽ കുറവാണെങ്കിലും, പക്ഷേ, അഹ്മദികൾ അഫ്ഗാനിസ്ഥാനിലുമുണ്ട്. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ജനതകളെ ജമാഅത്തിൽ കൊണ്ടുവന്നിരിക്കുന്നു. ഓരോ ജനവിഭാഗത്തിലുംപെട്ട സൽപ്രകൃതക്കാർ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ആ മഹാത്മാവ് അഫ്ഗാനിസ്ഥാനെക്കുറിച്ച് മുന്നറിയിപ്പ് നല്കിക്കൊണ്ട് പറഞ്ഞത് ഇന്നും അവിടെ പുലർന്നുകൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. ഇന്നുവരെ അഫ്ഗാനിസ്ഥാനിൽ അശാന്തിയുടെ അവസ്ഥയാണ്. അല്ലാഹുവിന്റെ മസീഹിന്റെ വാക്കുകൾ ഇങ്ങനെയാണ്.

''ആ അജ്ഞനായ അമീർ എന്താണ്, ഈ ചെയ്തത്? നിഷ്കളങ്കനായ മനുഷ്യനെ അതിദാരുണമായ നിലയിൽ വധിച്ചുകൊണ്ട് തന്നെത്താൻ നശിപ്പിച്ചിരിക്കുന്നു.'' പറയുന്നു: "അല്ലയോ കാബൂളിന്റെ മണ്ണേ! നീ സാക്ഷിയായിരിക്ക. നിന്നിൽ കഠിനമായ ദ്രോഹപ്രവൃത്തിയാണ് ചെയ്യപ്പെട്ടിരിക്കുന്നത്.

അല്ലയോ നിർഭാഗ്യമണ്ണേ! നീ അല്ലാഹുവിന്റെ ദൃഷ്ടിയിൽനിന്ന് വീണുപോയി. നീ ആ കഠിനമായ അക്രമത്തിന്റെ സ്ഥലമാണ്."

ബുദ്ധിയുള്ളവരും കാണുന്നവരുമായ ആളുകൾക്ക് ഈ വാക്കുകൾ പറയുന്ന വ്യക്തി തീർച്ചയായും അല്ലാഹുവിന്റെ മുർസലാണെന്നതിന് മതിയായ തെളിവായിരിക്കേണ്ടതാണ്. അല്ലാഹു പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് ഒരു കാര്യം പറയുന്നു. ഇന്ന് നൂറുവർഷത്തിനുശേഷവും ആ വാക്കുകളുടെ സ്വാധീനശക്തി കാണുന്നു. മൗലവിമാരെ പേടിച്ച ആ രാജാവിനെ രക്ഷിക്കാൻ ഏതെങ്കിലും മൗലവിക്ക് കഴിഞ്ഞോ? അല്ലെങ്കിൽ ഏതെങ്കിലും കുടുംബത്തിന് രക്ഷിക്കാൻ കഴിഞ്ഞോ? ഇന്നുവരെയുള്ള അവിടുത്തെ അശാന്തിയുടെ അവസ്ഥ, ഈ വാക്കുകൾ, ഈ മുന്നറിയിപ്പ് അല്ലാഹുവിന്റെ പ്രത്യേക ദാസന്റേതാണെന്നതിന് തെളിവല്ലേ? ഞാൻ എന്റെ നാട്ടുകാരോട് പറയാനാഗ്രഹിക്കുന്നു, സർക്കാരിനോടും എഴുത്തുംവായനയും അറിയുന്ന പൊതുജനങ്ങളോടും പറയാൻ ആഗ്രഹിക്കുന്നു, മനുഷ്യരെ ദൈവമാക്കാതിരിക്കുക. അല്ലാഹുവിലുള്ള ഭയം ഹൃദയത്തിലുണ്ടാക്കുക. പാക്കിസ്ഥാന്റെ മണ്ണ് നല്കപ്പെട്ടിരിക്കുന്നത് മുസ്‌ലിംകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ്. മുസ്‌ലിംകളുടെമേൽ നടമാടിയിരുന്ന അക്രമത്തിൽ നിന്ന് അവരെ പുറത്തുകൊണ്ടുവരിക എന്നുദ്ദേശ്യത്തോടെയാണ് ഈ നാട് ഉണ്ടാക്കിയത്. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം നടപ്പിൽ വരുത്താനും സകലർക്കും അവരവരുടേതായ മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കാനുള്ള അവകാശം നല്കാനും വേണ്ടിയാണ് ഈ നാട് രൂപീകരിച്ചത്. നീതിയോടുകൂടി പാക്കിസ്ഥാനിൽ ഓരോരുത്തരുടേയും അവകാശം നിറവേറ്റപെടണം. യാതൊരു വ്യത്യാസവും കൂടാതെ- ഏതു മതത്തിൽപെട്ടവന്റേയും അവകാശം സംരക്ഷിക്കപ്പെടണം. പക്ഷേ ഭരണകൂടങ്ങൾ മറ്റുള്ളവരുടെ മതത്തിൽ കൈകടത്തുകയും നീതിയില്ലാതാകുകയും ഒരുവിഭാഗത്തിന്റെ അവകാശം നിഷേധിക്കുകയും പറഞ്ഞതുപോലെ കേട്ടാൽമതി അപമാനിക്കുന്നുവെങ്കിൽ നിങ്ങൾ കേസ് കൊടുത്തോ എന്നൊക്കെ പറയുകയുമാണെങ്കിൽ അത് നീതിയല്ല അക്രമമാണ്. ഭൗതികമായ നീതിപോലും നല്കാതിരിക്കുകയും അല്ലാഹുവിന്റെ ആളുകളെ മതത്തിന്റെ പേരിൽ അക്രമത്തിന്റെ ചക്കിലിട്ട് ആട്ടുകയും ചെയ്യുകയാണെങ്കിൽ അത്തരം ആളുകളും ഭരണകൂടവും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുകയില്ല. അതുകൊണ്ട്, നാട്ടിൽ വസിക്കുന്നവരും അല്ലാഹുവിനെ ഭയപ്പെടുക. അഹ്‌മദികളായ നമ്മൾ ഏറ്റവും കൂടുതൽ നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നവരാണ്. പാക്കിസ്ഥാനുവേണ്ടി നാം നമ്മുടെ ജീവൻ ബലിയർപ്പിച്ചു. വിഭജനത്തിന്റെ സമയത്തും, പാക്കിസ്ഥാൻ നിലവിൽ വന്നപ്പോഴുമെല്ലാം നാം ജീവൻ കാണിക്കയായി സമർപ്പിച്ചിരുന്നു. അതിൽ വലിയ പ്രവർത്തനമാണ് നാം കാഴ്ചവച്ചത്. പാക്കിസ്ഥാന്റെ സ്വാതന്ത്ര്യത്തിൽ അഹ്‌മദികളുടെ ഏറ്റവും കൂടുതൽ പ്രവർത്തനമുണ്ട്; വിവിധ യുദ്ധങ്ങളിലും. ഇന്നും നാം നാട്ടുകാർക്കുവേണ്ടിയും നാടിന്റെ പുരോഗതിക്കുവേണ്ടിയും നമ്മുടെ കഴിവുകൾ ഉപയോഗിക്കുന്നു. ഭൂകമ്പബാധിതരായ ആളുകളെ സഹായിച്ചതിനെ സംബന്ധിച്ച് പറഞ്ഞുകഴിഞ്ഞു. ഇന്ന് ഞാൻ മനസ്സിലാക്കുന്നത്, ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ വസിക്കുന്ന പാക്കിസ്ഥാനി അഹ്‌മദികൾതന്നെയാണ് ഏറ്റവും കൂടുതൽ പാക്കിസ്ഥാന്റെ നിലനില്പിനും സമാധാനത്തിനും വേണ്ടി പരിശ്രമിക്കുന്നത്. അവർ ദുആയും ചെയ്യുന്നു. നമ്മുടെ ജോലിയും ഇതുതന്നെയാണ്. ഈ പരിശ്രമത്തിൽ അവരവരുടെ ചുറ്റുപാടിലുള്ള നാട്ടുകാരോട് അല്ലാഹുവിനെ ഭയപ്പെടാനും രാജ്യത്തെ നശിപ്പിക്കാതിരിക്കാനും പറയുക.

പാക്കിസ്ഥാനിൽ ഒരു വലിയ അംഗസംഖ്യ അഹ്‌മദികളുടേതാണ്. ദുആ കൊണ്ടുമാത്രമാണ്, പ്രത്യേകിച്ച് അഹ്‌മദികളുടെ ദുആ കൊണ്ടുമാത്രമാണ് പാക്കിസ്ഥാൻ രക്ഷപ്പെട്ടുനില്ക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. നാടിനെ സ്നേഹിക്കുന്നു എന്നു പറയുന്ന നാമധാരികളായവരുടെ പ്രവൃത്തി അങ്ങനെയല്ല. അവർക്ക് പാക്കിസ്ഥാനെ രക്ഷിക്കാനും കഴിയില്ല. അവരുടെ ഓരോ പരിശ്രമവും പാക്കിസ്ഥാനെ നശിപ്പിക്കാനുള്ളതാണ്. ഓരോരുത്തരും ചെയ്യുന്നത് അതാണ്.

ഇന്തോനേഷ്യയിലും ഈയിടെ ജമാഅത്തിന് ചില അവസ്ഥകളുണ്ട്. അതും ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഈയിടെ വീണ്ടും അവിടെ നാശം വന്നുതുടങ്ങിയിട്ടുണ്ട്. ദൂരദൂരെയുള്ള ചില ചെറിയ പ്രദേശങ്ങളിൽ, അഹ്‌മദികളുടെ എണ്ണം വളരെ കുറവാണ്. അവിടങ്ങളിൽ അഹ്‌മദികളെ അക്രമത്തിന്നിരയാക്കുന്നു. അവരുടെ വീട്ടിനുമേൽ ആക്രമണം നടത്തുന്നു. പള്ളികളുടെമേൽ ആക്രമണം നടത്തി തകർത്തുകൊണ്ടിരിക്കുന്നു. ജമാഅത്ത് ഉപേക്ഷിക്കാൻ അവരെ ഭീഷണിപ്പെടുത്തുന്നു. ഈ കുഴപ്പങ്ങൾ കാരണത്താൽ, 'അഹ്‌മദികളുടെ ജീവന് ഭീഷണിയാണ്, അതുകൊണ്ട് അവരെ പാക്കിസ്ഥാനിലെപോലെ അസംബ്ലിയിൽ അമുസ്‌ലിമായി പ്രഖ്യാപിച്ച് പൊതുജനവികാരം മാനിക്കണമെന്നും എങ്കിലേ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂവെന്നും തദ്ദേശ സർക്കാർഉദ്യോ

*പേജ് 32-ൽ*

# ജൽസയെ സംബന്ധിച്ച ആദ്യവിളംബരം

**ബ**യ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസക്തി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോകയാത്രയോട് വെറുപ്പ് തോന്നാത്ത ഒരു സ്ഥിതി സംജാതമാക്കുകയും ചെയ്യുക എന്നതാണ്. എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ആത്മസഹോദരങ്ങൾ ഇക്കാര്യം മനസ്സിലാക്കിയിരിക്കണം. ആ ലക്ഷ്യപ്രാപ്തിക്കായി ഒപ്പം വന്ന് താമസിക്കേണ്ടതും ആയുസ്സിന്റെ ഒരുഭാഗം ഈ മാർഗ്ഗത്തിൽ ചെലവഴിക്കേണ്ടതും അത്യന്താപേക്ഷിതമാകുന്നു. അല്ലാഹു ഇച്ഛിച്ചാൽ, ദൃഢപരമായ അടയാളങ്ങളെന്തെങ്കിലും കാണാനും അങ്ങനെ കർമ്മപരമായ ദുർബലതയും വിശ്വാസപരമായ ബലഹീനതയും ആത്മീയമായ ശക്തിക്ഷയവും വിട്ടകന്ന് പരിപൂർണ്ണവിശ്വാസം കൈവരിച്ച് സവിശേഷനിലയിലുള്ള താൽപര്യവും ഉത്സാഹവും സ്നേഹാവേശവും സിദ്ധിക്കാനും വേണ്ടിയാണിത്. ഇക്കാര്യത്തിൽ എപ്പോഴും ശ്രദ്ധിക്കേണ്ടതും ദൈവകൃപ ഉണ്ടാകുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഈ സ്ഥാനം കരസ്ഥമാകുന്നതുവരെ ഇടയ്ക്കിടെ ഒപ്പം വന്നുതാമസിക്കുകതന്നെ വേണം. കാരണം, ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ട് കൂടിക്കാഴ്ചക്ക് കമ്പമുണ്ടാകുന്നില്ലെങ്കിൽ അങ്ങനെയുള്ള ബയ്അത്ത് അടിമുടി നിശ്ചലവും വെറുമൊരു സമ്പ്രദായമെന്ന നിലയിലുള്ളതുമായിരിക്കും. എന്നാൽ, ശാരീരികക്ഷീണവും സാമ്പത്തികശേഷിക്കുറവും ദീർഘദൂരയാത്രയും കൊണ്ട് ഒപ്പംവന്ന് താമസിക്കാനോ അല്ലെങ്കിൽ വർഷത്തിൽ രണ്ടുമൂന്നുതവണ ബുദ്ധിമുട്ടി ഇവിടെ വരാനോ എല്ലാവർക്കും സാധിച്ചുവെന്ന് വരില്ല. ഇതിന്നായി വലിയവലിയ ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളും അത്യുത്സാഹത്തോടെ വഹിക്കാനുള്ള വാഞ്ഛ മിക്കഹൃദയങ്ങളിലും ശക്തിപ്രാപിച്ചിട്ടില്ലെന്നതാണ് അതിനു കാരണം. അതുകൊണ്ട് ആത്മസുഹൃത്തുക്കളായ എല്ലാവരും അല്ലാഹു ഇച്ഛിച്ചാൽ അവർക്ക് ആരോഗ്യവും ഒഴിവുമുണ്ടെങ്കിൽ, മറ്റു തടസ്സങ്ങളൊന്നുമില്ലെങ്കിൽ നിശ്ചിത തിയതികളിൽ പങ്കെടുക്കുംവിധം വർഷത്തിൽ മൂന്നു ദിവസം ജൽസയ്ക്കായി അഥവാ സമ്മേളനത്തിനായി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. എന്റെ അഭിപ്രായത്തിൽ ആ തിയതി ഡിസംബർ 27 മുതൽ 29 വരെയാകുന്നതാണുത്തമം. ഇത് കഴിഞ്ഞ് നമ്മുടെ ജീവിതത്തിൽ ഡിസംബർ 27 സമാഗതമായാൽ സാധിക്കുന്ന എല്ലാ സഹോദരങ്ങളും അല്ലാഹുവിനുവേണ്ടി, ദൈവികകാര്യങ്ങൾ ശ്രവിക്കാനും ദുആയിൽ ഭാഗഭാക്കാകാനും ഈ തിയതികളിൽ ഇവിടെ എത്തിച്ചേരേണ്ടതാണ്.

ഈ ജൽസയിൽ ദൃഢവിശ്വാസത്തിനും ദിവ്യജ്ഞാനത്തിനും കരുത്ത് പകരുന്നതിനാവശ്യമായ തത്വോദ്ബോധനവും ആധ്യാത്മികജ്ഞാനവും കേൾപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കും. ഇത്തരം സ്നേഹിതർക്കുവേണ്ടി പ്രത്യേകിച്ച്, ദുആ ചെയ്യുന്നതും അവരെ പ്രത്യേകിച്ച് ശ്രദ്ധിക്കുന്നതുമാണ്. അല്ലാഹു അവരെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതിനും തന്റേതായി സ്വീകരിക്കുന്നതിനും പരിശുദ്ധമായ മാറ്റം അവർക്ക് നൽകുന്നതിനും വേണ്ടി അർഹമുർറാഹിമീന്റെ തിരുസന്നിധിയിൽ പരിശ്രമനിരതനായിരിക്കും. ഓരോ വർഷവും ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖം ദർശിക്കാനും അങ്ങനെ പരസ്പരം തിരിച്ചറിഞ്ഞ് ബന്ധം അഭിവൃദ്ധിപ്പെടുത്താനും സാധിക്കുമെന്നത് ഈ ജൽസകൊണ്ടുള്ള ഒരു പ്രയോജനമാണ്. ഈ കാലയളവിൽ ദുൻയാവിനോട് വിടപറഞ്ഞുപോകുന്ന നമ്മുടെ സഹോദരങ്ങളുടെ മഗ്ഫിറത്തിനുവേണ്ടി ജൽസയുടെ അവസരത്തിൽ ദുആ ചെയ്യുന്നതായിരിക്കും. എല്ലാ സഹോദരങ്ങളേയും ആത്മീയമായ നിലയിൽ ഏകോപിപ്പിക്കുന്നതിനും ശുഷ്കതയും അപരിചിതത്വവും കപടതയും അവരുടെ ഇടയിൽനിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുന്നതുമാണ്. ഈ ആത്മീയ പരമ്പരയിൽ മറ്റ് ബഹുമുഖ ഫലങ്ങളും പ്രയോജനങ്ങളും ഉണ്ടായിരിക്കും. അത് സന്ദർഭോചിതം വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.

സാമ്പത്തികശേഷി കുറഞ്ഞവർ ജൽസയിൽ പങ്കെടുക്കുന്നതിന് മുന്നൊരുക്കം നടത്തുന്നത് ഗുണകരമാണ്. യുക്തിയോടും, മിതമായ നിലയിൽ ചെലവഴിച്ചും വരുമാനത്തിന്റെ ചെറിയൊരംശം യാത്രാച്ചെലവിനായി ഓരോ ദിവസമോ മാസമോ സ്വരൂപിച്ച് വെച്ചാൽ പ്രയാസം കൂടാതെ യാത്രാചെലവ് പരിഹരിക്കാൻ കഴിയും. അങ്ങനെ ഈ യാത്ര സൗജന്യമായി അനുഭവപ്പെടുന്നതാണ്.

ഹൃദയാത്മനാ ഉറച്ചതീരുമാനത്തോടെ, നിശ്ചിത തിയതികളിൽ നടക്കുന്ന ഈ ജൽസയിൽ പങ്കെടുക്കാൻ സന്നദ്ധരായ സഹോദരങ്ങൾ- വരാനൊക്കാത്ത നിർബന്ധസാഹചര്യം ഉണ്ടായാലൊഴികെ- അവരുടെ പേരുകൾ പ്രത്യേകമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ഇപ്പോൾതന്നെ എനിക്ക് നൽകുന്നതായിരിക്കും ഉത്തമം.

1891 ഡിസംബർ 27 ആകുന്ന ഇന്നേ ദിവസം ദീനീപരമായ കൂടിയാലോചനയ്ക്കായി യോഗം സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനുവേണ്ടി മാത്രം ബുദ്ധിമുട്ട് സഹിച്ച് ഈ ജൽസയിൽ സന്നിഹിതരായിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും അല്ലാഹു നല്ല പ്രതിഫലം നൽകുമാറാകട്ടെ. ഈ വഴിയിലെ ഓരോ ചുവടിനും സൽഫലം പ്രദാനം ചെയ്യട്ടെ. ആമീൻ. ●

എ. അമ്രീൻ

# മതം, സംസ്കാരം, സദാചാരം, കല (തുടർച്ച)

നാഗരികത സംസ്കാരത്തിൽനിന്ന് വേറിട്ട ഒരു സാമൂഹ്യപ്രതിഭാസമാണ്. സംസ്കാരം മതപരമായ മൂല്യങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിൽ നാഗരികത മനുഷ്യന്റെ ജീവിതസൗകര്യങ്ങളുമായി ബന്ധപ്പെട്ട ഒന്നാണ്. ഭൗതികപുരോഗതി മനുഷ്യപ്രവർത്തനങ്ങളിലും സാമൂഹ്യമായ സുഖാഢംബരങ്ങളിലും സൃഷ്ടിക്കുന്ന ഏകീഭാവവും പ്രസരിപ്പുമാണ് നാഗരികതയായി പരിണമിക്കുന്നതെങ്കിൽ, മതാദർശങ്ങളുടെ അസ്തിവാരത്തിൽ വളരുന്ന സാമൂഹ്യബോധരൂപങ്ങളുടെ സാകല്യമാണ് സംസ്കാരം.

**സംസ്കാരത്തിന്റെ സ്വാധീനം**

തന്റെ സാംസ്കാരിക പരിസരത്തെ തള്ളിപ്പറയുന്ന ഒരാൾക്കും അതിന്റെ സ്വാധീന സമ്മർദ്ദങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ സാധ്യമല്ല. ഒരു യൂറോപ്യൻ മുസ്‌ലിം മറ്റൊരു യൂറോപ്യനേക്കാൾ ഒരേഷ്യൻ മുസ്‌ലിമിനോടാണ് കൂടുതൽ മമത കാണിക്കുക. യൂറോപ്യനായ ഒരു ക്രിസ്ത്യൻ മതഭ്രാന്തൻപോലും സഹോദര മതവിശ്വാസിയായ ഒരു മതഭ്രാന്തൻ മുസ്‌ലിമിനേക്കാൾ നിരീശ്വരവാദിയായ ഒരമേരിക്കക്കാരനോടായിരിക്കുമല്ലോ ആഭിമുഖ്യം കാണിക്കുക. മതവിശ്വാസമാണ് സ്നേഹത്തിന്റേയും സാമൂഹ്യബന്ധങ്ങളുടേയും അടിത്തറയെങ്കിൽ, യൂറോപ്യൻ ക്രിസ്ത്യാനി ഒരു മുസ്‌ലിമിനോടാണ് അടുപ്പം കാണിക്കേണ്ടിയിരിക്കുന്നത്. സാംസ്കാരികമായ കെട്ടുപാടുകൾ തലമുറകളായി സഞ്ചയിച്ച സ്വാധീനസമ്മർദ്ദങ്ങളുടെ ഫലമാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഇമാം, മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഈ വസ്തുത വിശദീകരിച്ചിട്ടുണ്ട്. വിവിധ ജനവിഭാഗങ്ങൾക്കിടയിലുള്ള ഈ സാംസ്കാരികമായ കെട്ടുപാടുകളുടെ സ്വാധീനത്തെ വിലയിരുത്തിക്കൊണ്ട് അദ്ദേഹം പറയുന്നത്, കലാസൃഷ്ടികളുടെ കാര്യത്തിലും നമുക്ക് ഈ സ്വാധീനം കാണാൻ കഴിയുമെന്നാണ്. മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

"വിചാരഗതിയിൽ നാസ്തികനായിക്കഴിഞ്ഞ ഒരു ക്രിസ്ത്യൻ കലാകാരൻ പോലും അയാളുടെ ചിത്രങ്ങളിലും സംഗീതത്തിലും ക്രൈസ്തവമൂല്യങ്ങളെ വെളിപ്പെടുത്താതിരിക്കുകയില്ല. അത്തരം സ്വാധീനവലയത്തിൽനിന്ന് പുറത്താണെങ്കിൽ അയാളുടെ കല, യഥാർത്ഥത്തിൽ പനിനീർതോട്ടത്തിൽ മുൾപടർപ്പെന്നപോലെ നിരുപയോഗമായിത്തീരുകയേയുള്ളൂ."

ഇക്കാലത്ത് നാഗരികതയും സംസ്കാരവും കെട്ടുപിണഞ്ഞാണ് കിടക്കുന്നത്. എങ്കിലും വ്യത്യാസം വ്യക്തമാണ്. പാശ്ചാത്യലോകത്ത് അവരുടെ സംസ്കാരം അവരുടെ നാഗരികതയ്ക്ക് പൂർണ്ണമായും അടിപ്പെട്ടുകഴിഞ്ഞതുകൊണ്ടാണ് മറിച്ചൊരു തോന്നൽ നമുക്കുണ്ടാവുന്നത്. ഒരു ജനവിഭാഗം നാഗരികതയിലും സംസ്കാരത്തിലും ഒരുപോലെ മുന്നേറുകയും അതിന്റെ പൊതുജീവിതം ഐശ്വര്യത്തിലും ജ്ഞാനത്തിലും തിരിച്ചറിവിലും പുരോഗതി നേടുകയും ചെയ്യുന്നതിനനുസരിച്ച് അതിലെ നല്ലയാളുകൾ സൽപ്രവൃത്തികൾ ചെയ്യുന്നതിലും വിശുദ്ധജീവിതം നയിക്കുന്നതിലും സൽസ്വഭാവത്തിൽ മറ്റുള്ളവർക്ക് മാതൃകയാവുന്നതിലും താനെ മുന്നോട്ടുഗമിക്കുമെന്നാണ് വാഗ്ദത്ത മസീഹ്(അ) ചൂണ്ടിക്കാണിച്ചിട്ടുള്ളത്. നാഗരികത സംസ്കാരത്തിന് വിധേയമായി നിലകൊള്ളുമ്പോൾ മാത്രമേ ഒരു നല്ല പുരോഗമന സമുദായം സൃഷ്ടിക്കപ്പെടുകയുള്ളൂ. നേരെമറിച്ചാണ് സംഭവിക്കുന്നതെങ്കിൽ സമൂഹത്തിന്റെ നിർഗതി അവിടെ തുടങ്ങുന്നു. സദാചാരത്തിന്റെ അതിർവരമ്പുകൾ അവിടെ തകർക്കപ്പെടുകയും ജീവിതലക്ഷ്യം പരമാവധി സുഖിക്കലായിത്തീരുകയും ചെയ്യുന്നു.

**സംസ്കാരം നാഗരികതയ്ക്ക് വിധേയമാകുമ്പോൾ**

ഇത്തരമൊരു സമൂഹത്തിന്റെ ജീവിതവീക്ഷണം തന്നെ മാനസികോല്ലാസത്തിൽ അധിഷ്ഠിതമായിരിക്കും. വിശുദ്ധഖുർആന്റെ ഭാഷയിൽ 'നഫ്സ് അമ്മാറ' എന്നു വിശേഷിപ്പിക്കപ്പെടുന്ന ദോഷപ്രവണമായ ആത്മസ്ഥിതിയുടെ കേളീരംഗമായി ആ സമൂഹം മാറുന്നു. അതിൽ ഉടലെടുക്കുന്ന കലാരൂപങ്ങളാകട്ടെ അനിയന്ത്രിതമായ ലൗകികസുഖങ്ങളേയും ഭോഗലോലുപതയേയും താന്തോന്നിത്തത്തേയും പരിലാളിക്കുന്ന ദുഷ്പ്രചോദകങ്ങളായി അധഃപതിക്കുകയും ചെയ്യുന്നു. ഇത്തരം ഐശ്വര്യത്തിന്റെ ഉപഭോക്താക്കൾ കടിഞ്ഞാണില്ലാത്ത വിനോദപ്രവണതകൾ കലയുടെ ചെലവിലായിരിക്കും കൊണ്ടുനടക്കുക. നമ്മുടെ കാലഘട്ടത്തിലെ പ്രത്യേകത, വിഷയവികാരജന്യമായ രംഗവേദികളും സമാഗമങ്ങളും കലയുടെ കുപ്പായമിട്ടാണ് പ്രത്യക്ഷപ്പെടുന്നത് എന്നാണ്. ധനം ദുർവ്യയം ചെയ്യുന്ന ആളുകളുടെ സാമാന്യസ്വഭാവം തുറന്നുകാണിക്കവെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), അനിയന്ത്രിതമായ നേരമ്പോക്കുകളും സുഖാഢംബര പ്രവ

ണതകളും എങ്ങനെ കലയുടെ കുപ്പായമിട്ട് പ്രത്യക്ഷപ്പെടുന്നുവെന്ന് ആനുഷംഗികമായി വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുകയാണ്:

"അലസരായ സമ്പന്നർ ഹീനമായ സുഖാനുഭൂതികൾക്കുവേണ്ടി ധനം ദുർവിനിയോഗം ചെയ്യുന്നതിന് നാനാതരം മാർഗ്ഗങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. ശീട്ടുകൾ, മദിര, മദിരാക്ഷി, നടികൾ, നർത്തകികൾ അങ്ങനെ പോകുന്നു അവരുടെ കേളീരംഗങ്ങൾ. എന്തെങ്കിലും അപാകതയോ വൃത്തികേടോ നിങ്ങളിതിൽ കാണുന്നുവെന്നിരിക്കട്ടെ, ഉടൻ നിങ്ങൾക്കൊരു കലാപ്രേമിയായി മാറാം. എന്നുവെച്ചാൽ വിലപിടിച്ച ശില്പങ്ങളും പെയിന്റിങ്ങുകളും- അവയിലധികവും നഗ്നകന്യകകളുടേതാവും- മത്സരവിലകൊടുത്തു വാങ്ങി സൂക്ഷിക്കാം. അല്ലെങ്കിൽ കവിസദസ്സുകൾ- 'മുശായിറകൾ' വിളിച്ചുകൂട്ടി കവിതകൾ ചൊല്ലി കേൾക്കാം. ഇമ്പമാർന്ന കവിതാശകലങ്ങൾ കേട്ട് ഹരം കൊള്ളുമ്പോൾ അവരുടെ മുമ്പിൽ പൊന്നും വെള്ളി തുട്ടുകളും വാരിയെറിഞ്ഞാൽ നിങ്ങളൊരു സഹൃദയനും കലാകുതുകിയും ആയിമാറും." (ഇസ്‌ലാമിലെ സമ്പദ്‌വ്യവസ്ഥയും, കമ്മ്യൂണിസവും).

ഐശ്വര്യത്തിന്റെ ഉപഭോകമല്ലാതെ തങ്ങളുടെ ജീവിതത്തെ ആനന്ദകരമാക്കാൻ മറ്റൊന്നുമില്ലെന്ന് കരുതുന്നവരാണ് സംസ്കാരത്തെ ഇങ്ങനെ ചിലതൊക്കെയാക്കി മാറ്റുന്നത്. ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം കല തങ്ങളുടെ വികാരശമനോപാധികളാണ്. മുസ്‌ലീഹ് മൗഊദ്(റ) ഏതാണ്ട് ആറുശതകങ്ങൾക്ക് മുമ്പാണ് ഈ വരികൾ എഴുതിയത്. ഇന്ന് കലാപ്രകടനങ്ങളുടെയും കലാസ്വാദനത്തിന്റെയും നിലവാരം പാതാളത്തോളമെത്തിയിരിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുവരവോടെ കാര്യങ്ങൾ എത്രത്തോളം വഷളായിരിക്കുന്നുവെന്ന് നമുക്കറിയാം.

**പാശ്ചാത്യഭീകരസത്വം കലയിലൂടെ**

മൂല്യനിരാസനത്തിലാണ് ത്രില്ലുള്ളതെന്നും മതസാമൂഹിക നിയമങ്ങൾ വിലങ്ങുകളാണെന്നും വസ്ത്രങ്ങളിൽനിന്നുള്ള മോചനമാണ് സ്ത്രീവിമോചനമെന്നും മറ്റുമുള്ള പാഠങ്ങൾ നൽകിക്കൊണ്ടാണല്ലോ കല ഇന്ന് ജനങ്ങളെ പ്രബുദ്ധരാക്കാൻ ശ്രമിക്കുന്നത്. ലോകമെങ്ങും ഇങ്ങനെ കലയുടെ മറവിൽ പാശ്ചാത്യനാഗരികതയുടെ സാംസ്കാരികാധിനിവേശം വിജയകരമായി അരങ്ങേറിക്കൊണ്ടിരിക്കുന്ന ദുർഘട കാലഘട്ടം കൂടിയാണിത്. ഈ കാലത്ത് സംഭവിക്കാനിരിക്കുന്ന ഘോരമായ ഈ സാംസ്കാരിക നിർഗതിയെയാണ് ഒരു നൂറ്റാണ്ട് മുമ്പുതന്നെ വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദ്(അ) യൂറോപ്യൻ ഇന്ദ്രജാലമെന്നും ഐന്ദ്രജാലികമായ അന്ധകാരങ്ങൾ എന്നും വിശേഷിപ്പിച്ചിട്ടുള്ളത്. അല്ലാഹുവിൽനിന്നുള്ള ദിവ്യാത്ഭുതപരമായ സവിശേഷസഹായം കൂടാതെ സന്മാർഗ്ഗനിരതരായ ആളുകൾക്കുപോലും ഈ ഇന്ദ്രജാലത്തിന്റെ ദോഷബാധയിൽനിന്ന് രക്ഷപ്പെടുന്നതിനെകുറിച്ച് ചിന്തിക്കുവാനോ സങ്കല്പിക്കുവാനോ പോലും സാധ്യമല്ലെന്നും വാഗ്ദത്ത മസീഹ് ഓർമ്മിപ്പിക്കുകയുണ്ടായി. തന്റെ ആവിർഭാവം ഇതിനെ തകർക്കാനുള്ള ആ ദിവ്യാത്ഭുതമാണെന്നുകൂടി വാഗ്ദത്ത മസീഹ് പ്രഖ്യാപിച്ചു (ഫത്ഹെ ഇസ്‌ലാം- ഇസ്‌ലാമിന്റെ വിജയം).

**ആധുനിക ക്രിസ്തുമതവും സാംസ്കാരികാപചയവും**

നാമിന്നറിയുന്ന പാശ്ചാത്യസംസ്കാരം ക്രൈസ്തവ സംസ്കാരത്തിന്റെയും കുത്തഴിഞ്ഞ റോമൻ പരിഷ്കാരത്തിന്റേയും സമന്വയരൂപമാണ്. തികച്ചും ഭൗതികോന്മുഖമായ ജീവിതവ്യവസ്ഥകളായിരുന്നു റോമിലേത്. നവോത്ഥാനമെന്നറിയപ്പെടുന്ന കാലത്തെ തുടർന്ന് വളർച്ചപ്രാപിച്ച ലൗകീകലാലസമായ പാശ്ചാത്യനാഗരികതയാകട്ടെ, പാശ്ചാത്യ സംസ്കാരത്തിൽ അവശേഷിച്ച ക്രിസ്ത്യൻമൂല്യങ്ങളേയും കൈയൊഴിയുന്നതിലേക്കാണ് എത്തിച്ചേർന്നത്. ഇന്നത്തെ പാശ്ചാത്യലോകം തങ്ങളുടെ സംസ്കാരത്തിൽനിന്ന് മതപരമായ മൂല്യങ്ങളെ ഉപേക്ഷിക്കുകയും ഡാർവിന്റെ അപസിദ്ധാന്തത്തിനൊത്ത് മൃഗത്തെ എല്ലാ അർത്ഥത്തിലും തങ്ങളുടെ വഴികാട്ടിയായ പൂർവ്വപിതാവായി അംഗീകരിക്കുകയുമാണുണ്ടായത്.

പാശ്ചാത്യ സംസ്കാരത്തിന്റെ നൈതീകാടിത്തറ ആധുനിക ക്രിസ്തുമത വിശ്വാസസങ്കല്പങ്ങളും ക്രിസ്തീയ സാംസ്കാരിക പരിസരങ്ങളുമാണല്ലോ. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ക്രിസ്തുമതാശ്ലേഷത്തിനുശേഷമുള്ള റോമൻ ആധിപത്യത്തോടെയാണ് ക്രിസ്തുമതം ഇന്നത്തെ ആധുനിക ക്രിസ്തുമതത്തിന്റെ രൂപത്തിൽ മാറിത്തിരിഞ്ഞുപോയത്. മനുഷ്യപ്രകൃതിയുമായി തീർത്തും യോജിക്കാത്ത ധാർമ്മിക സങ്കല്പങ്ങളാണ് ആധുനിക ക്രിസ്തുമതം പ്രദാനം ചെയ്യുന്നത്. മനുഷ്യപ്രകൃതിയിൽനിന്ന് അകന്നുള്ള കുറുക്കുവഴികളാണ് അത് മനുഷ്യന്റെ ആത്മീയോന്നതിയ്ക്കെന്നോണം മുന്നോട്ടുവയ്ക്കുന്ന ഉപായങ്ങൾ. ക്രിസ്ത്യൻ നീതിശാസ്ത്രമനുസരിച്ച് പാപം ജന്മസിദ്ധമാണ്. ഈ ജന്മപാപദോഷത്തിൽനിന്ന് രക്ഷപ്പെടാനുള്ള സൂത്രം ആത്മാവിന്റെ പവിത്രീകരണമൊന്നുമല്ല; ക്രിസ്തുവിന്റെ രക്തബലിയിലുള്ള വിശ്വാസം മാത്രമാണ്. ഇത്തരം വിനോദപരമായ വിശ്വാസസിദ്ധാന്തത്തിലധിഷ്ഠിതമായ സാമൂഹികാന്തരീക്ഷത്തിൽ സംസ്കാരത്തിന്റെ കുത്തഴിച്ചിൽ മാത്രമേ സംഭവിക്കുകയുള്ളൂവെന്നത് വ്യക്തമാണ്.

'ന്യായപ്രമാണം ശാപം' എന്നതാണല്ലോ ക്രിസ്തീയ വിശ്വാസസങ്കല്പത്തിന്റെ മുദ്രാവാക്യം പോലും. ന്യായപ്രമാണം അഥവാ ദൈവികമാർഗ്ഗദർശനം ശാപമാകുമ്പോൾ പിന്നെ മതം തന്നെ വേലിക്ക് പുറത്താവുന്നു. അത്തരമൊരു അവസ്ഥയിൽ ദൈവികചിന്ത മെല്ലെമെല്ലെ അസ്ഥാനത്തായിത്തീരുകയും, ഈ പാപമോചനമാർഗ്ഗം ദൈവവുമായുള്ള എല്ലാതരം

ബന്ധങ്ങളിൽനിന്നുമുള്ള മോചനമാർഗ്ഗമായി മാറുകയും ചെയ്യുന്നു. അങ്ങനെ ക്രിസ്തീയവിശ്വാസം തുറന്നുവിട്ട ഭൂതം ക്രിസ്തീയ സംസ്കാരത്തിന്റെ മതപരമായ മൂല്യങ്ങളെതന്നെ കാർന്നുതിന്നു.

**കലാപ്രസ്ഥാനങ്ങളിലൂടെ അസാന്മാർഗ്ഗികത**

ജീവിതലക്ഷ്യം പരമാവധി സുഖിക്കലും കഥയില്ലായ്മയും ആണെന്നു വന്നതോടെ മനുഷ്യന്റെ സാംസ്കാരികജീവിത പരിസരവും അതിനനുസൃതമായി രൂപപ്പെട്ടു. പുരോഗതിയുടെയും പരിഷ്കാരത്തിന്റെയും അടിസ്ഥാനം ജീവിതസൗകര്യങ്ങളുടെ വർദ്ധനവിലാണെന്നു വന്നു. സുഖസമ്പൂർണ്ണമായ ജീവിതത്തെ സംബന്ധിച്ച നിരർത്ഥക സ്വപ്നങ്ങളും സങ്കല്പങ്ങളും വളർത്തപ്പെട്ടത് അങ്ങനെയാണ്.

പടിഞ്ഞാറൻ ജീവിതത്തിന്റെ അസ്വസ്ഥവും ഹതാശവുമായ പശ്ചാത്തലത്തിൽ ഉദയം ചെയ്യുന്ന ഓരോ ഭൗതികചിന്താഗതിയുടെയും സ്വാധീനം കലാസാഹിത്യരംഗത്തും പ്രകടമായി കാണാം. റൊമാന്റിസിസം, നേചറലിസം, സിംബലിസം, ഡാഡായിസം, ഫ്യൂചറിസം, റിയലിസം, സർറിയലിസം, എക്സിസ്റ്റൻഷ്യലിസം, മേജിക് റിയലിസം എന്നിങ്ങനെ പോകുന്നു. ഇക്കാലത്ത് ഓരോ ഘട്ടങ്ങളിലായി വിവിധ ചിന്താവ്യായാമങ്ങളുമായി പുറത്തുവന്ന അവരുടെ കലാപ്രസ്ഥാനങ്ങൾ. ഇവയിലെല്ലാം ജീവിതത്തിന്റെ രോഗാതുരതയാണ് നിഴലിക്കുന്നത്. ജീവിതമെന്നത് സുഖിച്ചുതീർക്കാനുള്ള ഒരു കഥയില്ലായ്മ മാത്രം!!

18-ാം നൂറ്റാണ്ടിൽ കലാപ്രസ്ഥാനമായി വളർന്നുവന്ന നേചറലിസം ഭൗതികവാദത്തിന്റേയും നിർമ്മതവാദത്തിന്റേയും വകഭേദമായിരുന്നു. വ്യവസായ വിപ്ലവവും പരിണാമവാദത്തിന്റെ പ്രചാരവുമാണ് ഇതിനെ സാഹിത്യരംഗത്ത് ശക്തിപ്പെടുത്തിയിരുന്നത്. ഇതിന്നെതിരിൽ രൂപപ്പെട്ടുവന്ന സാഹിത്യപ്രസ്ഥാനമായിരുന്നു സിംബലിസം. കലയ്ക്ക് സാമൂഹികമോ ധാർമ്മികമോ ആയ യാതൊരു ഉത്തരവാദിത്തവും ഇല്ലെന്ന് ഇതിന്റെ വക്താക്കൾ വിശ്വസിച്ചു. അതേസമയം മനുഷ്യൻ സഹജമായി നല്ലവനാണെന്നും നിയമസംഹിതകളാണ് അവനിലെ നന്മയെ നശിപ്പിക്കുന്നതെന്നും പ്രഖ്യാപിച്ച ഫ്രാൻസിലെ റൂസോയുടെ ചിന്തയായിരുന്നു റൊമാന്റിസത്തിന്റെ മുഖമുദ്ര. കേവലമായ ആനന്ദവും വിനോദവും എന്നതിലുമപ്പുറം ഒരു ലക്ഷ്യം കലാസാഹിത്യത്തിൽ ഇതിന്റെ പ്രയോക്താക്കൾ കണ്ടിരുന്നില്ല. ഇതിനൊരു തിരിച്ചടിയെന്ന നിലയിലാണ് റിയലിസ്റ്റിക് സാഹിത്യം പ്രത്യക്ഷപ്പെട്ടത്. മനുഷ്യന്റെ സർവ്വവിധ പ്രവർത്തനങ്ങളുടേയും പ്രേരകശക്തി ഉദരത്തെ ഉന്നംവച്ചുള്ള സമ്പത്താണ് എന്നു വാദിച്ചുകൊണ്ട് രംഗത്തുവന്ന മാർക്സിസ്റ്റ് തത്വശാസ്ത്രത്തിന്റെ സ്വാധീനമുദ്രകളാണ് ഇതിന്റെ പിന്നിലുള്ളത്.

അതിനിടയിൽ ഭൂതകാലവും വർത്തമാനകാലവുമെല്ലാം വിഡ്ഢിത്തങ്ങൾ നിറഞ്ഞതാണെന്ന പുതിയ വെളിപാടുമായി രംഗത്തുവന്ന അക്രമണോത്സുകമായ ഒരു സാഹിത്യപ്രസ്ഥാനമായിരുന്നു ഫ്യൂചറിസം. ഇതിന്റെ വക്താക്കൾ സമകാലിക സദാചാരരീതികളെ തള്ളിക്കളയുകയും അരാജകത്വം, സ്ത്രീവിഡംബനം, സൈനികാധിപത്യം, കൂട്ടക്കൊല എന്നിവയ്ക്കുവേണ്ടി വാദിക്കുകയും ചെയ്തു. കെടുതികളിലും വിപത്തുകളിലും സൗന്ദര്യം കണ്ടെത്തിയ ഈ കലാപ്രസ്ഥാനത്തിൽ ആകൃഷ്ടരായി ഇറ്റലിയിലെ ഫാസിസ്റ്റുകൾ ഒരുവേള തങ്ങളുടെ ഔദ്യോഗിക സാഹിത്യരീതിയായി ഇതിനെ അംഗീകരിച്ചിരുന്നു.

**ഏറ്റവും നല്ല 'സന്മാർഗ്ഗികൾ'**

കലാസൃഷ്ടികൾക്ക് സമ്പൂർണ്ണസ്വാതന്ത്ര്യം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികളിൽനിന്ന് ഉടലെടുത്ത ഒരു കലാപ്രസ്ഥാനമായിരുന്നു ഡാഡായിസം. യുദ്ധാനന്തര കാലഘട്ടത്തിലെ അരാജകത്വ മനഃസ്ഥിതിക്കാരായ ഇതിന്റെ വക്താക്കൾ, നിലവിലുള്ള മതവിശ്വാസം സദാചാരരീതികൾ, കലാസങ്കല്പങ്ങളുമൊക്കെയും ചോദ്യം ചെയ്തു. രണ്ടാം ലോകമഹായുദ്ധത്തിന് തൊട്ടുമുമ്പ് സർറിയലിസത്തിന്റെ രൂപത്തിലാണിത് പ്രത്യക്ഷപ്പെട്ടത്. ഫ്രോയിഡിന്റെ മനഃശാസ്ത്ര തത്വങ്ങളായിരുന്നു ഇതിന് ആധാരം. ജീവിതത്തിൽ മാനിക്കപ്പെടുന്ന സ്നേഹബന്ധങ്ങളും സദാചാരനിഷ്ഠകളും കർത്തവ്യബോധങ്ങളുമെല്ലാം കാപട്യങ്ങളാണെന്ന് ഇതിനെ കൊണ്ടുനടന്നവർ വിശ്വസിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പേനയെടുത്ത പല പടിഞ്ഞാറൻ എഴുത്തുകാരും, ലൈംഗികവികാരങ്ങളെ വളരെ കുറച്ചുമാത്രം നിയന്ത്രിക്കുന്നവരാണ് ഏറ്റവും നല്ല സന്മാർഗ്ഗികൾ എന്ന അഭിപ്രായക്കാരായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പിലും അമേരിക്കയിലും സർവ്വത്ര പ്രചാരം നേടിയ എബ്സേർഡ് നാടകങ്ങൾ (Absurd Drama) ഈ ചിന്താഗതിയുടെ ഉൽപന്നങ്ങളാണ്. ദുരിതപൂർണ്ണമായ ലോകത്തുനിന്ന് രക്ഷ നൽകാൻ ദൈവം വരുമെന്ന സങ്കല്പം മിഥ്യയാണെന്നും, ആത്മഹത്യയേ മാർഗ്ഗമുള്ളൂവെന്നുമൊക്കെയുള്ള സന്ദേശങ്ങളാണ് ഇവയിലുണ്ടായിരുന്നത്. ഇതേ ചിന്താഗതിയാണ് അക്കാലത്തുതന്നെ രൂപപ്പെട്ടുവന്ന എക്സിസ്റ്റൻഷ്യലിസവും ഉയർത്തിപ്പിടിച്ചത്. ജീവിതം വിഡ്ഢിത്തവും അഭിശപ്തവുമാണെന്നും മനുഷ്യൻ നാടുകടത്തപ്പെട്ടവനാണെന്നുമുള്ള സാർത്രെയുടെയും കാമ്മ്യുവിന്റെയും ചിന്തകളാണ് ഇതിൽ നിഴലിച്ചത്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദങ്ങളിൽ രൂപപ്പെട്ട കലാപ്രസ്ഥാനമാണ് മേജിക് റിയലിസം. വിചിത്രഭാവനയുടേയും മാന്ത്രികത്വത്തിന്റേയും അത്ഭുതങ്ങളുടേയും അന്തരീക്ഷത്തിൽ ഗൗരവാവഹങ്ങളായ വിഷയങ്ങളെ കാമോത്സുകത്വംകൊണ്ട് നിറയ്ക്കുകയെന്നതാണ് ഇതിന്റെ സംഭാവന. മതമൂല്യ

*ശേഷം 21-ൽ*

ലേഖനം

എ.ക്യു. മഹ്ദി

ഈജിപ്ഷ്യൻ സഞ്ചാരരേഖകൾ– 3

# 'ഗീസയിലെ കരിങ്കൽഭീമൻ; വലിയ പിരമിഡ്'

**കെ**യ്റോ മ്യൂസിയം സന്ദർശനം പൂർത്തിയാക്കി പുറത്തിറങ്ങി ഒരു ഇന്ത്യൻ റസ്റ്റാറന്റിൽനിന്നും ഉച്ചഭക്ഷണം കഴിച്ച്, ഞങ്ങൾ പോകാനൊരുങ്ങി; പിരമിഡുകളെ പകൽവെളിച്ചത്തിൽ വലംവയ്ക്കാൻ.

''എങ്ങനെയുണ്ട് കെയ്റോ മ്യൂസിയം...?'' ചുണ്ടിൽ എരിയുന്ന സിഗരറ്റും കടിച്ചുപിടിച്ച് ഞങ്ങളുടെ ടൂർഗൈഡ് ചോദിച്ചതാണ്. വളരെ ഗംഭീരമായിരിക്കുന്നു എന്ന മട്ടിൽ എല്ലാവരും തലയാട്ടി.

ഞങ്ങളുടെ ഈജിപ്ഷ്യൻ ടൂർഗൈഡിനെപ്പറ്റി ഇനിയെങ്കിലും പരാമർശിക്കാതെ വയ്യ. അസാധാരണമായ അറിവും ലോകപരിചയവുമുള്ള ഒരു ചെറുപ്പക്കാരൻ. വിദ്യാസമ്പന്നനാണ്. മുപത്തിയഞ്ചു വയസ്സുപ്രായം തോന്നിക്കും. ഭേദപ്പെട്ട തടിയും ആറരയടി പൊക്കവുമുള്ള ഒരു ആജാനബാഹു. സായ്പിന്റെ മാതിരി ചുവന്നുതുടുത്ത നിറമാണ്. ഇഹാബ്. എം. അൽഗ്രൗഡി എന്ന വിചിത്രമായ പേരാണയാളുടേതെങ്കിലും ബോബ് എന്നായിരുന്നു ഓമനപ്പേര്.

ഒരു ടൂർഗൈഡ് എന്നതിൽ കവിഞ്ഞ്, ഈജിപ്റ്റിലെ പൗരാണിക ചരിത്രസംഭവങ്ങളുടെ ഒരു ഗവേഷകൻ കൂടിയാണ് അയാളെന്ന് ഞങ്ങളുടെ ചീഫ് ടൂർ മാനേജർ ആദ്യദിവസംതന്നെ ഇഹാബിനെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞിരുന്നു. അതെത്ര ശരിയെന്ന് യാത്രയിലുടനീളം ബോബ് നല്കിയ വിഷയവിവരണങ്ങളിലൂടെ ഞങ്ങൾക്ക് ബോധ്യമാവുകയും ചെയ്തു.

നെറ്റിയിൽ നിസ്കാരത്തഴമ്പും ചെറിയ താടിയുമുള്ള ഈ മനുഷ്യനിൽ കണ്ട ഒരേയൊരു ദോഷം, അയാളൊരു പുകവലിക്കാരൻ എന്നതു മാത്രമായിരുന്നു; ഒരു ചെയ്ൻസ്മോക്കർ. ദിവസവും മൂന്നുനാല് പാക്കറ്റ് സിഗരറ്റ്, മൂപ്പർ അനായാസം പുകച്ചുതള്ളുന്നത് ശ്രദ്ധിച്ചിട്ടുണ്ട്.

ഒരിക്കൽ ഒരു പ്രഭാതസമയം പ്രാതലിനുശേഷം ഹോട്ടലിലെ സന്ദർശകലോബിയിൽവച്ച് അന്നത്തെ കാഴ്ചാപരിപാടികളെപ്പറ്റി അയാൾ മുൻകൂട്ടി ഒരു വിവരണം നല്കുന്നതിനിടെ, ബോബിനോട് ചോദ്യരൂപേണ ഞാൻ പറഞ്ഞു.

"മിസ്റ്റർ ബോബ്, എനിക്ക് താങ്കളോട് ഒരപേക്ഷയുണ്ട്, തികച്ചും വ്യക്തിപരമായ ഒരപേക്ഷ...."

"അപേക്ഷയോ.... എന്നോടോ.... എന്താണത്?" അയാൾ ഉത്കണ്ഠാകുലനായി.

"ഈ പുകവലി നിറുത്താൻ താങ്കൾക്ക് ശ്രമിച്ചുകൂടേ. ഇതെത്ര മാത്രം ദോഷകരമാണെന്ന് ബോബിനറിയില്ലെന്നുണ്ടോ?"

അയാളുടെ മുഖത്ത് ഒരു ഖേദഭാവത്തിന്റെ വിളർച്ച പ്രത്യക്ഷപ്പെട്ടു.

ഫലിതരൂപേണ ഞാനൊരു വാചകംകൂടി കൂട്ടിച്ചേർത്തു. "Your smoking is injurious to our health" 'താങ്കളുടെ പുകവലി ഞങ്ങളുടെ ആരോഗ്യത്തിനും ഹാനികരം.' ഈ കമന്റ് സഹയാത്രികർക്കൊക്കെ ഇഷ്ടപ്പെട്ടെന്നു തോന്നി. ഞങ്ങളുടെ കൂട്ടത്തിൽ പുകവലിക്കുന്നവരായി ആരുമുണ്ടായിരുന്നില്ല.

എന്റെ അപേക്ഷ കേട്ടപ്പോൾ ബോബിൽനിന്നും പഴയ ഉത്സാഹഭാവം നിമിഷനേരത്തേക്ക് തെന്നിമാറി. ഇപ്പോഴാ മുഖത്ത് വൈക്ലബ്യം കലർന്ന ഒരു ചിരിയാണ് പടർന്നിരിക്കുന്നത്. ശബ്ദം താഴ്ത്തി അയാൾ ഒരു നിസ്സഹായന്റെ മട്ടിൽ പറഞ്ഞു,

"ഇല്ല സർ, എനിക്കതിന് കഴിയുന്നില്ല... എത്ര ശ്രമിച്ചിട്ടും പുകവലി ഒഴിവാക്കാൻ പറ്റുന്നില്ല......" ബോബ് തുടർന്നു, "എന്റെ പിതാവും, മുത്തച്ഛനും അറിയപ്പെടുന്ന പുകവലിക്കാരായിരുന്നു. മുതുമുത്തച്ഛന്റെ പഴയ പിച്ചള ഹുക്കാക്കുഴൽ മുത്തച്ഛന്റെ കൈവശം സൂക്ഷിച്ചിരുന്നത്, പിതാവുവഴി എനിക്ക് ലഭിച്ചത് ഞാൻ ഇപ്പോഴും വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. അവരിലൂടെ, എന്റെ മുൻതലമുറകളുടെ ശീലത്തിലൂടെ ആവാം ഞാനും പുകവലിക്കടിമപ്പെട്ടത്."

"ഈ പാരമ്പര്യംവച്ച് താങ്കളുടെ മകനും ഈ ദുഃശ്ശീലം തുടരുന്നുവെന്നു കരുതുക, ബോബതിഷ്ടപ്പെടുമോ?"

ഒരുനിമിഷം ഈ ചോദ്യം അയാളെ കുഴക്കിയെന്നു തോന്നി. എങ്കിലും മറുപടി ഉടനുണ്ടായി.

"ഇല്ല, ഒരിക്കലും ഞാനതിഷ്ടപ്പെടില്ല...." ഒരു ചെറുചിരിയോടെ അയാൾ തുടർന്നു. ഭാഗ്യത്തിന് എനിക്ക് രണ്ടും പെൺകുട്ടികളാണ് സാർ....."

ചെറിയൊരു ചോദ്യംകൂടി ബോബിനോട് ചോദിക്കാൻ ബാക്കിയുണ്ടായിരുന്നു; കൃത്യമായി മതചര്യകൾ പുലർത്തുന്ന ഒരാളാണയാൾ എന്നു മനസ്സിലാക്കിയ സാഹചര്യത്തിൽ.

"അപ്പോൾ ബോബ്, റമദാൻ മാസത്തിലെ പകൽ

സമയങ്ങളിൽ, താങ്കൾ ഈ പുകവലിപ്രശ്നം എങ്ങനെയാണ് നേരിടുന്നത്."

എന്നിൽനിന്നും അയാൾ ആ ചോദ്യം പ്രതീക്ഷിച്ചിരുന്നതുപോലെ തോന്നി.

"ആ ദിവസങ്ങളിലെ പകലുകളിൽ പുകവലി ഞാൻ തീർത്തും ഒഴിവാക്കിയിരുന്നു. എന്നാൽ, ഈ കാരണംകൊണ്ട് ആ സമയമൊക്കെ ഞാൻ അസാധാരണാംവിധം മൂഡിയായിപ്പോകാറുണ്ട്, ഒരു പ്രവർത്തിയും ചെയ്യാൻ കഴിയാത്തവനെപ്പോലെ. അതുകൊണ്ട് റമദാൻ മാസത്തിൽ പൂർണ്ണമായും ലീവെടുത്ത് വീട്ടിലും പള്ളിയിലുമായി കഴിഞ്ഞുകൂടുകയാണ് പതിവ്....."

ബോബ് തുടർന്നു. "ഇനി നമുക്ക് ഇന്നത്തെ യാത്രാപരിപാടികളെപ്പറ്റി മാത്രം സംസാരിക്കാം...." പുകവലി വിഷയം മാറ്റാൻ അയാൾ ശ്രമിക്കയാണെന്നു വ്യക്തമായി. സഹയാത്രികരൊക്കെ ഈ സംഭാഷണം നിശ്ശബ്ദം, ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കയായിരുന്നു. ഞാൻ പറഞ്ഞ വാക്കുകൾ ശരിവയ്ക്കുന്ന മട്ടിൽ അവരിൽ പലരും മുഖം ചലിപ്പിച്ചു.

ഈജിപ്റ്റിലെ സാധാരണക്കാരിൽ പൊതുവെ ഞാൻ ശ്രദ്ധിച്ച അവരുടെ ഒരു ദുശ്ശീലവും ഇതുതന്നെ; ഞാൻ കണ്ടുമുട്ടിയവരിൽ നല്ലൊരു ശതമാനവും പുകവലിക്കാരാണ്. മിക്ക, ഇടത്തരം റസ്റ്റാറന്റുകളിലും കസ്റ്റമേഴ്സിനു പുകയ്ക്കാൻ പിച്ചള ഹുക്കാക്കുഴലുകൾ നിരത്തിവച്ചിരിക്കുന്നത് കാണാം. ചായയോ ഭക്ഷണമോ പോലെ, ഒരുപക്ഷേ അതിലേറെ താല്പര്യത്തോടെ പലരും ഹുക്കാക്കുഴൽ വായിൽ വച്ച് പുക ഉള്ളിലേക്ക് വലിച്ചുകയറ്റുന്നതു കാണാം.

ഇതൊക്കെയാണെങ്കിലും മറ്റേതൊരു അറബിനാടിനേക്കാളും ഞാൻ ശ്രദ്ധിച്ച ഈജിപ്തിന്റെ ഒരു പ്രത്യേകത, ആ രാജ്യക്കാർ വളരെ സംസ്കാരസമ്പന്നരാണെന്നതായിരുന്നു. ഒരുപക്ഷേ വളരെ ഉന്നതമായ ഒരു പൗരാണിക സംസ്കാരത്തിന്റെ പാരമ്പര്യം അവർക്കുള്ളതുകൊണ്ടാവാം ഇത്. ധാർഷ്ട്യമോ അഹങ്കാരമോ ഇല്ലാത്ത ഒരു സമൂഹത്തെ അവിടെ കണ്ടു. മതനിഷ്ഠ പുലർത്തുവാൻ പരമാവധി അവർ ശ്രമിക്കുന്നതും ശ്രദ്ധിക്കപ്പെട്ടു. പർദ്ദ ധരിക്കാത്ത മുസ്ലിംവനിതകൾ താരതമ്യേന കുറവായിരുന്നു. തുണിപ്പീടികയ്ക്കു മുമ്പിൽ പ്രദർശനത്തിനുവച്ചിരുന്ന സ്ത്രീ പ്രതിമകൾക്കു പോലും പർദ്ദയുടെ മുഖാവരണമുണ്ടായിരുന്നു.

കെയ്റോ മ്യൂസിയം കഴിഞ്ഞ് ഞങ്ങൾ ഉച്ചഭക്ഷണത്തിന് കയറിയ ഇന്ത്യൻ റസ്റ്റാറന്റിന്റെ പേര് 'ഹോട്ടൽ താജ്മഹൽ' എന്നായിരുന്നു. വിഭവസമൃദ്ധമായ ഒരു ലഞ്ചാണ് അവിടെ ഒരുക്കിയിരുന്നത്. ഡഹൽഹിക്കാരനായ അതിന്റെ ഉടമ റഫീഖ് അഹ്മദ്തന്നെ ഭക്ഷണം വിളമ്പിത്തരാനും മേൽനോട്ടം വഹിച്ചു. റഫീഖ് അഹ്മദിന്റെ പിതാവ് 45 വർഷം മുമ്പേ ആരംഭിച്ചതാണീ ഹോട്ടൽ.

ഞങ്ങളുടെ ബസ്സ് ഗീസയിലേക്ക് പുറപ്പെട്ടു. പകൽ വെളിച്ചത്തിൽ ഈ അത്ഭുതശിലാകുടീരങ്ങൾ കാണുകയായിരുന്നു ലക്ഷ്യം. ബസ്സ് ഗീസയിൽ എത്തുന്നതിനു വളരെ മുമ്പുമുതൽ ദൂരെനിന്നുതന്നെ ഈ പിരമിഡുകൾ ദൃഷ്ടിപഥത്തിൽ തെളിഞ്ഞുകണ്ടിരുന്നു.

മൂവരിൽ ഏറ്റവും ഭീമന്റെ അടുത്താണ് ആദ്യം ഞങ്ങളുടെ ബസ്സ് നിറുത്തിയത്. ഇത് വലിയ പിരമിഡ് (Great Pyramid) എന്നറിയപ്പെടുന്നു. സന്ദർശകരുടെ വാഹനങ്ങൾ ഈ മൂന്ന് ശിലാകുടീരങ്ങൾക്കും കുറേ ദൂരേ മാത്രമേ പാർക്കു ചെയ്യാൻ അനുവാദമുള്ളൂ. അകലെനിന്നു കണ്ടാൽ ഈ കൂറ്റൻ സ്മാരകങ്ങൾ തൊട്ടരികിലാണെന്ന തോന്നലാണ് ആദ്യം നമുക്കുണ്ടാകുക. ഏറെ നടന്നാലേ അതിന്നരികിലെത്താനാകൂ. നടന്നടുക്കുന്തോറും അത്ഭുതംകൊണ്ട് കണ്ണുകൾ വികസിച്ചുപോകും. ഒരു വൻമലയോളം ഉയരത്തിൽ, അത്രതന്നെ ചുറ്റളവിൽ തലയെടുത്തു നില്ക്കുകയാണ് ഈ മൂന്നു ഭീമന്മാരും.

ഈ പിരമിഡുകളുടെ നിർമ്മിതി ആധുനികമനസ്സുകൾക്കു ചിന്തിക്കാൻ കഴിയുന്നതിനും അപ്പുറത്തെ അത്ഭുതഭാവമാണുണർത്തുക. 15 ടൺവരെ ഭാരമുള്ള ആയിരക്കണക്കിനു കരിങ്കൽ ബ്ലോക്കുകൾകൊണ്ട് വളരെ ഉയരത്തിൽ പടുത്തുയർത്തപ്പെട്ട ഈ കല്ലറകളുടെ അന്നത്തെ നിർമ്മാണരഹസ്യം, ഇന്നും, ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ എഞ്ചിനിയർമാരെപ്പോലും അത്ഭുതപ്പെടുത്തുന്നു. എങ്ങനെയാണവ നിർമ്മിക്കപ്പെട്ടതെന്നും, അന്നത്തെ സാങ്കേതികവിദ്യ എന്തായിരുന്നുവെന്നതും ഇന്നും അജ്ഞാതം.

ഈജിപ്തിലെ പുരാതനകാലത്തെ ഭരണാധികാരികളായ ഫെറവോമാരുടേതാണ്, മൂവായിരവും നാലായിരവും വർഷം പഴക്കംചെന്ന ഈ ശവകുടീരങ്ങൾ.

ഇവയിൽ ഏറ്റവും വലിയ പിരമിഡിന്റെ നിർമ്മാണം നടത്തിയത് 4500 വർഷങ്ങൾക്കു മുമ്പ് ഖുഫു എന്ന രാജാവാണ്. പതിമൂന്ന് ഏക്കർ വിസ്തൃതിയിലാണ് ഈ പടുകൂറ്റൻ കൽമണ്ഡപം പരന്നുകിടക്കുന്നത്. ഈ ശിലാകുടീരത്തിന്റെ പണി പൂർത്തിയാക്കിയപ്പോൾ, പിരമിഡിനെ പൊതിഞ്ഞിരുന്ന ചുണ്ണാമ്പുകല്ലുകൾ ഉൾപ്പെടെ ആകെ 23 ലക്ഷം ശിലാഖണ്ഡങ്ങൾ ഇതിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചതായി കണ്ടെത്തി. ആ ഓരോ കരിങ്കൽ കഷണത്തിനും രണ്ടര മുതൽ പതിനഞ്ചുവരെ ടൺ തൂക്കമുണ്ടായിരുന്നു.

ഈ മാതൃകയിലും വലിപ്പത്തിലും ഒരു കരിങ്കൽക്കെട്ടിടം ഇന്ന് പണിയുകയാണെങ്കിൽ 7500 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്നു; അഞ്ചര വർഷത്തെ കഠിനാധ്വാനവും.

ഞങ്ങളിതാ, ഞാനും ഭാര്യയും ഈ വലിയ പിരമിഡിനു മുമ്പിൽ മിഴിച്ചുനില്ക്കുകയാണ്. സഹയാത്രികരിൽ പലരും കാഴ്ചകണ്ട് അങ്ങിങ്ങ് ചിതറി നില്ക്കുന്നു.

"എങ്ങനുണ്ട് ദി ഗ്രേറ്റ് പിരമിഡ്?"

ബോബ് എവിടെനിന്നോ പ്രത്യക്ഷപ്പെട്ടു. ചുണ്ടിൽ എരിയുന്ന സിഗരറ്റ് അപ്പോഴുമുണ്ട്.

"ഗംഭീരം...." ഞാൻ തലകുലുക്കി സമ്മതിച്ചു.

ശക്തമായ പൊടിക്കാറ്റ് വീശുന്നുണ്ടായിരുന്നു. കാറ്റിന്നെതിരെ ഞങ്ങൾ മുഖം തിരിച്ചുനിന്നു. ഇടയ്ക്കിടെയുണ്ടാകുന്ന മണൽക്കാറ്റ് ഈ മരുപ്രദേശങ്ങളിലെ ഒരു ശാപമാണ് എന്ന് ബോബ് മുന്നറിയിപ്പ് നല്കി.

കാറ്റിന്റെ ശക്തി കുറഞ്ഞു. വീണ്ടും ചില ടൂറിസ്റ്റ് കോച്ചുകൾകൂടി വന്നുനിന്നു. സായ്പ്പന്മാരുടെ ഓരോ കൂട്ടം അവയിൽനിന്നും ഇറങ്ങിവന്നു. മിക്കവരുടെ കൈകളിലും വീഡിയോ ക്യാമറയുണ്ട്. എന്റെ സ്റ്റിൽ ക്യാമറയും, പിരമിഡുകളുടേയും, ചുറ്റും ടൂറിസ്റ്റുകളെ കയറ്റി സവാരി നടത്താൻ സഞ്ചരിച്ചുകൊണ്ടിരുന്ന ഒട്ടകങ്ങളുടേയും ചിത്രങ്ങൾ ഒപ്പിയെടുത്തു. ഒരു അറബിയുടെ ഒട്ടകത്തിനുമേലെ കയറി ചെറിയൊരു സവാരി നടത്താനും തയ്യാറായി.

ഇതിനകം ബോബ് എല്ലാവരേയും പലയിടത്തുനിന്നായി തെളിച്ചുകൊണ്ടുവന്ന് ബസ്സിൽ കയറ്റി. മണൽക്കാറ്റിന്റെ ശക്തി വർദ്ധിച്ചിരുന്നതിനാൽ, ആ പൂഴിപ്രവാഹത്തിൽനിന്നും രക്ഷപ്പെടാൻകൂടിയാവണം അനുസരണയുള്ള ആട്ടിൻപറ്റംപോലെ ഇടയനെ അനുസരിച്ച്, ഞങ്ങൾ ബസ്സിനുള്ളിൽ കയറിപ്പറ്റി.

ബസ്സ് ഹോട്ടലിലേക്ക് നീങ്ങി. ●

---

*18-ൽ നിന്ന്*

ങ്ങളെയും സദാചാരത്തിന്റെ അതിർവരമ്പുകളേയും പരിഹസിക്കുന്നതോടൊപ്പം മനുഷ്യസമൂഹം കാലാകാലങ്ങളിലായി ബഹുമാനാദരങ്ങൾ അർപ്പിച്ചുപോരുന്ന പരിശുദ്ധാത്മക്കളെ നികൃഷ്ടകഥാപാത്രങ്ങളുടെ രൂപത്തിൽ അവതരിപ്പിച്ച് അവഹേളിക്കുന്ന ആവിഷ്ക്കാര വിദ്യയായിട്ടാണ് ആസൂത്രിതമായി ഇതുപയോഗപ്പെടുത്തിക്കാണുന്നത്. കലയുടേയും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റേയും പേരിൽ മതവിശ്വാസികൾ ഇതൊക്കെ സഹിച്ചുകൊള്ളണമെന്നുള്ളതാണീ സന്ദേശം. സൽമാൻ റുഷ്ദിയുടെ കുപ്രസിദ്ധമായ 'സാത്താനിക പദ്യങ്ങൾ' എന്ന നോവൽ ഇത്തരത്തിൽ ഇസ്‌ലാമിന്റെ പരിശുദ്ധ വ്യക്തികളെ അവഹേളിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ള ജുഗുപ്സാവഹമായ ഒരു കൃതിയാണ്.

**തോൽക്കുന്ന യുദ്ധം നടത്തുന്നവർ**

ഇത്തരത്തിൽ അതിർവരമ്പുകളൊന്നും മാനിക്കാത്ത, കടിഞ്ഞാണില്ലാത്ത, അതുകൊണ്ടുതന്നെ അർത്ഥശൂന്യമായി അനുഭവപ്പെടുന്ന പടിഞ്ഞാറൻ ജീവിതത്തിന്റെ ആവർത്തനമാണ് പാശ്ചാത്യരുടേയും അവരെ പിന്തുടരുന്നുവരുടേയും കലാസാഹിത്യസൃഷ്ടികളിലും അവരുടെ സാംസ്കാരിക മുദ്രകളിലും പ്രതിഫലിക്കുന്നത്. കല കലയ്ക്കുവേണ്ടി എന്നതാണ് മുദ്രാവാക്യം. സദാചാരബോധമോ, സാമൂഹ്യബന്ധങ്ങളോ, വിദ്യാഭ്യാസ താല്പര്യങ്ങളോ ഒന്നും കലാധർമ്മത്തിന് ബാധകമല്ല. ഭൗതികവും നാഗരികവുമായ ഐശ്വര്യസമൃദ്ധി ആത്യന്തികമായി സൃഷ്ടിക്കുന്ന ഇത്തരത്തിലുള്ള സാംസ്കാരികാപചയം ആത്മീയ ദാരിദ്ര്യത്തിന്റെ പ്രതിഫലനമാണ്. മതവിശ്വാസത്തോടും ധർമ്മശാസ്ത്രത്തോടുമുള്ള ബന്ധം ശിഥിലമാകുമ്പോഴാണ് ഇതു സംഭവിക്കുന്നത്.

പാശ്ചാത്യസമൂഹത്തിലെ സംഹാരാത്മകമായ പ്രവണതകൾ വിശകലനം ചെയ്യവെ, അഹ്മദിയ്യാ ജമാഅത്തിന്റെ നാലാമത്തെ ഇമാം ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) ചൂണ്ടിക്കാട്ടിയ ചില വസ്തുതകൾ ഈ സന്ദർഭത്തിൽ പ്രസക്തമാണ്. അദ്ദേഹം പറയുന്നു: "സുഖത്തിനു പിന്നാലെയുള്ള ഓട്ടവും അതോടൊപ്പം സ്വാതന്ത്ര്യേച്ഛയും രണ്ടുംകൂടിയാണ് പാശ്ചാത്യസമൂഹത്തെ ഇന്നുള്ള നിലയിലാക്കി മാറ്റിയത്. സ്വാതന്ത്ര്യം മനുഷ്യനെ അവന്റെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്ന എല്ലാ ബന്ധങ്ങളിൽനിന്നുമുള്ള സ്വാതന്ത്ര്യമായി. സുഖത്തിന്റെ പുതിയ പുതിയ വഴികൾ അവർ കണ്ടുപിടിക്കുന്നു. സകല മാസികകളും പത്രപംക്തികളും ഇക്കാര്യം വിവരിക്കാൻ ഒഴിച്ചിടപ്പെട്ടിരിക്കുന്നു. സകല മനഃശാസ്ത്രപഠനങ്ങളും ഇക്കാര്യത്തെ സംബന്ധിച്ചായിത്തീരുന്നു. സയൻസിന്റെ പേരിൽ വിവിധ ദിശകളിലായി സുഖം കണ്ടെത്തിക്കൊള്ളാൻ അവരോട് പറയപ്പെടുന്നു. സാഡിസത്തിലേക്ക് പോയിക്കൊള്ളുക. അങ്ങോട്ട് പോകൂ. ഇങ്ങോട്ട് പോകൂ. സ്വവർഗ്ഗരതിയാവട്ടെ, മനുഷ്യന് ആലോചിക്കാവുന്ന ഏതുതരം ഭ്രംശം ആയാലും തരക്കേടില്ല- സുഖം തേടിക്കൊള്ളുക. അങ്ങനെ അവർ ചെയ്തുനോക്കുകയും ചെയ്തു. എന്നാൽ, ഏതുവഴിയിലൂടെ നീങ്ങിയിട്ടും അവർ ചെന്നെത്തുന്നത് ദുരന്തത്തിൽ മാത്രം. അവർ തോൽക്കുന്ന യുദ്ധമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സുഖത്തിനുവേണ്ടിയുള്ള അവരുടെ കുതിപ്പ് അവസാനത്തിൽ എത്തിനില്ക്കുകയാണ്. ഇനി അവിടെ അവർക്ക് നൽകപ്പെടാനിരിക്കുന്നത് ദുരിതങ്ങളും ഒന്നുമില്ലായ്മയും മാത്രം!"

ഈ കൂട്ടസംഹാരത്തിന്റെ അവസ്ഥയ്ക്ക് എന്താണ് പരിഹാരം? ആ മഹാത്മാവ് പറയുന്നു: "ഒരേയൊരു പരിഹാരം മാത്രമേയുള്ളൂ. യഥാർത്ഥമായ ആനന്ദവും യഥാർത്ഥമായ സംതൃപ്തിയും സന്തുഷ്ടിയും സ്രഷ്ടാവിനോട് ബന്ധം സ്ഥാപിക്കുന്നതിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ. അതിനുവേണ്ടി മാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എല്ലാ വസ്തുക്കളും ഓരോ ഉദ്ദേശ്യത്തോടെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. തന്റെ നാഥനുമായി ബന്ധപ്പെടുന്നതിനുവേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നു വിശുദ്ധഖുർആൻ പറയുന്നു" (*പാശ്ചാത്യ സൊസൈറ്റിയുടെ ഭാവി, സത്യദൂതൻ, 10.1994*). ●

ലേഖനം

വിവ: ഹസ്സൻകോയ

# സൂറഃ അല്ലഹബ്

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ വ്യാഖ്യാനം
(ഇംഗ്ലീഷ് പരിഭാഷയിൽനിന്ന്)

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ.

അബൂലഹബിന്റെ ഇരുകരങ്ങളും തകർന്നു. അവൻതന്നെയും തകർന്നുകഴിഞ്ഞു. അവന്റെ ധനമോ അവൻ പരിശ്രമിച്ച് സമ്പാദിച്ചതോ അവന് ഒരു പ്രയോജനവും ചെയ്തില്ല. താമസിയാതെ അവൻ ജ്വാലയുള്ള അഗ്നിയിൽ പ്രവേശിക്കുന്നതാണ് (വിശുദ്ധഖുർആൻ, 111:1-4).

നബി(സ) തിരുമേനി ദൈവനിയുക്തനായത് മുതൽ ഊന്നിപ്പറയാറുള്ളതായിരുന്നു താൻ വിജയശ്രീലാളിതനായിത്തീരുമെന്ന്. അങ്ങേയറ്റം എതിർക്കപ്പെട്ടാലും താൻ വിജയിക്കുമെന്ന് ആ മഹാത്മാവ് പ്രവചിച്ചിരുന്നു. ഭയാനകമായ പരീക്ഷണങ്ങൾ അദ്ദേഹത്തിന് നേരിടേണ്ടി വന്നു. അദ്ദേഹത്തിന്റെ ജീവൻപോലും അപകടത്തിലാക്കാൻ ശ്രമങ്ങളുണ്ടായി. അദ്ദേഹത്തിന്റെ അനുയായിസമൂഹത്തെ തുടച്ചുനീക്കാൻ വലിയ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടു. അതുമായി കൂട്ടിയിടിക്കുന്ന എന്തിനേയും തരിപ്പണമാക്കുന്ന മൂലക്കല്ലുപോലെ തിരുമേനി(സ) എല്ലാ എതിർപ്പുകൾക്കുമെതിരിൽ വിജയം നേടി. അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ പൂർണ്ണമായും ന്യായീകരിക്കത്തക്കതായിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. താനും തന്റെ സമുദായവും അതിജീവിക്കുമെന്ന് ആശിക്കാൻപോലും പറ്റാത്ത സാഹചര്യങ്ങളിൽ താൻ വിജയശ്രീലാളിതനാകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഇസ്‌ലാം കിഴക്കും പടിഞ്ഞാറും വ്യാപിക്കുമെന്നും മനുഷ്യകുലം തന്റെ പതാകക്ക് കീഴിൽ ഒരുമിച്ചുകൂട്ടപ്പെടുമെന്നും ഇസ്‌ലാമികാദർശങ്ങൾ വിദൂരദേശങ്ങളിൽ പരക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. തന്റെ അനുയായികൾ വിശുദ്ധഖുർആനെ ഉപേക്ഷിക്കുകയും അധഃപതിക്കുകയും ചെയ്യുന്ന ഒരു കാലത്തെക്കുറിച്ചും അദ്ദേഹം പറഞ്ഞിരുന്നു. അവരുടെ മേൽക്കോയ്മ നശിക്കുകയും പുതിയ രാഷ്ട്രങ്ങൾ അവരെ അടിമപ്പെടുത്തുകയും ചെയ്യും. ഇസ്‌ലാമിന്റെ ആധിപത്യം വീണ്ടും സ്ഥാപിക്കാൻ തിരുനബി(സ) യുടെ ആത്മാവിനെ അല്ലാഹു എഴുന്നേൽപിക്കുന്ന കാലമായിരിക്കും അത്. ഈ പ്രവചനങ്ങൾ വിശുദ്ധഖുർആനിൽ കാണാൻ കഴിയും. ഇതിനെ സംബന്ധിച്ച് നബി(സ.അ) തിരുമേനി കൂടുതൽ വിശദീകരിച്ചതായി ഹദീസുഗ്രന്ഥങ്ങളിലും കാണാം.

എല്ലാം അക്ഷരാർത്ഥത്തിൽതന്നെ പുലർന്നിരിക്കുന്നു. പരിപൂർണ്ണമായ നിസ്സഹായാവസ്ഥയിൽ പ്രവചിക്കപ്പെട്ട വിജയവും ശക്തമായ വിജയത്തിന്റെ ഔന്നത്യത്തിൽനിന്നുള്ള പതനത്തെക്കുറിച്ചുള്ള പ്രവചനവും മനസ്സിന്റെ സൃഷ്ടിയാവാൻ നിവൃത്തിയില്ല. ഏറ്റവും അസാധാരണമായ സാഹചര്യങ്ങളിൽ പ്രവചനങ്ങളുടെ പൂർത്തീകരണത്തിന്റെ അർത്ഥം ഇസ്‌ലാമിന്റെ ഭാവിയെ സംബന്ധിച്ച വിവരങ്ങൾ നബി(സ.അ) തിരുമേനിക്ക് ദൈവികമായ വെളിപാടായി ലഭിച്ചതാണെന്നാണ് അദ്ദേഹത്തിന്റെ സത്യത്തിന് തെളിവും അതിന്റെ പരിശുദ്ധമായ ഉറവിടം വെളിപ്പെടുത്തുന്നതും.

ഇന്ന് യൂറോപ്പിന്റെ ശക്തിയാണ് പരമോന്നതപദത്തിൽ നില്ക്കുന്നത്. അവരുടെ സംസ്ക്കാരവും നവസംവിധാനവും സാങ്കേതികവിദ്യയും സർവ്വാംഗീകൃതമാണ്. ലോകം ഭയാദരവുകളോടെ അവരിലേക്ക് നോക്കുന്നു. ബുദ്ധിയുടേയും അറിവിന്റേയും എല്ലാ രംഗങ്ങളിലും അവർ യജമാനന്മാരായി ഗണിക്കപ്പെടുന്നു. യൂറോപ്പ് അതിന്റെ പ്രാബല്യം ചൂണ്ടിക്കാണിക്കുകയും അതിന്റെ വഴികളുടെ ഉൽക്കൃഷ്ടതക്ക് തെളിവായി അത് അവതരിപ്പിക്കുകയും ചെയ്യുമ്പോൾ ഇന്നേവരെ അധികാരത്തിന്റെയും അന്തസ്സിന്റെയും വാഹകരായിരുന്ന, (അവരുടെ കുതിരകൾ അതിന്റെ മണ്ണിൽ തടസ്സമില്ലാതെ കുതിച്ചോടിയിരുന്നു) ഇന്നത്തെ മുസ്‌ലിംകൾ പരിമിതപ്പെടുത്തപ്പെട്ടവരായും വലയം ചെയ്യപ്പെട്ടവരായും തങ്ങളെ സ്വയം കണ്ടെത്തുന്നു. ഏതൊരു സിംഹത്തിന്റെ മുന്നിൽ യൂറോപ്പിലെ രാഷ്ട്രങ്ങൾ നിസ്സാരരായ ചുണ്ടെലികളെപ്പോലെയായിരുന്നുവോ ആ സിംഹം ഇന്ന് മുടന്തനും ദുർബ്ബലനുമാണ്. ചുണ്ടെലികൾ അതിന്റെ ശരീരത്തിനു ചുറ്റും തുള്ളിക്കളിക്കുന്നു. അതിന്റെ ഇറച്ചി കടിച്ചുതിന്നുന്നു. എന്നിട്ടും സിംഹത്തിന് അവയെ അടിച്ചകറ്റാനുള്ള ശക്തിയില്ല.

മുസ്‌ലിം ഇന്ന് നിരാശനാണ്. ഇസ്‌ലാം അതിന്റെ അവസാനഘട്ടത്തിലാണെന്നവൻ കരുതുന്നു. അവൻ യൂറോപ്പ് സന്ദർശിച്ച് അതിന്റെ ഭൗതികപുരോഗതി കാണുമ്പോൾ ആശയറ്റവനായി പരാജയത്തിന്റെ സന്ദേശവും പേറിക്കൊണ്ട് വീട്ടിൽ തിരിച്ചെത്തുന്നു. അവനെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം ഇനി പൂർവ്വ

സ്ഥിതിയിലെത്തുകയില്ല. ഒരുഭാഗത്ത് രാഷ്ട്രീയരംഗത്ത് ഇസ്‌ലാമിന് പരാജയം നേരിട്ടിരിക്കുന്നു. മറുഭാഗത്ത്, അതിന്റെ അനുയായികൾ അതിനോട് വിട പറഞ്ഞിരിക്കുന്നു. അവർ പാശ്ചാത്യരെ തങ്ങളുടെ മാർഗ്ഗദർശിയായി സ്വീകരിച്ചിരിക്കുന്നു. അവർക്ക് പാദസേവ ചെയ്യൽ അന്തസ്സും സംതൃപ്തിയുമുള്ള കാര്യമായി അവർ കരുതുന്നു. തങ്ങളുടെ ഗ്രന്ഥം പരിപൂർണ്ണമായ മാർഗ്ഗദർശനമടങ്ങുന്നതാണെന്നും മനുഷ്യതാല്പര്യമുള്ള ഒരു രംഗവും അത് വിട്ടുകളഞ്ഞിട്ടില്ലെന്നുമുള്ള കാര്യം അവർ വിസ്മരിച്ചിരിക്കുന്നു. മറ്റെവിടെയെങ്കിലും അന്വേഷിക്കേണ്ട ആവശ്യകതയെ അത് നിരോധിച്ചിരിക്കുന്നു. അതിന്റെ പ്രകാശത്തിന് ആത്മാവിനെ തേജോമയമാക്കാൻ സാധിക്കും. അതിന്റെ അധ്യാപനങ്ങളെ പിന്തുടർന്നാൽ ആത്മീയമായും ഭൗതികമായും ഒരാൾക്ക് പ്രയോജനം നേടാൻ സാധിക്കും.

ഇസ്‌ലാമിന്റെ പതനത്തെക്കുറിച്ചും പാശ്ചാത്യരുടെ പുരോഗതിയെക്കുറിച്ചും തിരുനബി(സ.അ) ചെയ്ത പ്രവചനങ്ങൾ ആ മഹാത്മാവിന്റെ അവകാശവാദങ്ങളുടെ സത്യതയുടെ ഉരകല്ലാണ്. 1300-ൽ അധികം വർഷങ്ങൾക്കു മുമ്പ് ഇത്തരം കാര്യങ്ങൾ അതിന്റെ എല്ലാ വിശദീകരണങ്ങളോടും കൂടി എങ്ങനെ പ്രവചിക്കാൻ കഴിഞ്ഞുവെന്ന കാര്യം മനസ്സിനെ അത്ഭുതസ്മിതമാക്കുന്നതാണ്. ഒരു ചലച്ചിത്ര സ്ക്രീനിലെന്നപോലെ ആ മഹാത്മാവ് ഈ സംഭവങ്ങൾ വിവരിക്കുന്നു. ഭാവിയിലെ സംഭവങ്ങൾ ഒരു തിരശ്ശീലയിലെന്നവണ്ണം മിന്നിമറഞ്ഞുകൊണ്ടിരിക്കയാണ്. ഇക്കാര്യങ്ങൾ സംഭവിക്കുകതന്നെ ചെയ്തുവെന്നത് ഇത് സർവ്വജ്ഞനായ അല്ലാഹു ആ മഹാത്മാവിന് വെളിപ്പെടുത്തിക്കൊടുത്തതാണെന്നതിന് അനിഷേധ്യമായ തെളിവാണ്.

അതിനാൽ ഇസ്‌ലാമിന്റെ ഇപ്പോഴത്തെ ദുർബ്ബലാവസ്ഥ മുസ്‌ലിമിനെ നിരാശനാക്കരുത്. ഇസ്‌ലാമിന്റെ പതനത്തെക്കുറിച്ച് തിരുനബി(സ.അ)ക്ക് വെളിപ്പെടുത്തിക്കൊടുത്ത അതേ ദൈവം അതിന്റെ നവോത്ഥാനത്തെക്കുറിച്ചും ശത്രുക്കളുടെമേൽ അത് ആധിപത്യം നേടുന്നതിനെക്കുറിച്ചുമുള്ള സുവിശേഷം നല്കിയിട്ടുണ്ട്. അതിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ സ്വയം തകരും. അതിന്റെ പതാക ഒരിക്കൽകൂടി ലോകത്ത് പാറിക്കളിക്കും. ഇത് ദൈവത്തിന്റെ സ്വന്തം ഇച്ഛ മുഖേനയായിരിക്കും സംഭവിക്കുക. ഇസ്‌ലാമിന്റെ ആവിർഭാവകാലത്ത് സംഭവിച്ചതുപോലെ അവസാനകാലത്ത് നബി(സ) തിരുമേനിയുടെ ആത്മാവ് വീണ്ടും ആഗതമാകുകയും അത് ദൈവത്തിന്റെ സഹായവും അനുഗ്രഹവും ആഗിരണം ചെയ്യുകയും ചെയ്യും. മലക്കുകളുടെ കൂട്ടം ആകാശത്തുനിന്നിറങ്ങി ദുർബ്ബലരെ ശക്തരും ആധിപത്യത്തിന്നവകാശികളാക്കുകയും ചെയ്യും. മുസ്‌ലിംകൾ ആശ കൈവെടിയേണ്ടതില്ല. പകരം അവർ നബിതിരുമേനിയുടെ മേലങ്കിയിൽ മുറുകെ പിടിക്കുകയും അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട കാര്യത്തിനുവേണ്ടി തയ്യാറെടുക്കുകയും നിശ്ചയദാർഢ്യത്തോടെ കാത്തിരിക്കുകയും ചെയ്യണം.

ആധുനികകാലത്തെക്കുറിച്ച് വിശുദ്ധഖുർആനിൽ നിന്നും ഹദീസുഗ്രന്ഥങ്ങളിൽനിന്നും ചില പ്രവചനങ്ങൾ വിവരിക്കാം. ഈ കാലഘട്ടവുമായി സൂറഃ അല്ലഹബിന് അടുത്തബന്ധമുണ്ട്. പ്രവചിക്കപ്പെട്ടപ്രകാരംതന്നെ ഇസ്‌ലാമിന്റെ പതനം സംഭവിച്ചിരിക്കുന്നതിനാൽ അതിന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന പുരോഗതിയും യഥാകാലം വന്നുഭവിക്കുമെന്ന് മേൽസൂറ വായിക്കുകയും അതേപ്പറ്റി ചിന്തിക്കുകയും ചെയ്യുന്ന ഒരു വിശ്വാസിക്ക് ഉത്തമബോധ്യം വരും.

അവസാനകാലത്ത് ഇസ്‌ലാമിനു നേരിടേണ്ടിവരുന്ന പരീക്ഷണങ്ങളിൽ രണ്ട് പ്രതിയോഗികളെ സംബന്ധിച്ച് പ്രത്യേകം പരാമർശം കാണാം. അവയെക്കുറിച്ചുള്ള പ്രത്യേക പരാമർശം അവ ഇസ്‌ലാമിന് വരുത്തുന്ന വമ്പിച്ച ദോഷം കാരണമായാണ്. ഒന്നിന്റെ പേര് ദജ്ജാൽ എന്നാണ്. മറ്റേത് അറിയപ്പെടുന്നത് യഅ്ജൂജ്-മഅ്ജൂജ് (ഗോഗ്-മഗോഗ്) എന്നുമാണ്.

സഹീഹ് മുസ്‌ലിമിൽ ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ഹുദൈഫത ബിൻ ഉസൈദ് അൽഗഫാരി(റ) നിവേദനം ചെയ്തിരിക്കുന്നു. ഞങ്ങൾ ഒരു ചർച്ചയിൽ ആയിരിക്കുമ്പോൾ അല്ലാഹുവിന്റെ റസൂൽ(സ) പെട്ടെന്ന് ഞങ്ങളുടെയടുക്കൽവന്നു. തിരുമേനി ചോദിച്ചു. 'നിങ്ങളെന്താണ് ചർച്ചചെയ്യുന്നത്?' ഞങ്ങൾ പറഞ്ഞു: ഞങ്ങൾ ഖിയാമത്തുന്നാളിനെക്കുറിച്ച് സംസാരിക്കുകയാണ്. അപ്പോൾ തിരുമേനി പറഞ്ഞു: നിങ്ങൾ പത്ത് അടയാളങ്ങൾ കാണുന്നതുവരെ അത് നിങ്ങളിൽ വരില്ല. പിന്നെ സൂചിപ്പിച്ചു. പുക, ദജ്ജാൽ, പടിഞ്ഞാറുനിന്ന് സൂര്യനുദിക്കൽ, ഈസബ്നുമർയമിന്റെ ഇറക്കം, യഅ്ജൂജ്-മഅ്ജൂജ്, മൂന്ന് സ്ഥലങ്ങളിൽ ഭൂമി തെന്നിനീങ്ങൽ ഒന്ന് കിഴക്ക്, മറ്റൊന്ന് പടിഞ്ഞാറ്, മറ്റൊന്ന് അറേബ്യയിൽ. അതിന്റെ അവസാനം യമനിൽനിന്ന് തീ ജ്വലിക്കും. അത് ജനങ്ങളെ അവരുടെ സമ്മേളനസ്ഥലത്തേക്ക് തിരിക്കും" (മുസ്‌ലിം). ദജ്ജാലും യഅ്ജൂജ്-മഅ്ജൂജും ഒരേ പ്രക്ഷുബ്ധതയുടെ വ്യത്യസ്ത വശങ്ങളാണെന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാകും. അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ യഅ്ജൂജ്-മഅ്ജൂജിനെക്കുറിച്ചു മാത്രം പരാമർശിക്കപ്പെട്ടിട്ടുള്ളത്. മറ്റേതിനെപ്പറ്റി നേരിട്ടുള്ള പരാമർശമില്ല. എന്നാൽ,ഹദീസുകളിൽ ദജ്ജാലിന് വളരെയധികം പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നു. ഒരു ഹദീസിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ദജ്ജാലിനെക്കുറിച്ച് സംസാരിക്കുമ്പോൾ നബി (സ) പറഞ്ഞു. ദജ്ജാലിനെ സംബന്ധിച്ച് തന്റെ ജനതയെ താക്കീത് ചെയ്യാത്ത ഒരു പ്രവാചകനും ഉണ്ടായിട്ടില്ല. നൂഹ്(അ) തന്റെ ജനതയെ ദജ്ജാലിനെക്കുറിച്ച് താക്കീത് ചെയ്തു. അപ്രകാരം ഞാനും താക്കീത് ചെയ്യുന്നു.

ഇത്തരം ഭീമമായ ഒരു ദുർന്നിമിത്തം വിശുദ്ധഖുർ

ആൻ ഒരിക്കലും അഗണ്യമാക്കുമായിരുന്നില്ല. ഒരേ യാഥാർത്ഥ്യത്തിന്റെ വ്യത്യസ്ത നാമങ്ങളാണ് ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ് എന്നിവ. ഇസ്ലാമിന് നേരിടേണ്ടിവരുന്ന ആ ഭീഷണിയുടെ വിവിധ വശങ്ങളാണ് ആ പേരുകൾ പ്രതിനിധാനം ചെയ്യുന്നത്. അവയുടെ പ്രതീക്ഷിക്കപ്പെട്ട പൊതുവായ ആഗമന കാലവും ഈ യാഥാർത്ഥ്യത്തെ അനുകൂലിക്കുന്നു. രണ്ടും ലോകത്ത് ആധിപത്യം നേടും. ഇവ രണ്ടും ഒന്നുതന്നെയാണെന്നതിന് ഇതും തെളിവാണ്.

ദജ്ജാൽ എന്ന പദത്തിന് ചതിയൻ, നാട്യക്കാരൻ എന്നൊക്കെയാണ് അർത്ഥം. പ്രവാചകന്മാർ തങ്ങളുടെ ജനതകളെ താക്കീത് ചെയ്ത അവസാനകാലത്തെ വൻവിപത്തിന് രണ്ട് ലക്ഷണങ്ങളുണ്ട്. മതപരമായ വിശ്വാസങ്ങളുടെയും ആദർശങ്ങളുടെയും വക്രത, രാഷ്ട്രീയമായ ദുഷിപ്പും, ലോകസമാധാനതകർച്ചയും മതപരമായ വിശ്വാസത്തിന്റെ വക്രതയുമായി ബന്ധപ്പെട്ട വശമാണ് ദജ്ജാൽ. വ്യാജപ്പെടുത്തുകയും വഞ്ചിക്കുകയും ചെയ്യുന്നവൻ. രാഷ്ട്രീയരംഗത്ത് അസ്വസ്ഥതയുണ്ടാക്കുകയും ലോകസമാധാനം തകർക്കുകയും ചെയ്യുന്ന വശത്തിന്റെ മൂർത്ത രൂപമാണ് ഗോഗ്-മഗോഗ് അഥവാ യഅ്ജൂജ്- മഅ്ജൂജ്.

ഗോഗ്-മഗോഗ്, അറബിയിൽ യഅ്ജൂജ്-മഅ്ജൂജ് എന്ന പദം അജീജ് എന്നതിൽനിന്ന് നിഷ്പന്നമായതാണ്. അതിന്റെ അർത്ഥം അഗ്നിയെ ജ്വലിപ്പിക്കുക എന്നാണ്. അഗ്നിയുടെമേൽ ആധിപത്യമുള്ള ഒന്നിനാണ് യഅ്ജൂജ്-മഅ്ജൂജ് എന്ന് പറയുന്നത്. ലോകത്ത് ആധിപത്യം നേടാൻ അവർ അഗ്നിമയമായ ആയുധങ്ങൾ ഉപയോഗിക്കുന്നു. ഈ പ്രാഥമിക വിശദീകരണത്തോടെ ഗോഗ്-മഗോഗിനെ സംബന്ധിച്ച് വിശുദ്ധഖുർആന്റെ വിശദീകരണത്തിലേക്ക് തിരിയാം.

വിശുദ്ധഖുർആൻ പറയുന്നു. "ഏതുവരെയെന്നാൽ, യഅ്ജൂജ് മഅ്ജൂജ് തുറന്നുവിടപ്പെടുകയും അവർ എല്ലാ ഉയരങ്ങളിൽനിന്നും സമുദ്രതിരമാലകളിൽനിന്നും ശീഘ്രസഞ്ചാരം ചെയ്തുവരികയും" (21:97) കുറേകാലത്തേക്ക് ഗോഗ് മഗോഗ് ഭൂമിയുടെ അറ്റങ്ങളിൽ പരിമിതപ്പെടുത്തപ്പെടും. പിന്നെ അവയുടെ തടസ്സം പൊട്ടിക്കപ്പെടും. ആ തടസ്സത്തിന്റെ തകർച്ച എന്നാൽ, ഇസ്ലാമിന്റെ രാഷ്ട്രീയാധികാരം നഷ്ടപ്പെടുമെന്നും മുസ്ലിംകളുടെ ആത്മീയാവസ്ഥ വളരെ താഴ്ന്നുപോകുമെന്നുമാണ്. മുസ്ലിംകൾ തങ്ങളുടെ മതത്തെ വിസ്മരിച്ചിട്ടുണ്ടാകും. ഈ കാലഘട്ടത്തെ പരാമർശിച്ചുകൊണ്ട് സൂറത്തുൽ സജ്ദയിൽ സർവ്വശക്തനായ അല്ലാഹു പറയുന്നു:

"അവൻ ആകാശത്തിൽനിന്ന് ഭൂമിയിലേക്ക് (തന്റെ) കല്പനകൾ നിയന്ത്രിക്കുന്നു. പിന്നീട് അത് (കല്പനകൾ) ഒരു നിശ്ചിത കാലയളവിൽ അവന്റെ അടുക്കലേക്ക് കയറിപ്പോകുന്നു. നിങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുന്നതിനനുസരിച്ച് അതിന്റെ (ആ കാലഘട്ടത്തിന്റെ) ദൈർഘ്യം ആയിരം കൊല്ലമാണ് (12:6).

ഇതിന്റെ അർത്ഥം നബിതിരുമേനി(സ)യുടെ കാലഘട്ടത്തിൽ ഇസ്ലാമിന് മഹത്തായ പുരോഗതി ഉണ്ടാകുമെന്നാണ്. ഈ കാലഘട്ടം വിവിധ ഹദീസുകളിൽ വിവരിക്കപ്പെട്ടപ്രകാരം മുന്നൂറ് വർഷം നീണ്ടുനില്ക്കും. അതിനുശേഷം പതനമാരംഭിക്കും. അത് ആയിരം വർഷമായിരിക്കും. അതിനാൽ മേൽഖുർആൻ സൂറത്തിൽ പറഞ്ഞ കാലഘട്ടം തിരുനബി(സ)യുടെ കാലം മുതൽ 1300 വർഷംവരെ നീളുന്നു. 21-ാം അധ്യായം 97-ാം സൂക്തത്തിൽനിന്നും യഅ്ജൂജ് മഅ്ജൂജ് എന്ന് വിശേഷിപ്പിക്കപ്പെട്ട രാഷ്ട്രങ്ങൾ പർവ്വതങ്ങൾക്കപ്പുറം സമുദ്രത്താൽ വേർതിരിക്കപ്പെട്ട വിദൂരദേശങ്ങളിലെ ജനതയാണെന്ന് മനസ്സിലാക്കാൻ കഴിയും. ഇവിടെ ഉപയോഗിക്കപ്പെട്ട പദം ഹദബ് എന്നാണ്. അതിന്റെ അർത്ഥം ഉയർന്നഭൂമി, തിരമാല എന്നിവയാണ്. ഇവിടെ പ്രവചിക്കപ്പെട്ട സംഭവങ്ങൾ നടക്കുമ്പോൾ ഈ വിദേശ രാഷ്ട്രങ്ങൾ സമുദ്രത്തിലെ തിരമാലകളെ ഭേദിച്ച് ഉയർന്ന ഭൂമികളിൽനിന്ന് ഏഷ്യൻനാടുകളിലേക്ക് വരും. നാമിവിടെ ഏഷ്യ എന്ന് പേരെടുത്ത് പറയാൻ കാരണം ഇവിടെ തിരുനബിയുടെയും അദ്ദേഹത്തിന്റെ ശത്രുക്കളേയും കുറിച്ചുള്ള പരാമർശമാണുള്ളത്. തിരുനബി(സ)യുടെ സമൂഹം ഏഷ്യയിലാണ് വസിക്കുന്നത്. സ്വാഭാവികമായി ഈ സൂക്തത്തിൽ പരാമർശിച്ച സ്ഥലം ഇതുതന്നെയായിരിക്കും. അതേപ്രകാരം സൂറത്തുൽ കഹ്ഫിൽ സർവ്വശക്തനായ അല്ലാഹു പറയുന്നു:

"അങ്ങനെ അദ്ദേഹം രണ്ട് മലക്കുകൾക്കിടയിലുള്ള സ്ഥലത്തെത്തിയപ്പോൾ അതിനപ്പുറം ഒരു ജനതയെ അദ്ദേഹം കണ്ടെത്തി. അവർക്ക് (അദ്ദേഹത്തിന്റെ) വാക്കുകൾ വളരെ പ്രയാസപ്പെട്ടു മാത്രമേ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

അവർ പറഞ്ഞു. 'ഓ, ദുൽഖർനൈൻ! തീർച്ചയായും യഅ്ജൂജും മഅ്ജൂജും നാട്ടിൽ കുഴപ്പമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. താങ്കൾ ഞങ്ങൾക്കും അവർക്കുമിടയിൽ ഒരു മതിൽ നിർമ്മിക്കുമെന്ന വ്യവസ്ഥയിൽ ഞങ്ങൾ താങ്കൾക്ക് കരം നിശ്ചയിക്കട്ടെയോ?

അദ്ദേഹം പറഞ്ഞു. (ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ) എന്റെ നാഥൻ എനിക്ക് പ്രദാനം ചെയ്തിട്ടുള്ള ശക്തിയും സ്വാധീനവും (എതിരാളികൾക്കുള്ളതിനേക്കാൾ) വളരെ മികച്ചതാണ്. അതിനാൽ (പ്രയത്നം) ശക്തിക്കൊണ്ട് നിങ്ങളെന്നെ സഹായിക്കുവിൻ. നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ (ശക്തമായ) ഒരു ഭിത്തി നിർമ്മിച്ചുതരാം. നിങ്ങൾ എനിക്ക് ഇരുമ്പു കഷണങ്ങൾ കൊണ്ടുവരൂ. അങ്ങനെ രണ്ട് മലകൾക്കിടയിൽ അദ്ദേഹം വിടവ് സമമാക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങൾ (തീ) ഊതിക്കത്തിക്കുവിൻ. തുടർന്ന് അദ്ദേഹം അതിനെ അഗ്നിമയമാക്കിയപ്പോൾ അദ്ദേഹം കല്പിച്ചു. കൊണ്ടുവരിക, ഞാൻ അതിന്മേൽ ഉരുക്കിയ ചെമ്പ് ഒഴിക്കാം."

അങ്ങനെ അവർക്ക് അത് കയറിമറിയാനോ, തുരന്ന്

*പേജ് 29-ൽ*

ലേഖനം

മഹ്മൂദ്, കൽക്കുളം

# തഖ്‌വ:
## ലക്ഷ്യസാക്ഷാത്ക്കാരത്തിന്റെ മാർഗ്ഗം

ഭക്തിസാന്ദ്രമായ സൂക്ഷ്മജീവിതവും സ്ഥിരമായ പ്രാർത്ഥനയും അചഞ്ചലമായ വിശ്വാസവും മുഖേന മനുഷ്യന് ലഭ്യമാകുന്ന രണ്ട് ഉദ്യാനങ്ങളെക്കുറിച്ച് വിശുദ്ധഖുർആനിൽ പരാമർശിക്കുന്നുണ്ട്. "തന്റെ രക്ഷിതാവായ ദൈവത്തെ ഭയപ്പെടുകയും അവന്റെ മഹിതസ്ഥാനത്തേയും പ്രഭാവത്തേയും ഭക്തിയോടുകൂടി വീക്ഷിക്കുകയും ചെയ്യുന്നവനാരോ അവന് ഇഹത്തിലും പരത്തിലും രണ്ട് സ്വർഗ്ഗമുണ്ട്" (*വിശുദ്ധഖുർആൻ, 55:47*). "ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെമേൽ മലക്കുകൾ ഇറങ്ങും. ആ മലക്കുകൾ പറയും, നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹികജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്കവിടെ (സ്വർഗ്ഗത്തിൽ) ലഭിക്കും. നിങ്ങളാവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും" (41:30–32). ഇഹത്തിലും പരത്തിലും മനുഷ്യന് കരഗതമാകുന്ന ആത്മീയാനുഭൂതികളെ പറ്റിയാണ് മേൽസൂക്തങ്ങളിൽ അനാവരണം ചെയ്തിരിക്കുന്നത്. എന്നാൽ, ലൗകികതൃഷ്ണകളിൽ കാലയാപനം നടത്തിയവർ ഒടുവിൽ ആത്മീയാന്ധതയിൽ അകപ്പെടുകയും ചെയ്യുന്നു. "ഏതൊരുവൻ ഇഹത്തിൽ അന്ധനായിരിക്കുന്നുവോ അവൻ പരത്തിലും അന്ധനായിരിക്കുന്നതാണ്" (17:73). ഈ വചനത്തിന് വിവരണം നല്കിക്കൊണ്ട് വാഗ്ദത്തമസീഹ് (അ) ഇപ്രകാരം വിവരിക്കുന്നു: "ഈ ദൈവവാക്യം വ്യക്തമായി സൂചിപ്പിക്കുന്നത്, യഥാർത്ഥ ഭക്തന്മാർ, ഐഹികജീവിതത്തിൽതന്നെ ദൈവത്തിന്റെ തിരുമുഖം ദർശിക്കുമാറാകുമെന്നും അവർ സർവ്വസ്വവും ത്യജിച്ച് ഹൃദയപൂർവ്വം കാമിച്ച അവരുടെ അനുരാഗപാത്രമായ ദൈവം അവന്റെ മഹൽപ്രഭാവത്തോടുകൂടി ഇഹത്തിൽവച്ചുതന്നെ അവർക്ക് പ്രത്യക്ഷപ്പെടുമെന്നുമാണ്. ചുരുക്കത്തിൽ, സ്വർഗ്ഗീയജീവിതത്തിനുള്ള അടിസ്ഥാനമിടുന്നത് ഇഹത്തിൽവച്ചുതന്നെയാണെന്നും നരകീയമായ അന്ധജീവിതം രൂപമെടുക്കുന്നത് ഐഹീകത്തിലെ അശുദ്ധിയോടും ആത്മീയാന്ധതയോടുംകൂടിയ ജീവിതത്തിൽനിന്നാണെന്നുമത്രെ പ്രസ്തുത വാക്യത്തിൽ സൂചിതമായിരിക്കുന്നത്" (ഇസ്ലാംമത തത്വജ്ഞാനം). മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ ലോകം ഒരു താൽക്കാലികഗേഹവും പരലോകത്തിന്റെ കൃഷിയിടവുമാകുന്നു. ഇത് സംബന്ധമായി വിശുദ്ധഖുർആൻ പറയുകയാണ്. "ഈ ഐഹികജീവിതം വിനോദവും കളിയും മാത്രമാണ്. പാരത്രികജീവിതംതന്നെയാണ് യഥാർത്ഥജീവിതം. അവർ അറിയുന്നവരായിരുന്നെങ്കിൽ" (29:65). "എന്റെ ജനമേ, ഈ ഐഹികജീവിതം താൽക്കാലികസുഖാനുഭൂതി മാത്രമാണ്. പരലോകംതന്നെയാണ് ശാശ്വതജീവിതത്തിനുള്ള വീട്. ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലം മാത്രമേ അവന് ലഭിക്കുകയുള്ളൂ. ആരെങ്കിലും, അയാൾ ആണോ, പെണ്ണോ ആയിരിക്കെ സൽക്കർമ്മം ചെയ്യുന്നതായാൽ, അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവിടെ അവർക്ക് കണക്കില്ലാതെ അനുഗ്രഹങ്ങൾ നല്കപ്പെടുകയും ചെയ്യും" (40:40,41). "നിങ്ങൾക്ക് ഏതൊന്ന് നല്കപ്പെട്ടിട്ടുണ്ടോ അത് ഐഹികജീവിതത്തിന്റെ താൽക്കാലികവിഭവങ്ങൾ മാത്രമാണ്. എന്നാൽ, വിശ്വസിക്കുകയും (തങ്ങളുടെ കാര്യങ്ങൾ) തങ്ങളുടെ നാഥനിൽ അർപ്പിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെയടുക്കൽ ഉള്ളതാണ് ഏറ്റവും ഉത്തമവും ശാശ്വതവുമായിട്ടുള്ളത്" (42:37). "നിങ്ങൾ അറിഞ്ഞുകൊള്ളുക, ഐഹികജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം വമ്പു നടിക്കലും ധനത്തിലും സന്തതികളിലും പെരുമ കാണിക്കലും മാത്രമാണ്. ഇതൊരു മഴ പോലെയാണ്. അതുമൂലമുണ്ടായ സസ്യലതാദികൾ കർഷകരെ ആനന്ദിപ്പിക്കുന്നു. അപ്പോൾ നിനക്കതിനെ മഞ്ഞനിറമുള്ളതായി കാണാം. പിന്നെ അത് ചവറായിത്തീരുന്നു. പരലോകത്ത് (നിഷേധികൾക്ക്) കഠിനശിക്ഷയും (വിശ്വാസികൾക്ക്) അല്ലാഹുവിൽനിന്നുള്ള പാപമോചനവും അവന്റെ സംതൃപ്തിയും ലഭിക്കുന്നതാണ്. ഐഹികജീവിതം വഞ്ചനയുടെ വിഭവങ്ങൾ മാത്രമാണ്" (57:21).

ലൗകികവിഭവങ്ങളെല്ലാം നൈമിഷികങ്ങളാണെങ്കിലും മനുഷ്യൻ ജീവിതത്തിൽവച്ച് ചെയ്യുന്ന കർമ്മഫലങ്ങളുടെ അടിസ്ഥാനത്തിലാണ് രക്ഷാശിക്ഷകൾ നിശ്ചയിക്കപ്പെടുകയെന്നും വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നുണ്ട്. ഹ്രസ്വമായ ഈ ലോകജീവിതം പാഴാക്കിക്കളയാതെ, അവ പരലോകത്തേക്ക് കൂടി പ്രയോജനപ്പെടുന്നരൂപത്തിൽ, അർത്ഥപൂർണ്ണമാക്കിത്തീർക്കുന്നതിനുതകുന്ന മാർഗ്ഗദർശനങ്ങളും ആഹ്വാനങ്ങളുമാണ് വിശുദ്ധഖുർആനിലുടനീളമടങ്ങിയിരിക്കുന്നത്.

### തഖ്‌വ നന്മകളുടെ അടിവേര്

ചുരുക്കത്തിൽ, ശരീരേച്ഛകളുടെ കീഴ്പ്പെടുത്തലുകൾക്കടിപ്പെടാതെ, ഭയഭക്തിയിലധിഷ്ഠിതമായ പവിത്രജീവിതം നയിക്കുന്നവർ സൗഭാഗ്യവാന്മാരാകുന്നു. സൃഷ്ടിപ്പിന്റെ അന്തഃസ്സാരം തിരിച്ചറിഞ്ഞവരാണവർ. മനുഷ്യൻ ഏതൊരു കർമ്മം ചെയ്യുമ്പോഴും അത് തന്റെ സ്രഷ്ടാവായ ദൈവത്തിന്റെ അനിഷ്ടത്തിന് കാരണമാകുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തി

ക്കൊണ്ടിരിക്കുന്നതിനാണ്, തഖ്‌വ- അഥവാ ദൈവഭക്തിയിലധിഷ്ഠിതമായ സൂക്ഷ്മജീവിതം എന്നു പറയുന്നത്. സകല നന്മകളുടേയും അടിവേര് തഖ്‌വയാകുന്നു. തഖ്‌വയിൽ പടുത്തുയർത്തപ്പെടുന്ന കർമ്മങ്ങളാണ് ദൈവസമക്ഷം പരിഗണനാർഹങ്ങളായിത്തീരുന്നത്. എല്ലാ നന്മകളുടേയും അടിവേര് (അടിത്തറ) തഖ്‌വയാണെന്ന അർത്ഥത്തിലുള്ള ഒരു വരി കവിത വാഗ്ദത്തമസീഹ്(അ) രചിച്ചപ്പോൾ ഈ വേരുണ്ടെങ്കിൽ അഥവാ തഖ്‌വയുണ്ടെങ്കിൽ ബാക്കിയെല്ലാമുണ്ടാകുന്നതാണെന്ന അർത്ഥത്തിൽ കവിതയുടെ രണ്ടാമത്തെ വരി ദൈവബോധനമായി അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

**മോചനമാർഗ്ഗം**

തഖ്‌വ അഥവാ ദൈവഭക്തിയാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള പോംവഴി. ദിവ്യാത്മാക്കളുടെ ജീവിത ചരിത്രം ഈ സത്യത്തെ വിളിച്ചറിയിക്കുന്നുണ്ട്. ദൈവഭക്തിയിലും ദൈവസ്നേഹത്തിലുമധിഷ്ഠിതമായിരുന്നു അവരുടെ ജീവിതം. കഠിനമായ പരീക്ഷണങ്ങളുണ്ടായപ്പോഴും ശത്രുക്കളുടെ ക്രൂരമായ പീഡനങ്ങൾ ഏൽക്കേണ്ടിവന്നപ്പോഴും അവർ അണുമാത്ര വിഭ്രാന്തി കാണിക്കാതെ അചഞ്ചലമായ ദൈവഭക്തി പ്രകടിപ്പിക്കുകയാണുണ്ടായത്. തന്നിമിത്തം സകലവിധ വിഷമസന്ധികളിൽനിന്നും ദൈവം അവരെ മോചിപ്പിക്കുകയുണ്ടായി. വിശുദ്ധഖുർആൻ ഇപ്രകാരം ഉണർത്തുന്നു. ''കഷ്ടപാടിലും ദുരിതാവസ്ഥയിലും സഹനം കൈക്കൊള്ളുകയും യുദ്ധാവസരത്തിൽ സ്ഥിരപാദരായി വർത്തിക്കുകയും ചെയ്യുന്നവരാണ് സാക്ഷാൽ പുണ്യവാന്മാർ. അവർ സത്യം പാലിച്ചവരാണ്. അവർ തന്നെയാണ് യഥാർത്ഥ മുത്തഖികൾ" (2:178).

"സത്യവിശ്വാസികളേ, നിങ്ങൾ സഹനം കൈക്കൊള്ളുകയും സഹനം കൈക്കൊള്ളുന്നതിൽ മറ്റുള്ളവരെ അതിജയിക്കുകയും ചെയ്യുക. നിങ്ങൾ തഖ്‌വയുള്ളവരാകുക, വിജയികളായിത്തീരുന്നതിന് വേണ്ടി" (3:201).

**ദൈവഭക്തിയുടെ അനുഗ്രഹഫലങ്ങൾ**

ഭക്തിപൂർണ്ണമായ പാവനജീവിതം നയിക്കുന്നവരാണ് അന്തിമമായ വിജയം വരിക്കുന്നവർ. ദൈവസ്നേഹത്തിന് പാത്രീഭവിക്കുന്നതും അവരാകുന്നു. ദൈവസമക്ഷം ആദരവും മഹത്വവും ലഭിക്കുന്നതിനുള്ള മാനദണ്ഡവും തഖ്‌വയാണെന്ന് വിശുദ്ധഖുർആൻ വിളംബരം ചെയ്യുന്നു"(49:14). തഖ്‌വ, സ്വായത്തമാക്കുന്നതിലൂടെ നാല് മഹത്തായ അനുഗ്രഹങ്ങൾ കൈവരുന്നതാണെന്ന് വാഗ്ദത്ത മസീഹ്(അ) വിവരിച്ചുതരുന്നു. ഒന്ന്, വെറുക്കപ്പെട്ട ലൗകിക വ്യവഹാരങ്ങളിലകപ്പെടുന്നതിൽനിന്നും മുത്തഖിയെ അല്ലാഹു രക്ഷിക്കുകയും അവൻ സ്വയം അയാളുടെ സംരക്ഷണമേറ്റെടുക്കുകയും ചെയ്യുന്നു. രണ്ട്, അനാവശ്യ ആശ്രയങ്ങളിൽനിന്നും മുത്തഖി സുരക്ഷിതനാക്കപ്പെടുന്നു. സങ്കീർണ്ണമായ പ്രതിസന്ധിഘട്ടങ്ങളിൽ അല്ലാഹു അയാൾക്ക് മുക്തിമാർഗ്ഗം കാണിച്ചുകൊടുക്കുന്നു. നേരായപാതയിലൂടെ നയിക്കുകയും ചെയ്യുന്നു. മൂന്ന്, ദൈവം മുത്തഖിക്ക് സവിശേഷമായ ആത്മീയജ്ഞാനം നല്കിയനുഗ്രഹിക്കുന്നു. പ്രസ്തുത ആത്മീയജ്ഞാനം അയാളെ മറ്റാരെക്കാളും ഉപരിയാക്കുന്നു. നാല്, ദൈവത്തിന്റെ സാമീപ്യസമ്പർക്കത്താൽ മുത്തഖി അനുഗ്രഹിക്കപ്പെടുകയും അയാൾ അല്ലാഹുവിന്റെ സ്നേഹിതൻ(വലി) ആയിത്തീരുകയും ചെയ്യുന്നു" (മൽഫൂസാത്ത്, വാല്യം 1). ദൈവഭക്തി മുഖേന ലൗകീകമായ കെട്ടുപാടുകളിൽനിന്നും, മറ്റു നാനാതരം അന്ധകാരങ്ങളിൽനിന്നും മനുഷ്യന് മോചനം ലഭിക്കുന്നു. അഥവാ ഭൗതികതയുടെ വിവിധതരം അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്കുള്ള പ്രയാണത്തിന് വഴിയൊരുക്കുന്നത് ദൈവഭയമാകുന്നു. "സത്യവിശ്വാസം സ്വീകരിച്ചവരുടെ മിത്രമാകുന്നു ദൈവം. അവൻ അവരെ നാനാതരം അന്ധകാരങ്ങളിൽനിന്നും വിമുക്തരാക്കി പ്രകാശത്തിലേക്ക് ആനയിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, അവിശ്വസിച്ചവരുടെ മിത്രങ്ങളായ ദുശ്ശക്തികൾ അവരെ അന്ധകാരങ്ങളിലേക്കാണ് കൊണ്ടുപോകുന്നത്" (2:258).

**തഖ്‌വ- നഷ്ടപ്പെടാത്ത വിഭവം**

ഭൗതികവിഭവങ്ങളും സമ്പാദ്യങ്ങളുമെല്ലാം ക്ഷണികവും നശ്വരങ്ങളുമാണ്. എന്നാൽ, നഷ്ടപ്പെടാത്ത ഒരു സമ്പാദ്യമാണ് തഖ്‌വയിലധിഷ്ഠിതമായ ജീവിതം. അതിനാൽ, ദൈവഭക്തിയെ മുൻനിറുത്തി ഭൗതികലോകത്തെ സമീപിക്കുമ്പോൾ മാത്രമാണ്, മനുഷ്യന് ഐഹികജീവിതത്തേയും അതുവഴി പാരത്രികലോകത്തേയും അന്വർത്ഥമാക്കാൻ സാധിക്കുന്നത്. "ഏറ്റവും നല്ല കരുതൽവിഭവം തഖ്‌വയാണെന്ന" നബിവാക്യത്തിൽ ഈ യാഥാർത്ഥ്യമാണ് അനാവൃതമായിരിക്കുന്നത്. വിശുദ്ധഖുർആൻ മനുഷ്യരെ ഇപ്രകാരം ജാഗ്രതപ്പെടുത്തുന്നു. "തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളേയും നാം അതിന് ഒരു അലങ്കാരമാക്കി വെച്ചിരിക്കുന്നു. മനുഷ്യരിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നവർ ആരെന്ന് അവരെ പരീക്ഷിക്കുന്നതിനുവേണ്ടി. ഒരുനാൾ അതിന്മേലുള്ളതെല്ലാം നാം തരിശുനിലമാക്കി മാറ്റുന്നതാണ്" (18:8,9). "മനുഷ്യർക്ക് സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിന്റേയും വെള്ളിയുടേയും സൂക്ഷിച്ചുവയ്ക്കപ്പെട്ട കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നീ ഇഷ്ടവസ്തുക്കളോടുള്ള സ്നേഹം ആകർഷകമാക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ഐഹികജീവതത്തിന്റെ സുഖോപകരണങ്ങൾ മാത്രമാണ്. അല്ലാഹുവിന്റെയടുക്കലാണ് ഏറ്റവം നല്ല സങ്കേതം സ്ഥിതിചെയ്യുന്നത്. പറയുക, ഇവയേക്കാൾ ഏറ്റവും ഉത്തമമായത്, ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ. തഖ്‌വ കൈക്കൊള്ളുന്നവർക്ക് അവരുടെ നാഥന്റെയടുക്കൽ താഴോരത്തുകൂടി അരുവികളൊഴുകുന്ന ഉദ്യാനങ്ങളുണ്ട്. അതിൽ അവർ നിത്യവാസികളായിരിക്കും. മാത്രമല്ല, പരിശുദ്ധരായ ഇണകളും അല്ലാഹുവിൽനിന്നുള്ള തൃപ്തിയും അവർക്കുണ്ട്. അല്ലാഹു അവന്റെ ദാസന്മാരുടെ സ്ഥിതിഗതികൾ നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്" (3:15,16).

ചുരുക്കത്തിൽ, ദൈവഭക്തിയും ദൈവസ്നേഹവും സ്വായത്തമാക്കിക്കൊണ്ടുള്ള ജീവിതത്തിലൂടെ മാത്രമേ മനുഷ്യന് രക്ഷയും മുക്തിയും ലഭിക്കുകയുള്ളൂ. ഇഹപരലോകങ്ങളിൽ സ്വർഗ്ഗീയ ജീവിതം കൈവരിക്കുന്നതിന് ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ●

ലേഖനം

അഡ്വ. ടി. നിസാർ അഹമദ്

# ഓർമയിൽ ഒരു നിമിഷം-ധന്യമായൊരനുഭവം

അനശ്വരമായ ലൈലാ-മജ്നു പ്രണയകഥയിലെ ഹൃദയത്തുടിപ്പിനെ ഓർമ്മിപ്പിക്കുന്ന ഒരു ഉർദുകവിതാശകലം ഖലീഫത്തുൽ മസീഹ് സാനി(റ) ഒരിക്കൽ ഉദ്ധരിച്ചിരുന്നു. ഒരു അഹ്മദിക്ക് മറ്റൊരു അഹ്മദിയെ കാണുമ്പോൾ തോന്നുന്ന വികാരം ലൈലാ-മജ്നുമാർ പരസ്പരം കാണുമ്പോഴുള്ളതാണെന്നാണ് ആ കവിതയുടെ പരിഭാഷ. അക്ഷരാർത്ഥത്തിൽ അത് ശരിയാണെന്ന് ഏത് അഹ്മദീസഹോദരനും സഹോദരിക്കും സ്വന്തം അനുഭവങ്ങളിൽനിന്ന് ബോധ്യമാണ്. അത്തരമൊരു ചെറിയൊരനുഭവം വിവരിക്കട്ടെ.

രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് ഉത്തരേന്ത്യയിലെ ഒരു മഹാനഗരത്തിൽ അന്ന് ഞാൻ പ്രവർത്തിച്ചിരുന്ന രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ന്യൂനപക്ഷവിഭാഗത്തിന്റെ സമ്മേളനമാണ് വേദി. മൺമറഞ്ഞവരും ഇപ്പോഴും വിവിധ രാഷ്ട്രീയപാർട്ടികളുടെ നേതൃത്വത്തിലുള്ളവരുമുൾപ്പെടെ നിരവധി രാഷ്ട്രീയതാരങ്ങൾ വേദിയിൽ. മുസ്‌ലിംകളും, ക്രിസ്ത്യാനികളും, സിഖുകാരും ഉൾപ്പെടെ തിങ്ങിനിറഞ്ഞ സദസ്സ്. ഇന്ത്യകണ്ട എക്കാലത്തേയും വളരെ പ്രസിദ്ധനായ ഒരു മുസ്‌ലിംനേതാവ് പ്രസംഗിച്ചപ്പോൾ ന്യൂനപക്ഷങ്ങളെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചും അവർക്ക് ഇന്ത്യയിലുണ്ടായ നേട്ടങ്ങളെക്കുറിച്ചും, നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും പരാമർശിച്ചു. അക്കൂട്ടത്തിൽ വിവാദമായ ചില വാക്കുകൾ അദ്ദേഹം ഉപയോഗിച്ചു. ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയവരെ ഹിന്ദുക്കൾ ആരാധിക്കുന്നതിനെ ചില മുസ്‌ലിംവിഭാഗങ്ങൾ പിന്താങ്ങുന്നുവെന്നും ആ ആരാധനാമൂർത്തികളെ ആദരിക്കുന്നുവെന്നും ഖാദിയാനികൾ എന്ന ചെറുവിഭാഗം അതിൽപെടുന്നവരാണെന്നും അത് ശിർക്കായതുകൊണ്ടാണ് പാക്കിസ്ഥാനിൽ ഖാദിയാനികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചതെന്നും അദ്ദേഹം പ്രസംഗിച്ചു.

ആ വേദിയിലുണ്ടായിരുന്ന ഞാൻ അഹ്മദിയാണെന്ന് മനസ്സിലാക്കിക്കൊണ്ട് തന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. അന്ന് പാർട്ടിയുടെ തലവനായിരുന്ന ദിവംഗതനായ മുൻപ്രധാനമന്ത്രി ശ്രീ. എസ്. ചന്ദ്രശേഖർ ആ സമയം വേദി വിട്ടിറങ്ങി അടുത്തമുറിയിൽ വിശ്രമിക്കുകയായിരുന്നു. മുസ്‌ലിംനേതാവിന്റെ പ്രകോപനപരമായ പ്രസംഗം ഞാൻ അദ്ദേഹത്തെ ചെന്ന് കണ്ട് അറിയിക്കുകയും അത് പിൻവലിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം വേദിയിലേക്ക് വന്ന്, അതിനിടയിൽ ക്ഷുബ്ധരായിക്കൊണ്ടിരുന്ന ഹിന്ദുസഹോദരന്മാരെ സമാശ്വസിപ്പിച്ചശേഷം, ഈ ലേഖകനെ പ്രസംഗിക്കാൻ ക്ഷണിച്ചു. അജണ്ടയിൽനിന്ന് വ്യതിചലിച്ചുകൊണ്ടായിരുന്നു അത്. അഹ്മദിമുസ്‌ലിം ആണെന്ന് മനസ്സിലാക്കിക്കൊണ്ടായിരുന്നു അദ്ദേഹം എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചത്. മാത്രമല്ല, ആവശ്യമെങ്കിൽ എന്റെ ഇംഗ്ലീഷ്പ്രസംഗം ഹിന്ദിയിലേക്ക് തർജമ ചെയ്യാനും അദ്ദേഹം മറ്റൊരു യുവനേതാവിനെ നിയോഗിച്ചു. (ഹിന്ദിയിൽ പ്രസംഗിക്കാനുള്ള എന്റെ ബുദ്ധിമുട്ട് അദ്ദേഹത്തിന് അറിയാമായിരുന്നു).

ഞാൻ അവിടെ എന്ത് പ്രസംഗിച്ചു എന്നത് അപ്രസക്തമാണ്. എന്നാൽ, ഒരു കാര്യം ഞാൻ വ്യക്തമാക്കി. ശ്രീകൃഷ്ണനും ശ്രീരാമനും ശ്രീബുദ്ധനുമെല്ലാം അല്ലാഹു ഓരോ കാലഘട്ടത്തിൽ പ്രത്യേക ജനവിഭാഗങ്ങളിലേക്ക് തൗഹീദിന്റെ ദിവ്യസന്ദേശവുമായി നിയോഗിച്ചയച്ച പ്രവാചകന്മാരാണെന്നും അവരെ ആദരപൂർവ്വം അലയ്ഹിസ്സലാം ചൊല്ലി പേരുപറഞ്ഞ് വന്ദിക്കണമെന്നത് ഇസ്‌ലാമിന്റെ പാഠമാണെന്നും പാക്കിസ്ഥാനിൽ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചത് അവിടുത്തെ മുല്ലായിസത്തിന്റെ രാഷ്ട്രീയമാണെന്നും അവിടെ നടക്കുന്നത് മനുഷ്യാവകാശ ലംഘനം മാത്രമല്ല പൂർണ്ണമായും ഇസ്‌ലാമികവിരുദ്ധമായ നടപടികളാണെന്നും ഞാൻ വിശദീകരിച്ചു. എന്റെ പ്രസംഗം സദസ്സ് കൈയടിച്ച് അംഗീകരിക്കുകയും പല സീനിയർ നേതാക്കളും ആ കാര്യങ്ങളുടെ വിശദമായ ചർച്ച വേണമെന്ന് അഭിപ്രാപ്പെടുകയും ചെയ്തു.

ഞാൻ അഹ്മദിമുസ്‌ലിമാണെന്ന് പ്രത്യേകിച്ച് പറയാതെതന്നെ വേദിയിലും സദസ്സിലുമുള്ളവർക്ക് ബോധ്യമായി. ചില ഉത്തരേന്ത്യൻ മുസ്‌ലിംനേതാക്കൾ കേരളത്തിലെ ചില സീനിയർ പാർട്ടിനേതാക്കളോട് ചോദിച്ചത് കേരളത്തിൽ അഹ്മദികൾ എത്ര ലക്ഷം വരുമെന്നായിരുന്നു.

ആ സമ്മേളനത്തിനുശേഷം ഞാൻ താമസിക്കുന്ന ഹോട്ടലിലും പാർട്ടി ഹെഡ്ക്വാർട്ടേസിലും ചില നേതാക്കളുടെ വസതികളിലുമെല്ലാം ഒരു ബീഹാറി ചെറുപ്പക്കാരൻ എന്നെ അന്വേഷിച്ചു നടന്നുകൊണ്ടിരുന്നു. അയാൾ ആരെന്നോ എന്തിന് എന്നെ പിന്തുടരുന്നുവെന്നോ എനിക്കറിയില്ലായിരുന്നു. സമ്മേളനം കഴിഞ്ഞ് മൂന്നുദിവസം ആ നഗരത്തിൽ ഞാനുണ്ടായിരുന്നു. ആ ദിവസങ്ങളത്രയും ആ അജ്ഞാതൻ എന്നെ അന്വേഷിച്ച് നടന്നു. ഞാനതറിഞ്ഞില്ല. ആദ്യം കരുതിയത് വലിയ നേതാക്കളോട് എന്തോ ശുപാർശ

ചെയ്യാൻ പിന്നാലെവരുന്ന ഒരു പതിവ് ശല്യക്കാരനായിട്ടായിരുന്നു. ചുരുക്കത്തിൽ അയാൾ എന്നെയും ഞാൻ അയാളെയും അന്വേഷിച്ചുകൊണ്ടിരുന്നെങ്കിലും പരസ്പരം കണ്ടില്ല.

മൂന്നാം ദിവസം രാത്രിയിൽ ആ നഗരത്തിലെ തിരക്ക് പിടിച്ച റെയിൽവേസ്റ്റേഷനിൽ ഞാനും കൂട്ടുകാരും മടക്കയാത്രക്ക് എത്തിച്ചേർന്നു. പ്ലാറ്റ്ഫോമിലെ തിരക്കിനിടയിൽ ഒരു അനൗൺസ്മെന്റ് ഹിന്ദിയിൽ കേട്ടു. "കേരൾ കാ നസീർഅഹമദ് ജോഹെ ഉസ്കൊമിൽനേ കേലിയേ ഏക് നൗജവാൻ സ്റ്റേഷൻമാസ്റ്റർ കെ ദഫ്തർ പർ ഇന്തസാർ ഹെ." (കേരളത്തിലെ ഒരു നസീർഅഹമദിനെ കാണാനായി ഒരു യുവാവ് സ്റ്റേഷൻ മാസ്റ്ററുടെ മുറിയിൽ കാത്തിരിക്കുന്നു). പേരിലെ വ്യത്യാസം കാരണം എന്നെയാണ് ഉദ്ദേശിക്കുന്നതെന്ന് ആദ്യം മനസ്സിലായില്ല. (ഉത്തരേന്ത്യയിൽ പൊതുവെ നിസാർ അഹമദ് എന്നതിന് പകരം നസീർ അഹമദ് എന്നാണ് വിളിച്ചിരുന്നത്). പിന്നീട് എന്നെയായിരിക്കുമോ എന്നൊരു സംശയം. സ്റ്റേഷൻമാസ്റ്ററുടെ മുറിയിലേക്ക് അഞ്ചുപ്ലാറ്റ്ഫോം കടന്നുപോവണം. തിരിച്ചുപോയി സംശയം തീർക്കാൻ തീരുമാനിച്ച് നടക്കാൻ തുടങ്ങിയപ്പോൾ കേരളത്തിലേക്കുള്ള ട്രെയിൻ വന്നു തുടങ്ങി. അതുകൊണ്ട് സ്റ്റേഷൻമാസ്റ്ററുടെ ഓഫീസിലേക്ക് പോകാനുള്ള ശ്രമം ഉപേക്ഷിച്ചു.

ട്രെയിനിൽ ബർത്ത് കണ്ടുപിടിച്ച് ഇരുന്നശേഷം പുറപ്പെടാൻ അവശേഷിക്കുന്ന നിമിഷങ്ങളിൽ ഞാൻ അസ്വസ്ഥനായി. മെല്ലെ വാതിൽപ്പടിയിലും പിന്നെ പ്ലാറ്റ്ഫോമിലുംനിന്ന് ഞാൻ അലക്ഷ്യമായി ആൾക്കൂട്ടത്തിലേക്ക് നോക്കിനിന്നു. യാത്രക്കാരുടെ ബഹളങ്ങൾക്കിടയിൽ വീണ്ടും അനൗൺസ്മെന്റ് എന്റെ കാതുകളിൽ പതിച്ചു. 'കേരൾ കാ നസീർ അഹമദ് ജോ ഹെ..............................' അത് എനിക്കാണെന്ന് മനസ്സ് മന്ത്രിച്ചു. എന്ത് ചെയ്യണമെന്ന് നിശ്ചയിക്കാനാവാത്ത നിമിഷങ്ങൾ.... ട്രെയിൻ പുറപ്പെടാറായി. അതിന്റെ ആരവങ്ങളിലാണ് പ്ലാറ്റ്ഫോം- അന്വേഷിച്ച് ചെല്ലാൻ നേരമില്ല. അതറിയാതെ യാത്ര തുടങ്ങിയാൽ എന്നന്നേക്കുമായി ആ സന്ദേശത്തിന്റെ യാഥാർത്ഥ്യമറിയാൻ കഴിയില്ലല്ലോ എന്നൊരു നൊമ്പരം. ഒന്നിച്ചുള്ളവർ ആശ്വസിപ്പിച്ചു. സാരമില്ല. അത് നിന്നെയായിരിക്കില്ല.

അതെ... അത് ഞാനായിരിക്കില്ല. ഞാൻ അങ്ങനെ വിശ്വസിക്കാൻ ശ്രമിച്ചു. എന്നിട്ടും ഞാൻ വാതിൽപ്പടിയിൽ കൈവച്ച് പ്ലാറ്റ്ഫോമിൽതന്നെ നിന്നു. ഏതാനും സെക്കന്റുകൾക്കുള്ളിൽ ട്രെയിൻ ചലിക്കുകയായി. പെട്ടെന്ന് ഒരു ചെറുപ്പക്കാരൻ ഓടിക്കിതച്ച് വരുന്നു. ട്രെയിനിന്റെ ഓരോ കംപാർട്ട്മെന്റിനകത്തും ആരെയോ തിരയുന്നു. എന്തോ ചോദിക്കുന്നു. അസ്വസ്ഥനായി മുന്നോട്ടും പിന്നോട്ടും നടക്കുന്നു. എന്തോ ഒരുൾവിളി തോന്നിയപോലെ ഞാൻ ആ ചെറുപ്പക്കാരനെ വിളിച്ച് ചോദിച്ചു. ''ഭായീസാഹിബ്, ആപ് കിസ്കൊ തലാശ് കർത്താഹെ'' (നിങ്ങൾ ആരെയാണ് തിരയുന്നത്)..... അയാൾ ഒരുനിമിഷം എന്നെത്തന്നെ നോക്കിനിന്നു. എന്റെ കണ്ണുകളിൽ ആർദ്രതയോടെ നോക്കി. നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന നോട്ടം. ആകാംക്ഷയുടെ തിളക്കം. കിതച്ചുകൊണ്ടിരുന്ന ആ ചെറുപ്പക്കാരൻ അടുത്തുവന്നു, എന്റെ കൈ പിടിച്ചൊരു പൊട്ടിക്കരച്ചിലായിരുന്നു. അവ്യക്തമായ കുറേ വാക്കുകളും. 'ആപ് ഹൈ കേരൾകാ നസീർ അഹമദ്....." (താങ്കളാണോ കേരളത്തിലെ നസീർ അഹമദ്) ഞാൻ അതെ എന്ന് പറഞ്ഞുതീരും മുമ്പ് ഒരാലിംഗനമായിരുന്നു. ആ കവിളുകളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർത്തുള്ളികൾ എന്റെ ഷർട്ട് നനക്കുമ്പോൾ കരച്ചിലടക്കാൻ പാടുപെട്ടുകൊണ്ട് അയാൾ പറയുന്നുണ്ടായിരുന്നു. "മൈ അഹ്മദീ ഹൂം. മേരെ മാം ബാപ്പ് സബ് ഖാൻദാൻ അഹ്മദീഹൈ. മൈ ബീഹാർ കാ ഹൂം" (ഞാൻ അഹ്മദിയാണ്. എന്റെ ഉമ്മയും ഉപ്പയും കുടുംബം മുഴുവനും അഹ്മദികളാണ്. ഞാൻ ബീഹാറിൽനിന്നുമാണ്). പറഞ്ഞു നിർത്തിയപ്പോൾ ഞാൻ ചോദിച്ചു: ഞാൻ അഹ്മദിയാണെന്ന് എങ്ങനെ മനസ്സിലായി? പ്രസംഗം കേട്ടപ്പോൾ സദസ്സിലുണ്ടായിരുന്ന തനിക്കത് മനസ്സിലായെന്നും സംശയനിവൃത്തിവരുത്താൻ കേരളത്തിലെ ചില നേതാക്കളെ കണ്ടുപിടിച്ച് ചോദിച്ചുവെന്നും പിന്നീട് എന്നെത്തേടിനടക്കുകയായിരുന്നുവെന്നും അയാൾ വിശദീകരിച്ചിരുന്നു. പിന്നെയും ഒരുപാട് കാര്യങ്ങൾ അയാൾ പറയാനൊരുങ്ങവെ, ട്രെയിനിന്റെ ചൂളംവിളി ആ വാക്കുകളെ മറച്ചു. ട്രെയിൻ ചലിക്കുകയായി.

ട്രെയിനിന്റെ ചവിട്ടുപടിയിൽ കയറിനിന്ന എന്റെ കൈകൾ അപ്പോഴും ആ ചെറുപ്പക്കാരന്റെ കൈകളിലായിരുന്നു. ട്രെയിനിന്റെ വേഗതക്കൊപ്പിച്ച് എന്റെ കൈകൾ വിടാതെതന്നെ അയാൾ പ്ലാറ്റ്ഫോമിലൂടെ നടന്നു, അല്ല ഓടി. നിരുദ്ധകണ്ഠനായി, നിർന്നിമേഷനായി, ഞാൻ ആ ആത്മബന്ധം ആസ്വദിച്ചു. പെട്ടെന്ന് ഞാനോർത്തു. അയാളുടെ പേരുപോലും ചോദിച്ചില്ല. എന്റെ മനസ്സ് വായിച്ചിട്ടാവണം അയാൾ പറഞ്ഞു: മൈ അഖ്ലാഖ് അഹ്മദ്... അഗ്ലേ ജലസേ കൊ ഖാദിയാൻ ആഊംഗാ- (ഞാൻ അഖ്ലാഖ് അഹമദ്- അടുത്ത ജലസക്ക് ഖാദിയാനിൽ വരും). അസ്സലാമു അലൈക്കും....'' ആ വാക്കുകൾ മുഴുമിച്ചില്ല. ട്രെയിനിന്റെ വേഗത കൂടി. ആ വേഗതയിൽ കൈകൾ പരസ്പരം വേർപെട്ടു. ഞാൻ വാതിൽപ്പടിയിൽനിന്ന് കൈവീശിക്കൊണ്ടിരുന്നു. ഏതോ ആത്മബന്ധത്തിന്റെ അഴിയാത്ത കുരുക്കുപോലെ അപ്പോഴും അയാൾ പ്ലാറ്റ്ഫോമിലൂടെ മുന്നോട്ട് ഓടുകയായിരുന്നു. കാഴ്ചയുടെ ഫ്രെയിമിൽനിന്ന് അയാൾ മാഞ്ഞുമാഞ്ഞ് അനന്തതയിൽ ഒരു ബിന്ദുവായി... പിന്നെ കാഴ്ചക്കപ്പുറമെന്ന ശൂന്യതയിൽ ലയിച്ചു. കുതിച്ചുപായുന്ന തീവണ്ടിക്കകത്തേക്ക് ഞാൻ മെല്ലെ നീങ്ങുമ്പോഴും അനന്തതയിൽ അലിഞ്ഞുചേർന്ന അയാളുടെ അകലുന്ന ചിത്രവും.. "മൈ അഹ്മദി ഹൂം..." എന്ന വാക്കുകളും കൂടുതൽ വ്യക്തതയോടെ എന്റെ മുമ്പിൽ നിറഞ്ഞു നില്ക്കുന്നതുപോലെ.

ആ നാടും നഗരവും ഉത്തരേന്ത്യതന്നെയും

പിന്നീട് ഞാൻ മറന്നു. പാർട്ടിയും പ്രസ്ഥാനവും നേതൃത്വവും സമ്മേളനവേദികളും ആൾക്കൂട്ടങ്ങളും ഞാൻ ഒഴിവാക്കിവന്നു. ആ നഗരത്തിൽ പിന്നീട് രണ്ടുതവണ പോകേണ്ടിവന്നപ്പോഴും ആ പ്ലാറ്റ്ഫോമിന്റെ ഭാഗം എന്നിലുണർത്തിയത് ഗൃഹാതുരതയുടെ നഷ്ടസ്മൃതിയായിരുന്നു.

'മൈ അഹ്മദീ ഹൂം' എന്ന് പറയാൻ മാത്രം എന്നെത്തേടി ദിവസങ്ങളോളം അലഞ്ഞ അഖ്ലാഖ് അഹമദ് എന്ന ബീഹാറുകാരനായ അഹ്മദീ സഹോദരനെ പിന്നീട് ഞാൻ ഒരിക്കലും കണ്ടില്ല. അയാൾ അവസാനം പറഞ്ഞ ജൽസക്ക് ഖാദിയാനിൽ ഞാനെത്തിയില്ല. ഒരുപക്ഷേ, അയാൾ പോയിട്ടുണ്ടാകും. ആ ആൾക്കൂട്ടത്തിലും അയാൾ ഒരുപക്ഷേ, തേടിയിട്ടുണ്ടാകും. അന്നൊരിക്കൽ അവിചാരിതമായി കണ്ടുമുട്ടിയ അഹ്മദീസഖാവിനെ.

അന്നത്തെ എന്റെ പ്രസംഗം എന്റെ അഹ്മദീവ്യക്തിത്വം പരസ്യമായി വെളിപ്പെടുത്തപ്പെട്ട ഒരു ധന്യമുഹൂർത്തമായിരുന്നു. മതനിരപേക്ഷ പ്രസ്ഥാനത്തിൽ പോലും ആ വെളിപ്പെടുത്തൽ നിരവധി ശത്രുക്കളെ എനിക്ക് നേടിത്തന്നു. ഒപ്പം കുറെ നഷ്ടങ്ങളും. പക്ഷേ, അവയെക്കാളെല്ലാം വിലമതിക്കുന്നതായി പതുക്കെ ചലിക്കുന്ന തീവണ്ടിയുടെ കവാടത്തിന് മുന്നിൽ കിതച്ചുകൊണ്ട് ഓടിവന്ന് 'ഞാൻ അഹ്മദിയാണ്' എന്ന്, സന്തോഷാശ്രുക്കളിൽ പൊതിഞ്ഞ വാക്കുകൾ വിതുമ്പിക്കൊണ്ട് ഒരു മന്ത്രംപോലെ, ഒരു രാഗഗീതംപോലെ, ഒരു മധുരസംഗീതംപോലെ, പറഞ്ഞ് വിടപറഞ്ഞ് കാഴ്ചയിൽ നിന്നകുന്നുപോയ അജ്ഞാതനായ ആ അഹ്മദീ സഹോദരന്റെ ചിത്രം. എല്ലാ നഷ്ടങ്ങൾക്കിടയിലും ആ ചിത്രം ഞാനിന്നും ചില്ലിട്ട് സൂക്ഷിക്കുന്നു- എന്റെ മനസ്സിന്റെ ആഴങ്ങളിൽ.

സുദീർഘമായ ഈ സംവത്സരങ്ങൾക്കിപ്പുറവും ആ അനർഘനിമിഷത്തിന്റെ ഓർമ്മകൾ മനസ്സിൽ നൊമ്പരപ്പൂക്കൾ വിരിയിക്കാറുണ്ട്. അജ്ഞാതരായ അഹ്മദികൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ ആ നിമിഷം എങ്ങനെയായിരിക്കുമെന്ന് ആ സുകൃതത്തിന്റെ ധന്യനിമിഷം എന്നെ പഠിപ്പിച്ചു.

ഇന്നും ഞാനാഗ്രഹിക്കാറുണ്ട്. അല്ല, ആൾക്കൂട്ടത്തിൽ വെറുതെ തിരയാറുണ്ട്, അഖ്ലാഖ് അഹ്മദ് എന്ന ആ ബീഹാറുകാരൻ അഹ്മദിസഹോദരനെ. ഈ മഹത്തായ ആത്മീയപ്രസ്ഥാനത്തിന്റെ മഹാപ്രവാഹത്തിലെ വെറും കുമിളകൾ മാത്രമാണെങ്കിലും, ഇത്തരം ധന്യമുഹൂർത്തങ്ങൾ അതനുഭവിക്കുന്നവരിൽ സൃഷ്ടിക്കുന്ന ആഹ്ലാദവും അമ്പരപ്പും അണയാത്ത ഓർമ്മകളും അത്തരം കൊച്ചുകൊച്ച് അനുഭവങ്ങൾപോലും എന്നെപ്പോലുള്ള വെറും സാധാരണക്കാരായ അഹ്മദികളെപ്പോലും ഏതോ അദൃശ്യമായ ദിവ്യബന്ധത്തിന്റെ ചങ്ങലക്കണ്ണികളിൽ പെട്ടവരാണ് നാമോരോരുത്തരും എന്ന് ബോധ്യപ്പെടുത്തുന്നു.

അതെ, ലൈലയും മജ്നുവും തമ്മിൽ കണ്ടുമുട്ടുന്ന രാഗപാരവശ്യവും ഹൃദയബന്ധവും കാവ്യഗീതങ്ങളിൽ സങ്കല്പിച്ചിട്ടുള്ളതിനപ്പുറത്താണ് അഹ്മദികൾ തമ്മിലുള്ള ആത്മബന്ധം. വസുധൈവകുടുംബകം എന്ന ആർഷഭാരതത്തിന്റെ സനാതന സങ്കൽപം നവഭാരതസമൂഹത്തിനോ ലോകത്തെ മറ്റേതെങ്കിലും ജനവിഭാഗങ്ങൾക്കോ ഒന്ന് പരീക്ഷിച്ചുനോക്കാൻപോലും സാധിച്ചിട്ടില്ലെങ്കിലും ലോകത്തെ 180 -ൽ അധികം രാഷ്ട്രങ്ങളിൽ വിവിധ സംസ്കാരങ്ങളും വ്യത്യസ്ത ഭാഷകളും വിഭിന്ന ജീവിതരീതികളുമായി കഴിയുന്ന കോടിക്കണക്കിന് അഹ്മദികൾ അക്ഷരാർത്ഥത്തിൽ ഒരൊറ്റ കുടുംബമായി ഏകോദര സഹോദരങ്ങളായി ദീനിന്റെ വഴിയിൽ തൗഹീദിന്റെ പാതയിൽ അമീറുൽമുഅ്മിനിന്റെ ചൂണ്ടുവിരൽ പിടിച്ച് ആ ദർശനം പൂർണ്ണമായും സത്യവൽക്കരിച്ചുകൊണ്ട് അരാജകത്വം കൊടികുത്തി വാഴുന്ന ഈ ലോകത്ത് ജീവിക്കുന്നു. ആ ബന്ധത്തിന്റെ ഇഴപൊട്ടാത്ത നൂൽച്ചരടിൽ മിന്നിത്തിളങ്ങുന്ന മുത്തുമണികളാണ് ഓരോ അഹ്മദിയും. ആ ആത്മബന്ധത്തിന്റെ അനുഭവമാണ് മങ്ങാത്തൊരു സ്മൃതിവിസ്മയമായി ഞാനിവിടെ കുറിച്ചത്. അഹ്മദിയുടെ മനസ്സുള്ള ആർക്കും കാതോർത്താൽ ആ ഹൃദയരാഗത്തിന്റെ മാറ്റൊലി കേൾക്കാനാകും.... 'ഞാൻ അഹ്മദിയാണ്' കിതക്കുന്ന ശരീരത്തിലെ മിടിക്കുന്ന മനസ്സിന്റെ വിറക്കാത്ത ആ വാക്കുകളുടെ നിലക്കാത്ത മാറ്റൊലി അഹ്മദിയ്യാ ഖിലാഫത്തിന്റെ നൂറായിരം വരദാനങ്ങളിലൊന്നാണ്. ●

---

*24-ൽ നിന്ന്*

കടക്കാനോ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു: ഇത് എന്റെ നാഥനിൽനിന്നുള്ള ഒരു കാരുണ്യമാണ്.എന്നാൽ, എന്റെ നാഥന്റെ വാഗ്ദാനം (നിറവേറ്റുന്ന) നാൾ വന്നുകഴിഞ്ഞാൽ അവൻ അതിനെ തകർത്തു നിരപ്പാക്കിക്കളയുന്നതാണ്. എന്റെ നാഥന്റെ വാഗ്ദാനം സത്യമാണ്.

അന്ന് അവരിൽ ചിലരെ മറ്റു ചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചുകയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാവരേയും ഒരുമിച്ചുകൂട്ടുകയും ചെയ്യും.

അന്നാളിൽ അവിശ്വാസികളുടെ മുന്നിൽ നരകത്തെ നാം ശരിയാംവണ്ണം പ്രദർശിപ്പിക്കും. തങ്ങളുടെ കണ്ണുകൾ എന്റെ സ്മരണയിട്ട് ഒരു മറയിലായിരിക്കുകയും കേൾക്കാൻപോലും കഴിയാതിരിക്കുകയും ചെയ്ത (അവിശ്വാസികൾ).

എന്നെ വിട്ടുകൊണ്ട് എന്റെ ദാസന്മാരെ രക്ഷാധികാരികളാക്കാമെന്ന് അവിശ്വാസികൾ വിചാരിക്കുന്നുവോ? തീർച്ചയായും നരകത്തെ ഒരു സത്യനിഷേധികൾക്ക് ഒരു സൽക്കാരവിഭവമായി നാം ഒരുക്കിവച്ചിരിക്കുന്നു. പറയുക, (തങ്ങളുടെ) കർമ്മങ്ങൾ ഏറ്റവുമധികം നഷ്ടപ്പെട്ടവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?

ഐഹീകജീവിതത്തിൽ തങ്ങളുടെ ശ്രമങ്ങൾ പാഴായിപ്പോയവരത്രെ അവർ. ഏറ്റവും നല്ല നിലയിൽ തങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അവർ ധരിക്കുകയും ചെയ്യുന്നു" (18:94-95). (തുടരും) ●

ലേഖനം

മുത്തുഹാജി

# ഇസ്‌ലാമിന്റെ മഹത്വം ഇതരമതസ്ഥരുടെ കണ്ണിൽ

പരമപവിത്രമായ ഇസ്‌ലാംമത സിദ്ധാന്തങ്ങളെ വളച്ചൊടിച്ചും, പ്രവാചകശ്രേഷ്ഠന്റെ മാതൃകായോഗ്യമായ ചര്യകളെ വക്രീകരിച്ചും, ആഢംബരപ്രിയരും, വിധ്വംസകപ്രേമികളുമായ നാമമാത്ര മുസ്‌ലിം ഭരണാധികാരികളിൽ ചിലരുടെ വിക്രിയകളെ മാത്രം പൊക്കിക്കാണിക്കുകയും, ചെങ്കീസ്ഖാൻ, ഹലാജഖാൻ തുടങ്ങിയ മംഗോളിയൻ അക്രമകാരികളെ മുസ്‌ലിംകളായി മുദ്രകുത്തി തെറ്റിദ്ധരിപ്പിച്ചും ഭാവിചരിത്രപഠിതാക്കളെ അങ്കലാപ്പിലാക്കുന്നതിൽ നിക്ഷിപ്ത താല്പര്യക്കാർ കുറച്ചൊന്നുമല്ല വിജയിച്ചിട്ടുള്ളത്. അവർ എഴുതിപ്പിടിപ്പിച്ച നുണകൾകൊണ്ട് ഗർഭസ്ഥമത്രെ ഇന്നത്തെ ഇന്ത്യാചരിത്രം.

വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും ചരിത്രത്തിന്റെ മുഖത്ത് ചളിവാരിത്തേക്കാനും, കരിപുരട്ടാനും കൂട്ടാക്കാതിരുന്ന നിഷ്പക്ഷചിന്തകരായ അല്പം ചില ചരിത്രഗവേഷകർ പാശ്ചാത്യർക്കിടയിലും, പൗരസ്ത്യരുടെ കൂട്ടത്തിലും ഉണ്ടായിരുന്നുവെന്ന വസ്തുതയും അവിതർക്കിതമത്രെ. ഇന്ത്യൻ ഫാസിസ്റ്റ് കുത്തകവാദികൾ ചരിത്ര യാഥാർത്ഥ്യങ്ങളുടെ നേർക്ക് ഒളിയമ്പ് ചെയ്തുകൊണ്ടിരുന്ന സന്ദിഗ്ദ്ധ കാലഘട്ടങ്ങളിലെല്ലാംതന്നെ അവർ ഇസ്‌ലാമിനെപ്പറ്റിയും മുസ്‌ലിം ഭരണകൂടത്തെപ്പറ്റിയും വ്യക്തമായിപ്പറഞ്ഞ കാര്യങ്ങൾ അഭിനവചരിത്ര പഠിതാക്കളെയും, ഗവേഷകരെയും സംതൃപ്തരാക്കുകയാണെങ്കിൽ എന്റെ സദുദ്യമം സഫലമായി എന്നുകരുതട്ടെ.

സർ. സി.പി. രാമസ്വാമി അയ്യർ 1949 ഫിബ്രുവരി 16-ന് ഊട്ടിയിൽവച്ച് ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി. “ജാതി, നിറം എന്നിവയെച്ചൊല്ലിയുള്ള എല്ലാ വിദ്വേഷങ്ങളേയും അനുയായികളിൽ നിഷേധിച്ചിട്ടുള്ള ഏറ്റവും പ്രജായത്തപരമായ മതം ഇസ്‌ലാം ആകുന്നു.

വിശ്വവിശ്രുതനായ സർ. പി.സി.റെ 1929 ജൂൺ 2-ന് കൽക്കത്ത (ഇന്നത്തെ കൊൽക്കൊത്ത) ആൽബർട്ട് ഹാളിൽ സമ്മേളിച്ച ഒരു സായാഹ്നസമ്മേളനത്തിൽ ആധ്യക്ഷം വഹിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ശ്രദ്ധാർഹവും ചിന്തോദ്ദീപകവുമത്രെ. “സർവ്വ മതങ്ങളിലുംവച്ച് ഏറ്റവും പ്രജായത്തമതം ഇസ്‌ലാംമതം തന്നെയാണ്. മനുഷ്യർക്ക് ധനവാന്റെയും ദരിദ്രന്റെയും വലിയവന്റെയും ചെറിയവന്റെയും ഇടയിൽ പൂർണ്ണസമത്വം വേണമെന്നുൽഘോഷിക്കുന്ന മറ്റൊരു മതം ഭൂമുഖത്തില്ല. മുസ്തഫാ കമാൽപാഷയും (തുർക്കി സുൽത്താൻ) കൂലിവേലക്കാരനും തോളോടുതോൾ ചേർന്ന് പള്ളിയിൽ അണിനിരക്കാൻ ഇസ്‌ലാമിലെ സാധിക്കുകയുള്ളു. ഹിന്ദുമതത്തിലും അവരുടെ ആരാധനാക്രമത്തിലും തൊട്ടുകൂടായ്മയും, തീണ്ടികൂടായ്മയും ബ്രാഹ്മണ, അബ്രാഹ്മണ വൈജാത്യവും കാണാം. വെളുത്തവരുടെയും, കറുത്തവരുടെയും പള്ളികൾ തമ്മിലുള്ള തർക്കങ്ങൾ ക്രിസ്ത്യാനികൾക്കിടയിലുമുണ്ട്. ഇസ്‌ലാമിൽ ഇങ്ങനെയുള്ള യാതൊന്നും തന്നെയില്ല. ഇസ്‌ലാം മനുഷ്യവർഗ്ഗത്തിന് പൂർണ്ണമായ സമത്വമാണ് വകവെച്ചുകൊടുക്കുന്നത്. അത് സാർവ്വജനികമായ സാഹോദര്യം, സമാധാനം, സഹിഷ്ണുത ഇവയെ ഉപദേശിക്കുകയും മനുഷ്യസമുദായത്തോട് അനുകമ്പ കാണിക്കുവാനും സമസൃഷ്ടികൾക്ക് സേവനം ചെയ്യുവാനും പഠിപ്പിക്കുന്നു. ഇതേ സഹിഷ്ണുതാഭാവമാണ് ഈ വിഷമസന്ധിയിൽ ഇന്ത്യക്കാർക്ക് ആവശ്യമായിട്ടുള്ളത്.” അദ്ദേഹം തുടരുന്നു. “ഇസ്‌ലാം ഖഡ്ഗബലത്താൽ പ്രചരിതമായ മതമല്ല. വിദൂരസ്ഥമായ ചിറ്റഗോംഗ്, കിഴക്കൻ ബംഗാൾ മുതലായ സ്ഥലങ്ങളിൽ അത് വ്യാപിച്ചിരിക്കുന്നു. എന്നാൽ, ദൽഹി, മുർഷിദാബാദ് എന്നീ സ്ഥലങ്ങളിൽ അത് പരന്നിട്ടേയില്ല. ഇതിൽനിന്നും മനസ്സിലാകുന്നത് ഇസ്‌ലാം വളർന്നത് വാളാലല്ല, സൂഫിമാരുടെയും, ദർവേശുമാരുടെയും, ഉൽകൃഷ്ട മാതൃകയും, പരിശുദ്ധമായ ചര്യകളും മുഖേന മാത്രമാണെന്നാണ്.

പരേതയായ യു.പി. ഗവർണ്ണരും, കവയത്രിയുമായ ശ്രീമതി സരോജിനി നായിഡു ഒരിക്കൽ പറയുകയുണ്ടായി. “പ്രജായത്തസിദ്ധാന്തത്തെ പ്രബോധിക്കുകയും പ്രവർത്തനത്തിൽ കൊണ്ടുവരികയും ചെയ്ത ഒന്നാമത്തെ മതം ഇസ്‌ലാം ആയിരുന്നു. എന്തുകൊണ്ടെന്നാൽ, പള്ളിയിൽ പ്രാർത്ഥനക്കായി ബാങ്ക് വിളിക്കപ്പെടുമ്പോൾ, ആളുകൾ ഒരുമിച്ചുകൂടുകയും ഇസ്‌ലാമിന്റെ പ്രജായത്തസ്വഭാവം ഓരോ ദിവസവും അഞ്ചുപ്രാവശ്യം ആവർത്തിക്കപ്പെടുന്നു. അപ്പോൾ കൃഷിക്കാരനും, രാജാവും ഒന്നിച്ചു മുട്ടുകുത്തിയിരുന്ന് ദൈവമാണ് വലിയവനെന്ന് ഉച്ചരിക്കുന്നു. മനുഷ്യനെ ജന്മതുല്യമായ സാഹോദര്യത്തിൽ ബന്ധിപ്പിക്കുന്ന ഈ അവിഭാജ്യമായ ഏകീകരണത്തെക്കുറിച്ച് ഞാൻ പലപ്പോഴും ആലോചിച്ച് ആശ്ചര്യപ്പെട്ടു പോയിട്ടുണ്ട്. മുസ്‌ലിമായ ഒരു തുർക്കിയും, അൾജീരിയക്കാരനും, ഈജിപ്ഷ്യനും, ഭാരതീയനും, ലബനാനിലെ പള്ളിയിൽ പ്രാർത്ഥനയ്ക്കായി ഒത്തുചേർന്നാൽ അവരിൽ

ഓരോരുത്തരുടെയും മാതൃരാജ്യം ഏതാണെന്ന് തിരിച്ചറിയുവാൻ ഏറെ പ്രാസമായിരിക്കും.

ഭാരതത്തിന്റെ രണ്ടമാത്തെ പ്രസിഡണ്ടായിരുന്ന ഡോക്ടർ എസ്. രാധാകൃഷ്ണൻ എഴുതി. "ഇസ്‌ലാം പഠിപ്പിക്കുന്ന സാഹോദര്യം, ജാതി, വർഗ്ഗം എന്നിവയുടെ എല്ലാ അതിരുകളെയും അതിലംഘിക്കുന്നതാണെന്ന് നമുക്ക് നിഷേധിക്കാനാവുകയില്ല."

പഞ്ചാബിലെ കേളികേട്ട ഹിന്ദുനേതാവായിരുന്ന ചൗധരി ചോട്ടുറാം 1932-ൽ പ്രസിദ്ധീകരിച്ച 'ആര്യസമാജ് ഔർ അച്ചുദ ഉദ്ദാർ' (ആര്യസമാജവും താഴ്ന്ന ജാതിക്കാരുടെ ഉദ്ധാരണവും) എന്ന ലഘുലേഖയിൽ എഴുതിചേർത്ത വാചകങ്ങൾ അതീവശ്രദ്ധയർഹിക്കുന്നു. എല്ലാ മനുഷ്യർക്കും സമനിലയിലുള്ള സ്ഥാനം കല്പിക്കുന്ന ഒരേയൊരു മതം ഇസ്‌ലാമാകുന്നു. മതരംഗത്ത് ചെറിയവനെന്നോ വലിയവനെന്നോ ഉള്ള വ്യത്യാസം ഇസ്‌ലാം കല്പിക്കുന്നില്ല. പഞ്ചാബിൽ ധാരാളം മുസ്‌ലിംകൾ ഉണ്ട്. തീണ്ടൽജാതിയെ സംബന്ധിച്ച പ്രശ്നത്തിന് ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ പരിഹാരം നിർദ്ദേശിക്കാൻ ഇവിടെ ഹിന്ദുമതത്തിനോ, സിക്കുമതത്തിനോ സാധിച്ചിട്ടില്ല. ഇസ്‌ലാമിൽ അതിന്റെ പൊടിപോലും ഇല്ലെന്ന് മുസ്‌ലിം പഞ്ചാബികളെ നോക്കിക്കണ്ടാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. തൂപ്പുകാരും, ചെരിപ്പുകുത്തികളും, മുസ്‌ലിംകൾക്കിടയിൽ ധാരാളമുണ്ട്. അവർക്ക് പള്ളിയിലും മറ്റിടങ്ങളിലും തുല്യ സ്ഥാനമാണുള്ളത്. അവർക്കിടയിൽ വിവാഹം നടക്കുന്നുമുണ്ട്.

1929-ൽ അലിഗർ സർവ്വകലാശാലയിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തുകൊണ്ട് ഗാന്ധിജി പറഞ്ഞു: "ഞാൻ ഹിന്ദുവാണെങ്കിലും എന്റെ ഹൃദയം മുസ്‌ലിമാകുന്നു. ഇസ്‌ലാമിലെ നിരവധി ആജ്ഞകളെ അനുസരിച്ച് നടക്കുന്നവനാണ് ഞാൻ."

ആംഗല നാടകസാഹിത്യത്തിലെ മുടിചൂടാമന്നനായിരുന്ന ജോർജ് ബർണാഡ്ഷാ ഒരിക്കൽ തുറന്നടിച്ചു. "I want to be a Muslim, but now where is Islam? "എനിക്ക് മുസ്‌ലിമാകണമെന്നുണ്ട്. പക്ഷേ, ഇന്നെവിടെയാണ് ഇസ്‌ലാം?")

അലഹബാദിലെ പ്രസിദ്ധ ഹിന്ദിപണ്ഡിതനായിരുന്ന സുന്ദർലാൽജി ഇന്ത്യയിലെ മുസ്‌ലിംഭരണകൂടങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്ന് പരിശോധിക്കാം. "ഇന്ത്യാരാജ്യത്തിലെ മുസ്‌ലിം ഭരണകാലം ആയിരം കൊല്ലത്തെ ദൈർഘ്യമുള്ളതാണെന്നോർക്കണം. ഇത്രയും നീണ്ട കാലയളവിൽ സൽഭരണവും ദുർഭരണവും ഉണ്ടാവുകയെന്നത് സ്വാഭാവികം മാത്രമാണ്. ഇതേ കാലഘട്ടത്തിൽ മറ്റു രാജ്യങ്ങളിലുണ്ടായിരുന്ന സ്ഥിതിഗതികളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇന്ത്യാരാജ്യത്തിലെ മുസ്‌ലിം ഭരണഘട്ടത്തെ സുവർണ്ണകാലം എന്നു വിളിക്കുന്നതിൽ പോലും തെറ്റില്ല. മതസഹിഷ്ണുതയെ സംബന്ധിച്ചിടത്തോളം ഒരു മാതൃകാ കാലഘട്ടമായിരുന്നു അത്. (മാതൃഭൂമി ആഴ്ചപതിപ്പ്, 15.1.1936).

"ഏകദേശം ആയിരം കൊല്ലം നീണ്ടുനിന്നിരുന്ന ഇന്ത്യൻ മുസ്‌ലിം വാഴ്ചയെപ്പറ്റി ചരിത്രത്തിൽ എന്തെല്ലാം പറഞ്ഞിരുന്നാലും ഒന്നോ രണ്ടോ അല്ല ഇതൊഴിച്ച് ബാക്കിയുള്ള ഭരണാധികാരികളെല്ലാം തന്നെ നല്ലവരായിരുന്നു എന്നതിന് ധാരാളം തെളിവുകൾ ഉണ്ടെന്നും മതപരിവർത്തനമാണ് ഈ രാജ്യക്കാരുടെ ലക്ഷ്യമെങ്കിൽ ഇന്ത്യയിൽ 25 കോടി ഹിന്ദുക്കളും 7 കോടി മുസ്‌ലിംകളും ആകില്ലായിരുന്നുവെന്നും പണ്ടത്തെ തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് പരമേശ്വരൻ പിള്ള പറഞ്ഞവാക്കുകൾ ഇന്നത്തെ സംഘപരിവാറിന്റെ നേതൃത്വം ശ്രദ്ധിക്കുന്നത് സമയോചിതമായിരിക്കും."

"ഔറംഗസീബ് എന്ന മുഗൾചക്രവർത്തി ഹിന്ദുക്കളെ ഗവർണർമാരും, വൈസ്രോയിമാരുമായി നിയമിച്ചിരുന്നുവെന്നും നൂറുശതമാനം മുസ്‌ലിംകൾ മാത്രം അധിവസിച്ചിരുന്ന അഫ്ഘാനിസ്ഥാൻ പ്രദേശത്ത് അദ്ദേഹം വൈസ്രോയിയായി നിയമിച്ചത് ഒരു രജപുത്രനെയായിരുന്നുവെന്നും അദ്ദേഹത്തിന്റെ മഹാമനസ്കതയിൽ ആയിരത്തിൽ ഒരംശംപോലും ഔദാര്യം ബ്രിട്ടീഷ് ഭരണകൂടം ഹിന്ദുക്കളോട് കാണിച്ചിരുന്നില്ലെന്നും സർ പി.സി.റെ പറഞ്ഞപ്പോൾ പ്രസിദ്ധ ചരിത്രകാരനും ബംഗാളി നേതാവുമായിരുന്ന ബാബു ബിബിൻചന്ദ്രപാൽ പറഞ്ഞത് മുസ്‌ലിംകൾക്ക് അധികാരം കൈവന്നപ്പോൾ അവർ അന്യമതസ്ഥരോട് അങ്ങേയറ്റത്തെ സഹിഷ്ണുതയോടും സ്നേഹത്തോടും പെരുമാറുകയും അവരുടെ മതപരവും, ഭൗതീകവുമായ സമസ്ത കാര്യങ്ങൾക്കും സംരക്ഷണം നല്കുകയും ചെയ്തുവെന്നായിരുന്നു.

ഇസ്‌ലാമിനോട് അനുഭാവം കുറഞ്ഞയാളും അനേകം ബൃഹത്ത്ഗ്രന്ഥങ്ങളുടെ ഗ്രന്ഥകർത്താവുമായിരുന്ന ഇസ്റായേൽ സ്മിത്ത് ക്ലേർ തന്റെ 'അൺറൈവൽഡ് ഹിസ്റ്ററി ഓഫ് ദ വേൾഡ്' (എതിരറ്റ വിശ്വചരിത്രം) എന്ന ഗ്രന്ഥത്തിന്റെ മൂന്നാം ഖണ്ഡത്തിൽ ഇസ്‌ലാമിനെപ്പറ്റി പറഞ്ഞകാര്യങ്ങൾ എടുത്തുപറയത്തക്കതത്രെ. അദ്ദേഹം എഴുതി. "തമോയുഗത്തിലും മധ്യയുഗത്തിലും യൂറോപ്പിന്മേൽ ഇസ്‌ലാമിന്നുണ്ടായിരുന്ന സ്വാധീനം വല്ലാത്തതായിരുന്നു. അവരുടെ അന്നത്തെ വിജ്ഞാനകേന്ദ്രമായിരുന്ന സ്പെയിനിലെ (അന്തലുസ്) കൊർഡോവ (ഖുർത്തുബ) വിശ്വപ്രസിദ്ധമായിരുന്നു. അവിടത്തെ മുസ്‌ലിം യൂനിവേഴ്സിറ്റികളിൽനിന്നും ക്രൈസ്തവ വിദ്യാർത്ഥികൾ യൂറോപ്യൻ നാഗരികതയുടെ ധ്വജസ്തംഭങ്ങളായി മാറുകയായിരുന്നു. അന്യമതങ്ങളോടുള്ള സഹാനുഭൂതിയും സഹിഷ്ണുതയും, സ്നേഹവായ്പുമായിരുന്നു അവിസ്പെന്ന (ഇബ്നുസീന), അവറോസ് (ഇബ്നുദുഷ്ദ്) എന്നീ അപ്രതിമപ്രതിഭാശാലികളെ അവരുടെ ഗുരുക്കന്മാരാക്കിമാറ്റിയത്.

"പെരുത്തു നൂറ്റാണ്ടിലിടക്കൊരിക്കലീ
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരൊറ്റ വൃക്ഷത്തെ നടുന്നു പാന്ഥരായി-
വരുന്നവർക്കുത്തമ വിശ്രമത്തിന്നായി.

എന്ന് മുഹമ്മദ് നബി(സ)യെ പ്രകീർത്തനം ചെയ്തു കാവ്യം രചിച്ച മഹാകവി ഉള്ളൂരിന്റെ ഇസ്‌ലാമിക സമീക്ഷണം മുസ്‌ലിം വിരോധികളുടെ കണ്ണു തുറപ്പിക്കാൻ പര്യാപ്തമത്രെ. അദ്ദേഹം എഴുതി: "മുസ്‌ലിം സമുദായത്തിന്റെ ചരിത്രം ഇന്നധികപേരും വേണ്ടുവോളം മനസ്സിലാക്കിയിട്ടില്ല. അവർ ലോകാഭിവൃദ്ധിയുടെ വിജയത്തിന് കാരണമായിട്ടുണ്ടെന്ന് പറയുവാൻ അന്യമതങ്ങൾ എന്തുകൊണ്ടോ മടികാണിക്കുന്നു. ഇത് അവർക്ക് മുസ്‌ലിംകളോടുള്ള വെറുപ്പും അജ്ഞതയുമാണ് വെളിപ്പെടുത്തുന്നത്. പരിശുദ്ധ നബിയുടെ തത്ത്വമെന്ത്, പൂർവ്വമുസ്‌ലിംകൾ കാണിച്ചിട്ടുള്ള അത്ഭുതകർമ്മമെന്ത് ഇതൊക്കെയാണ് നാം അന്വേഷിക്കേണ്ടത്. ലോകത്ത് അതതുകാലത്ത് നിരവധി ദീർഘദർശികൾ അവതരിച്ചിട്ടുണ്ട്. അവരിൽ അതിമഹനീയ സ്ഥാനാർഹനാണ് നബി. അദ്ദേഹത്തിന്റെ ജനനമോ വെറുമൊരു മണൽക്കാട്ടിൽ. വിഗത മാതൃകനായ ഒരു കുമാരൻ. ആട്ടിടയനായ ഒരു സാധു. അങ്ങനെയുള്ളൊരു ബാലന് അനന്തരം തന്റെ സ്വന്തം കണ്ണുകൊണ്ടുതന്നെ കാണത്തക്കവണ്ണം ശക്തിമത്തും വിശ്വവിഖ്യാതവുമായ ഒരു മതം സ്ഥാപിക്കാൻ കഴിഞ്ഞു. അടുത്തകാലത്തിനകം അതിവിശാലമായ ഒരു സാമ്രാജ്യം മുസ്‌ലിംകൾക്ക് കരഗതമായി. ഇതെങ്ങനെ സാധിച്ചു? ഇതിനൊക്കെ അവരെ സഹായിച്ച ശക്തിയേത്?"

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ വിശ്വചരിത്രാവലോകത്തിൽ ഇസ്‌ലാമിനെപ്പറ്റിയും ഭരണകൂടങ്ങളെപ്പറ്റിയും പറഞ്ഞ കാര്യങ്ങൾകൂടി ഇവിടെ എടുത്തുദ്ധരിക്കട്ടെ. 'മുസ്‌ലിം അറബികളുടെ മതകാര്യത്തിലുള്ള സഹിഷ്ണുതയും, യുക്തിവിചാരവും സുവിദിതമാണ്. ഒരുകാലത്ത് അവരുടെ രക്ഷാകർത്തൃത്വത്തിൽ യുക്തിവിചാരത്തിന്റെ വീക്ഷണകോണിലൂടെ നാനാവിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി പല മതക്കാരും, ഒരു മതമില്ലാത്തവരും ഒത്തുചേർന്നിരുന്ന ഒരു ക്ലബ്ബുപോലും ബാഗ്ദാദിൽ ഉണ്ടായിരുന്നു (പേജ് 296). അദ്ദേഹം തുടർന്നെഴുതുന്നു. "സ്പെയിൻകാരായ ക്രിസ്ത്യാനികൾക്ക് കുളിയോടും, ദേഹശുചീകരണത്തോടും എന്തോ ഒരു വിരോധമുള്ളതുപോലെ തോന്നുന്നു. സ്പാനിഷ് അറബികൾക്ക് ഇക്കാര്യത്തിൽ വളരെ നിഷ്കർഷയുണ്ടായിരുന്നു. അതിനുവേണ്ടി അവർ പലേടത്തും പൊതുസ്നാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതുമാവാം ക്രിസ്ത്യാനികൾക്ക് അവരോട് വിപ്രതിപത്തി തോന്നാൻ കാരണം. അവരെയോ അവരുടെ സ്ത്രീകളെയോ ചാർച്ചയിൽപെട്ടവരെയോ വീട്ടിൽവെച്ചോ, പുറമെവെച്ചോ ഒരിക്കലും കുളിക്കാൻ അനുവദിക്കരുതെന്ന് ക്രിസ്ത്യാനികൾ കല്പിക്കുകയുണ്ടായി (പേജ് 311).

ഇംഗ്ലീഷ് ചരിത്രകാരനായിരുന്ന ലെയിൻപൂൾ സാരസന്മാരെപ്പറ്റി (അറബ് മുസ്‌ലിംകളെ സാരസന്മാരെന്നും, ആഫ്രിക്കൻ മുസ്‌ലിംകളെ മൂർസ് എന്നുമായിരുന്നു പാശ്ചാത്യർ സംബോധന ചെയ്തിരുന്നത്.) ഇങ്ങനെ എഴുതുന്നു:

"നൂറ്റാണ്ടുകളോളം സ്പെയിൻ നാഗരികതയുടെ കേന്ദ്രവും കലാവിദ്യകളുടെയും, ഭൗതികശാസ്ത്രത്തിന്റെയും എന്നുവേണ്ട വിശിഷ്ടമായ എല്ലാത്തരം വിജ്ഞാനത്തിന്റെയും ഇരിപ്പിടമായിരുന്നു. യൂറോപ്പിലെ മറ്റൊരു രാജ്യവും അന്നോളം അവരുടെ സാമ്രാജ്യത്തിന്റെ അടുത്തെങ്ങും എത്തിയിരുന്നില്ല.

ലെയിൻപൂൾ പറഞ്ഞ വസ്തുതകൾ തന്റെ ഗ്രന്ഥത്തിലൂടെ ആവർത്തിച്ചശേഷം വീണ്ടും നെഹ്റുജി വിശ്വചരിത്രാവലോകത്തിൽതന്നെ എഴുതിപ്പിടിപ്പിക്കുന്നു. "ഇസ്‌ലാം ഇന്ത്യയെ പിടിച്ചൊന്നു കുലുക്കി. തികച്ചും പുരോഗമനവിമുഖമായിത്തീർന്ന ഒരു ജനതയിൽ അത് പുതിയൊരു ഓജസ്സും, പുരോഗമന കാംക്ഷയും കുത്തിവെച്ചു. അധോമുഖവും, ദുഷ്ടവും, ആവർത്തനത്താലും നിശ്ചേതനമായ ഹൈന്ദവകലകൾക്ക് ഉത്തരേന്ത്യയിൽ ഒരു മാറ്റം സംഭവിച്ചു. ഇന്തോ-മുസ്‌ലിം എന്നു വിളിക്കാവുന്നതും ശക്തിയും ഓജസ്സും തുളുമ്പുന്നതുമായ ഒരു നൂതനകലാവിശേഷം ക്രമേണ രൂപമെടുത്തു. പഴയ ഇന്ത്യൻ വാസ്തുശില്പികൾ മുസൽമാന്മാർ കൊണ്ടുവന്ന നൂതനാശയങ്ങളിൽനിന്നും ഉത്തേജനം നേടി. മുസ്‌ലിം വിശ്വാസപ്രമാണത്തിന്റെയും, ജീവിതമനോഭാവത്തിന്റെയും സരളതതന്നെ പിൽക്കാലത്തെ വാസ്തുശില്പത്തെ പ്രചോദിപ്പിക്കുകയും, അതിൽ വീണ്ടും സരളവും, കുലീനവുമായ ആസൂത്രണങ്ങളെ അവതരിപ്പിക്കുകയും ചെയ്തു (വിശ്വചരിത്രാവലോകം, നെഹ്റു, പേജ്, 341-342).

●

---

*14-ൽ നിന്ന്*

ഗന്ധർ സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നു. അവരുടെ നീക്കം വളരെ തന്ത്രപരമായ നിലയിലാണ്. പക്ഷേ, അല്ലാഹു അവരുടെ എല്ലാ കുതന്ത്രങ്ങളും തകർത്തുകളയും. ഇൻശാഅല്ലാഹ്. ഇങ്ങനെ അഹ്മദികളെ നശിപ്പിക്കാമെന്ന വിചാരം ഒരിക്കലും വിലപ്പോകുകയില്ല. ഇതവരുടെ മൂഢസങ്കല്പമാണ്. കഴിഞ്ഞ നൂറുവർഷത്തിലേറെയായി ഈ പരിശ്രമം നടന്നുകൊണ്ടിരിക്കുന്നുണ്ട്. എന്നെന്നും അത് പരാജയപ്പെടുകയാണുണ്ടായത്. എവിടെയൊക്കെ ശ്രമിച്ചിട്ടുണ്ടോ അവിടെയൊക്കെ പരാജയപ്പെട്ടു. ഇതേതെങ്കിലും മനുഷ്യന്റെ പ്രവൃത്തിയായിരുന്നെങ്കിൽ എന്നേ അഹ്മദിയ്യാ ജമാഅത്ത് നശിച്ചുപോയിട്ടുണ്ടാകുമായിരുന്നു. പക്ഷേ, ഇത് അല്ലാഹുവിന്റെ കൈയാൽ നടപ്പെട്ട ചെടിയാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട്, ഇത് വളരും, പുഷ്പിക്കും, കായ്ക്കും എന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇൻശാഅല്ലാഹ്. ആർക്കും ഇതിനെ നശിപ്പിക്കാൻ സാധിക്കുകയില്ല.

*(ഖുത്ബ, 23.11.07. വിവ: മുഹമ്മദ് ഇസ്മാഈൽ)*

ലേഖനം

എൻ.ഇ. ഹഖ്

# സഊദി അറേബ്യ: ഇങ്ങനെയുമൊരു രാജ്യം!

അമേരിക്കയുടെ ഒടുങ്ങാത്ത യുദ്ധക്കലിയുടെയും ഉദ്ധണ്ഡതയുടെയും ബഹളങ്ങൾക്കും, ഇറാന്റെ ശവത്തിനുവേണ്ടിയുള്ള ആക്രോശങ്ങൾക്കുമിടയിൽ ചെകുത്താനും കടലിനുമിടയിലെന്നപോലെ കഴിയുന്ന ഒരു മഹാരാജ്യവും മഹത്വമൊന്നുമില്ലാത്ത ഒരു രാജകുടുംബവുമുണ്ട്. കുറേകാലമായി അമേരിക്കയുടെയും പടിഞ്ഞാറൻകോയ്മകളുടെയും സാമന്തനായി കഴിയുന്ന മഹത്തായ സഊദിഅറേബ്യയും അവരുടെതന്നെ തണലിൽ രാജഭോഗങ്ങളും രാജ്യത്തിന്റെ പേരും രാജ്യം മൊത്തവും സ്വന്തം തറവാട്ടുപേരിലാക്കി അമേരിക്കയുമായുള്ള പ്രത്യേകബന്ധം അനുഭവിച്ചുവരുന്ന സഊദിഅറേബ്യയിലെ 'അൽസഊദ്' നാടുവാഴി കുടുംബവുമാണത്. മുമ്പൊരിക്കലും ഇല്ലാത്തതരത്തിലുള്ള അതിജീവന ഭീഷണികളാണ് സഊദിഅറേബ്യയും സഊദ് കുടുംബവും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്.

ഉസാമാ ബിൻലാദന്റെ വരവും ആറുവർഷങ്ങൾക്കുമുമ്പ് അമേരിക്കൻ മണ്ണിൽ അരങ്ങേറിയ ഭീകരാക്രമണങ്ങളും അതിനെ തുടർന്ന് എല്ലാമായ അമേരിക്കയുടെ മനംമാറ്റത്തിന്റെ ലക്ഷണങ്ങളും കുറച്ചുവർഷങ്ങളായി സഊദി അറേബ്യയെ വീർപ്പുമുട്ടിക്കുന്നു. അമേരിക്കയെ പ്രസാദിപ്പിക്കാൻ ഏതറ്റംവരെയും പോകാൻ തയ്യാറാകുന്ന സഊദികൾക്ക് ഇറാന്റെ കാര്യം തീർപ്പാക്കാനുള്ള സമ്മർദ്ദങ്ങളാണ് മറ്റൊരു ഭാഗത്തുള്ളത്. ഇറാന്റെ സ്വാധീനത്തിൽ ഫലസ്തീനിലെ ഹമാസും ലെബനാനിലെ ഹിസ്ബുല്ലയും ഇറാനിലെ പുതിയ ശിയാമേൽകൈയും പശ്ചിമേഷ്യയിൽ ഉണ്ടാക്കിയേക്കാവുന്ന പൊല്ലാപ്പുകളും ശിയാ ആധിപത്യത്തെക്കുറിച്ച് ജൂതഏജന്റുമാർ ഇളക്കിവിട്ട ദുസ്വപ്നങ്ങളുമാണ് വേറൊരുഭാഗത്ത്. ഇതിനെല്ലാമപ്പുറം ഭീകരതയുടെയും മതപരമായ അസഹിഷ്ണുതയുടെയും പേരിൽ പാശ്ചാത്യരാജ്യങ്ങളിൽനിന്നുള്ള നിരന്തരമായ ബ്ലേക്മെയ്ലുകളും സഊദിയെ വേട്ടയാടുന്നു.

എന്നാൽ, ഇതിനെല്ലാമുള്ള ഒറ്റമൂലിയായി സഊദി അറേബ്യ കാണുന്നത്, മുമ്പ് ഇറാഖിനെ ശവക്കൂനയാക്കാൻ മുഖ്യകാർമ്മികത്വം വഹിച്ചതുപോലെ ഇറാന്റെ കാര്യത്തിലും ആ റോൾ അങ്ങേറ്റെടുത്തേക്കുക എന്നുള്ളതാണ്!

**ഫേമിലി ബിസിനസ്സ്**

ആറായിരത്തിലേറെ വരുന്ന സഊദ് തറവാട്ടിലംഗങ്ങൾ പരമ്പരയാ പകുത്തെടുത്ത് അനുഭവിച്ചുവരുന്ന സഊദി അറേബ്യയെ മുമ്പൊരു പടിഞ്ഞാറൻ പത്രപ്രവർത്തകൻ പറഞ്ഞതുപോലെ ഒരു രാജ്യമെന്ന് വിളിക്കാനാവില്ല; അതൊരു വിജയകരമായ ഫേമിലിബിസിനസാണെന്ന് പറയുന്നതാവും ശരി! സഊദികളുടേതു മാത്രമല്ല, ഗൾഫിലെ മറ്റു ചെറിയ പെട്രോൾ സ്റ്റേറ്റുകളുടെ കാര്യവും മറിച്ചല്ല. ഈ നാടുകളിലെയും സമ്പത്തും അധികാരങ്ങളുമൊക്കെ സഊദിഅറേബ്യയിലേതുപോലെ ഏതാനും നാടുവാഴി കുടുംബങ്ങൾ തന്നെയാണ് അനുഭവിച്ചുപോരുന്നത്. എന്നാൽ, നാടുവാഴികളുടെ തറവാട്ടുപേരിൽതന്നെ അറിയപ്പെടുന്ന ലോകത്തിലെ ഒരേയൊരു രാജ്യമെന്ന പ്രത്യേകപട്ടം സഊദിഅറേബ്യയ്ക്ക് മാത്രം അവകാശപ്പെട്ടതാണ്!

രാജകുമാരന്മാരുടെ അഴിമതികളുടെ ആഴമാണ് ഈയ്യിടെ ബ്രിട്ടനുമായി നടത്തിയ ആയുധ ഇടപാടിലെ കോഴവിവാദത്തോടെ പുറത്തുവന്നത്. സകല കുഞ്ജിക സ്ഥാനങ്ങളിലും ഈ കുമാരന്മാരാണല്ലോ കയറിയിരിക്കുന്നത്. അകത്തും പുറത്തും ഒരുപോലെ കർശനമായുള്ള സെൻസർഷിപ്പ് ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും നിലനിറുത്തുകവഴി പൊതുജനാഭിപ്രായത്തെ തങ്ങൾ എത്രമാത്രം ഭയക്കുന്നുവെന്നും സഊദി നേതൃത്വം മറയില്ലാതെ വ്യക്തമാക്കുന്നു. വഹാബി കുടിലതയ്ക്കപ്പുറം മറ്റൊന്നും പൊറുപ്പിക്കാത്ത സഊദി അറേബ്യയിൽ മതസ്വാതന്ത്ര്യം, പൗരാവകാശം തുടങ്ങിയ പദങ്ങൾ അരോചകങ്ങളായിത്തന്നെ ഇന്നും നിലനില്ക്കുന്നു!

**സഊദി അറേബ്യ മാറി**

2001-ലെ ഭീകരാക്രമണങ്ങളുടെ പിന്നിൽ പ്രവർത്തിച്ചവരിൽ മിക്കവരും സഊദി സ്വദേശികളും സഊദിയിലെ സ്റ്റേറ്റ് സ്പോൺസേർഡ് വഹാബിമത മൗലികവാദത്തിന്റെ സന്തതികളുമാണെന്നതാണ് പൊതുവെയുള്ള വിശ്വാസം. വർഷം ആറിലധികം കഴിഞ്ഞിട്ടും ആ ദുരന്തത്തിന്റെ ഞെട്ടലിൽനിന്നും ഇനിയും മോചിതരായി കഴിഞ്ഞിട്ടില്ലാത്ത അമേരിക്കൻ പൗരന്മാർ, ഭീകരമൂർത്തി ഉസാമാബിൻലാദന്റെ നാട് എന്ന നിലിയലാണ് സഊദി അറേബ്യയെ കാണുന്നത്. ഭീകരാക്രമത്തിന് തൊട്ടുമുമ്പുവരെ മുട്ടിന് മുട്ടിന് അമേരിക്കയിലേക്ക് 'തീർത്ഥ'യാത്ര നടത്താറുള്ള സഊദിയിലെ രാജകുമാര-കുമാരിമാരും കുബേര

സന്തതികളും സാദാ സഊദികളുമൊക്കെ ഇന്ന് അമേരിക്കൻ റോഡുകളിൽ പഴയതുപോലെ അഭിമതരല്ലെന്നു മാത്രമല്ല അങ്ങോട്ടുള്ള അവരുടെ പ്രവേശനം ഏതാണ്ട് അസാധ്യമായ അവസ്ഥയിലുമാണ്.

1991-ന് മുമ്പുള്ള സഊദിഅറേബ്യയല്ല അതിനു ശേഷമുള്ള സഊദി അറേബ്യ. ആ വർഷമാണല്ലോ ഇറാഖിനുള്ള ചിതയൊരുക്കാൻ ഫഹദ് രാജാവ് അമേരിക്കയുടെ പഞ്ചനക്ഷത്ര വാടക സൈനികവ്യൂഹത്തെ എടുത്തുചാടി ക്ഷണിച്ചത്. അഹ്മദിയ്യാ ജമാഅത്തിന്റെ അന്നത്തെ ഇമാം ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹിമഹുമുല്ലാഹ്) നൽകിയ മുന്നറിയിപ്പിന്റെ പൂർത്തീകരണമാണ് നമുക്ക് കാണാനാവുന്നത്. സഊദി അറേബ്യയെ സംബന്ധിച്ചിടത്തോളം ഒരിക്കലും പൂർവ്വസ്ഥിതിയിലേക്കുള്ള ഒരു തിരിച്ചുപോക്കില്ലെന്നായിരുന്നു അദ്ദേഹം ഓർമ്മിപ്പിച്ചത്. "ഭീതിജനകമായ അവസ്ഥകളാണ് നേരിടാനിരിക്കുന്നത്. സഊദി അറേബ്യയ്ക്ക് അതിൽനിന്ന് രക്ഷപ്പെടാനാവുകയില്ല" (ഖുത്ബ, 11.1.91). സഊദി അറേബ്യയുടെ നല്ലകാലം അതോടെ കഴിഞ്ഞു. ഭീതിജനകമായ അവസ്ഥകളിലൂടെയാണ് സഊദി ഇപ്പോൾ കടന്നുപോകുന്നത്.

കുടുംബാധിപത്യത്തോടുള്ള അമർഷങ്ങളും രാജകുമാരന്മാരുടെ കൊടിയ അഴിമതികളുംമൂലം രാജവാഴ്ചയോടുള്ള അസംതൃപ്തി വ്യാപകമാണ്. രാജകുമാരന്മാർക്കുനേരെയുള്ള വധഭീഷണികളോടൊപ്പം ഏതാണ്ട് ഒരു ഡസനിലേറെയെങ്കിലും വിമതഗ്രൂപ്പുകൾ സജീവമാണ്. പള്ളികൾ കേന്ദ്രീകരിച്ചുപോലും ഗൂഢപ്രവർത്തനങ്ങൾ അരങ്ങേറുന്നുണ്ട്. വിധ്വംസക പ്രവർത്തനങ്ങളുടെ ആസൂത്രണം വിദേശരാജ്യങ്ങളിലാണ് കൂടുതലും നടക്കുന്നത്. ഇറാനും ശിയാവിഭാഗത്തിനുമെതിരെ അളവെടുത്ത് ജാഗ്രത പാലിക്കുന്ന സഊദി അധികൃതർ ജൂതഏജന്റുമാർ നടത്തുന്ന കളികളെക്കുറിച്ച് അജ്ഞരാണ്. അതേസമയം ഈ കുടുംബാധിപത്യത്തിന്റെ സൗധമെങ്ങാനും മുപ്പതു വർഷങ്ങൾക്ക് മുമ്പ് ഇറാനിൽ സംഭവിച്ചതുപോല ഒരുനാൾ നിലംപൊത്തിയേക്കുമോ എന്നുള്ള ഭയം അമേരിക്കയ്ക്കും ശിങ്കിടിരാജ്യങ്ങൾക്കും ഇല്ലാതില്ല. സഊദി അറേബ്യയിലുണ്ടാകുന്ന ഹതവിധിയുടെ അനുരണനങ്ങൾ മറ്റ് ഗൾഫ്രാജ്യങ്ങളിലും ബാധിക്കുമെന്ന കാര്യവും പാശ്ചാത്യരാജ്യങ്ങൾക്ക് അറിവുള്ളതാണ്.

ഗൾഫ്മേഖല എഴുതിതള്ളേണ്ടിവരുമോ എന്ന പേടി അമേരിക്കയ്ക്ക് തീരെ ഇല്ലാതില്ലെങ്കിലും ഇസ്രായീലിന്റെ സാന്നിധ്യം അതിനൊരു ജാമ്യമാകുമെന്ന ദിവാസ്വപ്നത്തിലാണ് അമേരിക്ക ഇപ്പോഴുമുള്ളത്. സഊദ് കുടുംബമാകട്ടെ എല്ലാം അമേരിക്കൻ ദേവന് അർപ്പിച്ചുകൊണ്ട് ആശ്വാസം കൊള്ളുന്നു! പഴയ സോവ്യറ്റ് യൂനിയനെക്കാൾ മൂർച്ചയോടുകൂടി റഷ്യൻ സാമ്രാജ്യത്വം എഴുന്നേറ്റുകൊണ്ടിരിക്കുന്നു എന്ന വസ്തുതയും നാം കാണാതിരുന്നുകൂടാ. ഒരിക്കലും വിശ്വസിച്ചുകൂടാത്ത ഇസ്രായീൽ ഒടുവിൽ ആരുടെ കൂടെ പോകാനുള്ളതാണെന്ന് കാണാനിരിക്കുന്നതേയുള്ളൂ. ശ്രദ്ധിക്കുക, എനർജി സ്രോതസ്സുകളെ കേന്ദ്രീകരിച്ചാണ് റഷ്യ ഇപ്പോൾ അതിന്റെ സാമ്രാജ്യത്വമോഹങ്ങൾ പുനരുജ്ജീവിപ്പിക്കുന്നത്!

**അബ്ദുൽ അസീസ് ഇബ്നുസഊദ്**

മദ്ധ്യസൗഊദിയിലുള്ള നജ്ദ് പ്രദേശത്തെ ഒരു വഹാബിയുദ്ധപ്രഭുവായിരുന്ന അബ്ദുൽ അസീസ് ഇബ്നുസഊദ് ഏതാണ്ട് 76 വർഷങ്ങൾക്കു മുമ്പ് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നേരിട്ടുള്ള ആസൂത്രണത്തിൽ പടുത്തുയർത്തിയതായിരുന്നു ഈ കുടുംബവാഴ്ച. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കാലഗതിയോടെ രാജകുടുംബം സഊദി സമ്പത്തിന്റെ പിൽക്കാല ഗുണഭോക്താവായ അമേരിക്കയുടെ പാറാവിലായി.

അറേബ്യകൂടി ഉൾപ്പെട്ടിരുന്ന തുർക്കി സാമ്രാജ്യത്തിന്നെതിരെ പടയോട്ടങ്ങൾ നടത്തിക്കൊണ്ടായിരുന്നു 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വഹാബിബ്രാന്റ് മതമൗലികവാദം ആവേശമാക്കിയ സഊദ് കുടുംബത്തിന്റെ രംഗപ്രവേശനം. കൂട്ടക്കൊലകൾക്കും കൊള്ളകൾക്കുമൊപ്പം പുണ്യസ്ഥലങ്ങൾ വികൃതമാക്കുകയെന്നതും പുണ്യാത്മാക്കളുടെ കബറിടങ്ങൾ അടിച്ചുതകർക്കുകയെന്നതും ഈ വഹാബി യുദ്ധപ്രഭുക്കളുടെ ക്രൂരവിനോദങ്ങളായിരുന്നു. കൂട്ടത്തിൽ നബി(സ) തിരുമേനിയുടെ പരിശുദ്ധഭവനമുൾപ്പെടെ ഒട്ടേറെ പുണ്യസ്ഥലങ്ങളും ഇവരുടെ കാടുകയറിയ ശിർക്കുവിരോധത്തിൽ തരിപ്പണമാക്കപ്പെടുകയുണ്ടായി. സംഹാരാത്മകമായ ആ പടയോട്ടങ്ങൾക്കൊന്നും പക്ഷെ വിജയകരമായ പര്യവസാനമുണ്ടായില്ല. പിന്നീട് 1924-ലാണ് അന്നത്തെ കുലത്തലവൻ അബ്ദുൽ അസീസ് ഇബ്നു സഊദിന്റെ നേതൃത്വത്തിൽ മക്കയും മദീനയും പിന്നെ ജിദ്ദയും ഉൾപ്പെടുന്ന ഹിജാസ് പ്രദേശത്തിനുനേരെ വീണ്ടും ആക്രമണമാരംഭിച്ചത്. ഇതിനിടയിൽ പരിശുദ്ധമക്കയിൽ ബോംബുവർഷം നടത്താനും ഇദ്ദേഹം മടികാണിക്കുകയുണ്ടായില്ല. ഇത്തവണ ബ്രിട്ടീഷ് യജമാനന്മാരുടെ നേരിട്ടുള്ള സഹായം കാരണം താമസിയാതെ ഹിജാസിലെ ഭരണാധിപൻ ശരീഫ് ഹുസയ്നും തുടർന്ന് രാജാവായ അയാളുടെ മകനും നാടുവിടേണ്ടിവന്നു. അങ്ങനെ 1926 ജനുവരിയിൽ ഇബ്നുസഊദ് കൂട്ടക്കൊലകളുടെ നടുവിൽ നജ്ദിലെ സുൽത്താനും ഹിജാസിലെ രാജാവുമായി സ്വയം അവരോധിതനായി. അപ്പോഴേക്കും ആക്രമണോത്സുക വഹാബിസത്തിന്റെ പതിവു 'ശിർക്ക്' വിരോധമനുസരിച്ച് അവിടങ്ങളിലെ വിശുദ്ധസ്ഥലങ്ങളും പുണ്യാത്മാക്കളുടെ അവശേഷിക്കുന്ന കബറിടങ്ങളുമൊക്കെ ഒരിക്കൽകൂടി നാമാവശേഷമാക്കപ്പെട്ടു. ഇതായിരുന്നു ഇരുപതാംനൂറ്റാണ്ടിലെ അറിയപ്പെടുന്ന ആദ്യത്തെ താലിബാൻ മോഡൽ മതമൗലികവാദ വിപ്ലവം. തുടർന്ന് ഈ പ്രതിവിപ്ലവത്തിന്റെ സ്പോൺസർമാരായ ബ്രിട്ടീഷ് യജമാനന്മാരുടെ ആശിർവാദത്തോടെ 1932-ൽ അബ്ദുൽ അസീസ്

ഇബ്നു സഊദ് തന്റെ സാമ്രാജ്യത്തെ തറവാട്ടുപേരിൽത്തന്നെ സഊദി അറേബ്യ എന്നു നാമകരണം ചെയ്യുകയും ചെയ്തു.

**മുസ്‌ലിംലോകത്തിന് കാലക്കേടുകളുമായി**

അന്നുതൊട്ടേ സഊദി അറേബ്യയുടെ സംഭാവനകൾ ഏറെയും മുസ്‌ലിംലോകത്തിന് കാലക്കേടുകൾ മാത്രം സമ്മാനിക്കുന്നതായിരുന്നു. ഇസ്‌ലാമിന്റെ പാവനമായ രണ്ട് പുണ്യസ്ഥലങ്ങളുടെ ആവാസഭൂമിയെന്ന നിലയിൽ ഇസ്‌ലാമിന്റെയും മുസ്‌ലിംലോകത്തിന്റെയും ആത്മീയകുത്തകകൂടി ഏറ്റെടുത്തുകൊണ്ടുള്ളതായിരുന്നു തീരുമാനങ്ങൾ പലതും. കഴിഞ്ഞ ഗൾഫ് പ്രതിസന്ധിയിൽ ഇറാഖിന്റെ ഉന്മൂലനവും ഇസ്‌റായീലിന്റെ സംരക്ഷണവും ഉറപ്പുവരുത്തുന്ന തീരുമാനങ്ങളോടെയാണ് ആ സംഭാവന പരമോച്ചിയിലെത്തിയത്. എല്ലാം ഇസ്‌ലാമിന്റെ കണക്കിൽതന്നെ വരവുവെക്കുകയും ചെയ്തു.

പുണ്യഭൂമിയിലേക്ക് അമേരിക്കൻ സൈനികദളങ്ങളെ ക്ഷണിച്ചുവരുത്തുന്നതിന് അനുകൂലമായി ഇസ്‌ലാമിന്റെ പേരിൽ ഒരു ഫത്‌വ തരപ്പെടുത്തിയെടുക്കാൻ ഫഹദ് രാജാവിന് തീരെ പ്രയാസപ്പെടേണ്ടതുണ്ടായിരുന്നില്ല. അങ്ങനെയാണ് ഗ്രാന്റ് മുഫ്തിയായി വാഴിക്കപ്പെട്ട പരേതനായ ശെയ്ഖ് അബ്ദുൽ അസീസ് ഇബ്നുബാസിന്റെ ഫത്‌വ പുറത്തുവരുന്നത്. അടിയന്തിര സാഹചര്യത്തിൽ ഒരു അമുസ്‌ലിം രാജ്യത്തിന്റെ സഹായം തേടുന്നത് അനുവദനീയമാണെന്നായിരുന്നു അദ്ദേഹത്തിന്റെ ഫത്‌വ. അടിയന്തിര സാഹചര്യത്തിൽ മുസ്‌ലിംരാജ്യങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് വിശുദ്ധഖുർആൻ വ്യക്തമായി പറഞ്ഞുതരുന്നുണ്ട്. പക്ഷേ, സഊദ് കുടുംബത്തിനോ അവർക്ക് കുഴലൂതുന്ന ആസ്ഥാന മുഫ്തിമാർക്കോ അതല്ലല്ലോ വേണ്ടത്. ഇതിനിടയിൽ ഇറാഖിനെതിരായ യുദ്ധം പരിശുദ്ധ ജിഹാദാണെന്ന പ്രഖ്യാപനത്തോടെ ഇതേ മുഫ്തിയുടേതായി മറ്റൊരു ഫത്‌വ കൂടി പുറത്തുവരികയും ചെയ്തു. ഒരുപക്ഷേ, വഹാബിസവും സഊദ്കുടുംബവും ഒന്നിച്ചുനീന്തേണ്ടവരും ഒന്നിച്ചു മുങ്ങേണ്ടവരുമാണെന്ന് പ്രായോഗികമായി കണ്ടറിഞ്ഞതുകൊണ്ടായിരിക്കാം ശെയ്ഖ് ബാസ് ഖുർആനുമായി ബന്ധമില്ലാത്ത ഇത്തരം ഫത്‌വകൾ പാസാക്കാൻ ബദ്ധപ്പെട്ടത്.

**സഊദി: അമേരിക്കയുടെ ശക്തിസ്രോതസ്സ്**

ആഗോള എണ്ണസ്രോതസ്സിന്റെ നാലിലൊരു ഭാഗം സ്വന്തമായുള്ള രാജ്യമെന്ന നിലയിൽ സഊദി അറേബ്യയ്ക്ക് അമേരിക്കയെക്കാളുപരി അമേരിക്കയ്ക്ക് സഊദി അറേബ്യയെയാണ് യഥാർത്ഥത്തിൽ ആവശ്യം. പക്ഷേ, ലോകം മനസ്സിലാക്കുന്നത് നേരെമറിച്ചാണ്. ഇപ്പോഴാണെങ്കിൽ ഇറാഖിലെ പെട്രോൾ പുഴകൾതന്നെ സ്വന്തമായ സ്ഥിതിയ്ക്ക് അതും പഴങ്കഥയായി. ബ്രിട്ടീഷ് സാമ്രാജ്യത്തിൽനിന്ന്, 1938-ൽ കാലിഫോർണിയായിലെ സ്റ്റാന്റേർഡ് ഓയിൽ കമ്പനിയുടെ നേതൃത്വത്തിൽ എണ്ണ കണ്ടെത്തിയതിൽപിന്നെ സഊദ് കുടുംബത്തിന്റെ പാറാവേറ്റെടുത്ത അമേരിക്ക, അവിടെനിന്ന് ഉയർന്ന കിഴിവിൽ എണ്ണ ഊറ്റിയെടുക്കുകയും അതിലുപരി കട്ടുകടത്തുകയും ചെയ്യുക മാത്രമല്ല സഊദി സമ്പത്തിന്റെ ചിലവിൽ വലിയൊരളവോളം വീർത്തു വികസിക്കുകയും ചെയ്തു. ഇതേ സഊദി പെട്രോ ഡോളർ തന്നെയാണ് ശീതസമരകാലത്ത് കമ്മ്യൂണിസ്റ്റ് ഭീഷണി നേരിടാനും നിക്കരാഗ്വ മുതൽ സോവിയറ്റ് അധിനിവേശകാലത്തെ അഫ്ഘാൻവരെയുള്ള രാജ്യങ്ങളിലൊക്കെ കമ്മ്യൂണിസ്റ്റ് വാഴ്ചക്കെതിരെ പ്രവർത്തിക്കാനും യു.എസിനെ തുണച്ചത്. അന്ന് സോവിയറ്റ് കമ്മ്യൂണിസത്തിനെതിരെയുള്ള വിഷചികിത്സയെന്നോണം എല്ലാത്തരം മതമൗലികവാദികളെയും മതഭീകരന്മാരെയും തട്ടി പ്രോത്സാഹിപ്പിച്ച കൂട്ടത്തിൽ അൽസഊദിന് തണലേകുന്ന കൊടിയ വഹാബിബ്രാന്റ് മുല്ലായിസത്തെയും ദത്തെടുത്ത് വളർത്തിയതും അമേരിക്കയായിരുന്നു. അങ്ങനെയാണ് അഫ്ഘാനിസ്ഥാനിൽനിന്ന് ചെമ്പടയെ ഓടിച്ചതും പിന്നീട് തങ്ങൾക്കുതന്നെ വിനയായെന്നു പറയുന്ന താലിബാനെ പെറ്റുപോറ്റിയതും!

ഇസ്‌റായീലും ഇസ്‌റായീലിന് പാറാവുനില്ക്കുന്ന അമേരിക്കയും അമേരിക്കയുടെ ചിലവേറിയ കാവലിൽ നാളുനീക്കുന്ന ഹൗസ് ഓഫ് സഊദും ഒരു മെയ്യാണെന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. കഴിഞ്ഞ വർഷം ലെബനോനിനുനേരെ ഇസ്‌റായീൽ നടത്തിയ കൊടൂരമായ കടന്നാക്രമണത്തിന് അബ്ദുല്ലാ രാജാവ് കുറ്റപ്പെടുത്തിയത് ഹിസ്ബുല്ലയെയായിരുന്നു. 1990-91 -ലെ ഗൾഫ് പ്രതിസന്ധികാലത്ത് സദ്ദാം ഹുസൈനെ സംഹരിക്കാൻ അൽസഊദ് കുടുംബം അമേരിക്കൻ കൂലിപടയാളികളെ ക്ഷണിച്ചുവരുത്തിയതിന്റെ ഭവിഷ്യത്തുകളാണ് മദ്ധ്യപൗരസ്ത്യദേശവും മുസ്‌ലിംലോകവും ഇന്നനുഭവിക്കുന്നത്. ആ യുദ്ധം ഇസ്‌റായീലിന്റെ താൽപര്യസംരക്ഷണത്തിനുവേണ്ടിയുള്ള ബൃഹത്തായ പദ്ധതിയുടെ ഉദ്ഘാടനമായിരുന്നു.

ഈ ദുരദൃഷ്ടത്തിന്റെ തുടർച്ചയാണ് അമേരിക്കയുടെ അധിനിവേശവും ഇറാഖിന്റെ പൂർണമായ ഉന്മൂലനവും. പുതിയ ഇറാഖിലാകട്ടെ പണ്ടില്ലാത്തവിധം ശിയാ മേൽക്കോയ്മയും ഉണ്ടായിരിക്കുന്നു. സ്വന്തമായി ഒരു തീരുമാനവുമില്ലാത്ത സഊദ് നേതൃത്വം അമേരിക്കയുടെ ഇഷ്ടാനിഷ്ടങ്ങൾ സഹോദര ഗൾഫ് രാജ്യങ്ങളിലും അറബ്‌ലോകത്തും ആവുമെങ്കിൽ മുസ്‌ലിംലോകത്താകെയും ചെലവാക്കാനുള്ള ഉപാധിയായിട്ടാണ് എന്നും വർത്തിച്ചത്. ഇനിയും അങ്ങനെയല്ലാതിരിക്കാനുള്ള സാധ്യതയൊന്നും കാണുന്നില്ല. മുസ്‌ലിം രാജ്യങ്ങൾക്കെതിരിൽ പാശ്ചാത്യരാജ്യങ്ങളുടെ ഇത്തിക്കണ്ണിയായി വർത്തിച്ച പാരമ്പര്യമാണ് പൊതുവെ അൽസഊദ് രാജകുടുംബത്തിനുള്ളത്. ആ പാരമ്പര്യം ഇറാന്റെ കാര്യത്തിലും വിജയകരമായി ആവർത്തിക്കുമെന്ന് നമുക്ക് ഉറപ്പിക്കാം! ●

സന്ദേശം

# നമസ്കാരം നിലനിറുത്തുകയും ഖുർആൻ പാരായണം ശീലമാക്കുകയും ചെയ്യുക

**(2007 ഒക്ടോബർ 19, 20, 21 തിയതികളിൽ ഖാദിയാൻ ദാറുൽ അമാനിൽ നടന്ന 30-ാം വാർഷിക ഇജ്തിമാഅ് അൻസാറുല്ലാഹ് ഭാരതിന് വേണ്ടി ഹുസൂർ അയച്ച സന്ദേശം)**

**ഭാ**രതമജ്ലിസ് അൻസാറുല്ലായുടെ പ്രിയ അംഗങ്ങളേ,

അസ്സലാമു അലയ്ക്കും.

മജ്ലിസ് അൻസാറുല്ലാഹ് ഭാരത് വാർഷിക ഇജ്തിമാഅ് നടത്തുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങളുടെ ഇജ്തിമാഇനെ എല്ലാ നിലയിലും അല്ലാഹു വിജയിപ്പിക്കുമാറാകട്ടെ. എല്ലാ സംഘാടകർക്കും ഡ്യൂട്ടിക്കാർക്കും അവരവരുടെ കടമകൾ ഭംഗിയായി നിർവ്വഹിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഉത്തമ പ്രതിഫലം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ (ആമീൻ).

ബഹുമാന്യനായ സദ്ർ മജ്ലിസ് അൻസാറുല്ലാഹ് ഭാരത്, വാർഷിക ഇജ്തിമാക്കുവേണ്ടി ഒരു സന്ദേശം അയച്ചുതരണമെന്ന് എനിക്ക് എഴുതുകയുണ്ടായി. ഈ അവസരത്തിൽ രണ്ട് കാര്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രഥമകാര്യം നമസ്കാരം നിർവ്വഹിക്കുന്നതിനെക്കുറിച്ചാണ്. അല്ലാഹു മനുഷ്യസൃഷ്ടിപ്പിന്റെ കാതലായി പറഞ്ഞിരിക്കുന്നതുതന്നെ ആരാധനയാണ്. നിത്യവും അഞ്ചുനേരം കൃത്യമായി നമസ്കരിക്കാൻ കൽപിക്കുകയും ചെയ്തിരിക്കുന്നു. വിശുദ്ധഖുർആനിലും ഹദീസുകളിലും നമസ്കാരം അനുഷ്ഠിക്കേണ്ട കാര്യത്തിൽ വളരെയധികം ഊന്നൽ നൽകിയിട്ടുള്ളതുകാണാം. അതിന്റെ ഗുണങ്ങളും അനുഗ്രഹങ്ങളും അതിന്റെ പ്രാധാന്യവും അത് നിർബന്ധമാക്കിയതിനെക്കുറിച്ചുമുള്ള പ്രതിപാദ്യവും കാണാവുന്നതാണ്. തിരുനബി(സ.അ)ന്റെ തിരുചര്യകളും നമ്മോട് പറയുന്നത് നമസ്കാരം എത്രമാത്രം നിർബന്ധമാണെന്നാണ്. തിരുനബി(സ.അ)ക്ക് തന്റെ അവസാനനിമിഷത്തിലും ആരോഗ്യം വളരെ മോശമായിരുന്നിട്ടുപോലും നമസ്കാരത്തെക്കുറിച്ച് മാത്രമായിരുന്നു ചിന്ത എന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. സഹാബാക്കൾ തിരുനബിയെ താങ്ങിക്കൊണ്ട് പള്ളിയിലേക്ക് കൊണ്ടുവന്നിരുന്നു. ഇത്രയും ക്ഷീണിതനും ബലഹീനനുമായിട്ടുപോലും അവിടന്ന് നമസ്കാരത്തിൽ അലസത കാട്ടിയിരുന്നില്ല.

നമസ്കാരം മനുഷ്യനെ തിന്മകളിൽനിന്നും രക്ഷിക്കുന്നു. അത് ലജ്ജാകരവും മ്ലേച്ഛവുമായ പ്രവർത്തികളിൽനിന്ന് മനുഷ്യനെ തടയുന്നു. അത് മനുഷ്യന്റെ ഹൃദയത്തെ ശുദ്ധീകരിക്കുകയും അവനെ പരിശുദ്ധനാക്കുകയും ചെയ്യുന്നു. നമസ്കാരം വിശ്വാസിയുടെ മിഅ്റാജ് ആണ്. സ്വർഗ്ഗത്തിന്റെ താക്കോലാണ്. നമസ്കാരം മുഖേന ദൈവസാമീപ്യം കരഗതമാകുന്നു. അല്ലാഹുവിന്റെ സന്തുഷ്ടിയും പ്രീതിയും അതുമുഖേന സിദ്ധിക്കുന്നു. നമസ്കാരം മനുഷ്യനെ ആലസ്യത്തിൽനിന്ന് രക്ഷിക്കുകയും കൃത്യനിഷ്ഠത പഠിപ്പിക്കുകയും ചെയ്യുന്നു. ശാരീരികവും ആത്മീയവുമായ വിശുദ്ധി കൈവരിക്കുന്നതിനുള്ള പാഠങ്ങൾ നൽകുന്നു. കൂട്ടായ്മയുടേയും ഒരുമയുടേയും പ്രത്യക്ഷരൂപം നമ്മുടെ മുമ്പാകെ പ്രദർശിപ്പിക്കുന്നു. പരസ്പര സമന്വയത്തിന്റെയും സാഹോദര്യത്തിന്റെയും അധ്യാപനങ്ങൾ അത് നൽകുന്നു. നമസ്കാരം മുഖേന മനുഷ്യൻ സംസ്കരിക്കപ്പെടുന്നു. അതുമുഖേന ഏകത്വം സ്ഥാപിതമാകുന്നു. നമസ്കാരത്തിൽ മനുഷ്യൻ തന്റെ പരിപാലകനായ നാഥനോട് പ്രാർത്ഥിക്കുകയും തന്റെ ആവശ്യങ്ങൾ അവന്റെ മുമ്പിൽ സമർപ്പിക്കുകയും ചെയ്യുന്നു. പിന്നീട് ഈ പ്രാർത്ഥനകളും അർത്ഥനകളും സ്വീകരിക്കപ്പെടുന്നത് കാണുമ്പോൾ അവന്റെ വിശ്വാസവും ദിവ്യജ്ഞാനവും വർദ്ധിക്കുന്നു. അല്ലാഹുവിന്റെ കല്പനകളിൽവച്ച് ഖിയാമത്തുനാളിൽ ആദ്യമായി ചോദിക്കപ്പെടുന്ന കല്പന നമസ്കാരത്തെ കുറിച്ചാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: നരകവാസികളോട് ചോദിക്കപ്പെടും. "എന്താണ് നിങ്ങളെ ഈ അവസ്ഥയിൽ എത്തിച്ചത്. അവർ പറയും ***ലംനകു മിനൽ മുസ്വല്ലീൻ*** ഞങ്ങൾ നമസ്കാരം അനുഷ്ഠിക്കാറുണ്ടായിരുന്നില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു.

"നമസ്കാരം അല്ലാഹുവിന്റെ അവകാശമാണ്. അത് നിങ്ങൾ നല്ലരീതിയിൽ വീട്ടുക. അല്ലാഹുവിന്റെ ശത്രുവിനോട് മൃദുലസമീപനം വെച്ചുപുലർത്തരുത്. കൂറ് പുലർത്താനും സത്യത്തിൽ ഉറച്ചുനിൽക്കാനും ശ്രദ്ധിക്കുക. നിങ്ങളുടെ ഭവനം ഒന്നടങ്കം നശിച്ചുപോയെന്നുവന്നാലും നമസ്കാരം ഉപേക്ഷിക്കരുത്. നമസ്കാരം അശുഭമാണെന്നും, നമസ്കാരം അനുഷ്ഠിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് ഇന്നയിന്ന നഷ്ടങ്ങൾ സംഭവിക്കുന്നു എന്നും പറയുന്നവർ നിഷേധികളും കപടരുമാണ്. ദൈവകോപത്തിന് ഒരിക്കലും നമസ്കാരം ഹേതുവായിത്തീരില്ല. അതിനെ അപലക്ഷണമായിക്കരുതുന്നവന്റെ ഉള്ളിൽ വിഷമാണുള്ളത്. രോഗിക്ക് മധുരപലഹാരവും കയ്പ്പുള്ളതായി അനുഭവപ്പെടുന്നതുപോലെ ഇവർക്കും നമസ്കാരത്തിന്റെ രുചി അറിയില്ല. ഇത് ദീനിനെ ശരിയാക്കുന്നതും ധാർമ്മികതയെ മെച്ചപ്പെടുത്തുന്നതുമാണ്. ദുൻയാവിയായ പ്രശ്നങ്ങൾ പരിഹരിക്കുന്നു. നമസ്കാരത്തിൽ ലഭിക്കുന്ന ആസ്വാദനം ഭൗതികാസ്വാദനത്തേക്കാൾ എത്രയോ ആനന്ദകരമാണ്. ഭൗതികാസ്വാദനത്തിനായി ആയിരങ്ങൾ ചെലവഴിക്കുന്നു. എന്നിട്ട് അവസാനം

*പേജ് 40-ൽ*

റിപ്പോർട്ട്

എം. നാസിർ അഹ്മദ്

# മജ്‌ലിസ് അൻസാറുല്ലാ അഖിലേന്ത്യാ ഇജ്തിമാഅ് സമാപിച്ചു

ഖാദിയാൻ: മജ്‌ലിസ് അൻസാറുല്ലാഹ് ഭാരതിന്റെ 30-ാം വാർഷിക ഇജ്തിമാഅ് ദാറുൽഅമാൻ ഖാദിയാനിൽ സമംഗളം സമാപിച്ചു. ഒക്ടോബർ 19,20,21 എന്നീ തിയതികളിൽ നടന്ന ഈ ഇജ്തിമായിൽ പങ്കെടുക്കാൻ കേരളത്തിനു പുറമെ തമിൾനാട്, ആന്ധ്രാപ്രദേശ്, പഞ്ചാബ്, ഹരിയാന, കശ്മീർ തുടങ്ങിയ മിക്ക സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികൾ എത്തിയിരുന്നു.

**ഒന്നാം ദിവസം**

കാലത്ത് 4.30ന് തഹജ്ജുദ് നമസ്കാരത്തോടെയാണ് ഇജ്തിമാഅ് ആരംഭിച്ചത്. സുബ്ഹി നമസ്കാരത്തെ തുടർന്ന് മൗലാനാ ഇനായത്തുല്ലാഹ് സാഹിബ് മസ്ജിദ് മുബാറക്കിലും മൗലാനാ തൻവീർ അഹ്മദ് സാഹിബ് സറായെ ത്വാഹിറിലും ഖുർആൻ ദർസെടുത്തു. ദർസ്സിനുശേഷം അൻസാർ പ്രതിനിധികൾ ബിഹിശ്ത്തി മഖ്ബറയിൽ ഒരുമിച്ച് കൂടുകയും മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബി (നാസിർ അഅ്‌ലാ, അമീർ മഖാമി)ന്റെ നേതൃത്വത്തിൽ നടന്ന കൂട്ടപ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു.

**ഉദ്ഘാടന സമ്മേളനം**

ഉച്ചക്ക് കൃത്യം 3 മണിക്ക് വിശിഷ്ടാതിഥി മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബ് അൻസാറുല്ലായുടെ പതാക ഉയർത്തി. തുടർന്ന് വിശിഷ്ടാതിഥിയുടെ അധ്യക്ഷതയിൽ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. വിശുദ്ധഖുർആൻ പാരായണം, പ്രതിജ്ഞ, പദ്യം എന്നിവയ്ക്കുശേഷം സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം, അമീറുൽ മുഅ്മിനീൻ ഈ ഇജ്തിമാക്കുവേണ്ടി അയച്ചുതന്ന സന്ദേശം അതർഹിക്കുന്ന പ്രാധാന്യത്തോടെ വായിച്ചുകേൾപ്പിക്കുകയുണ്ടായി. സന്ദേശം വായിച്ചുകഴിഞ്ഞതിനുശേഷം സദസ്സിലുള്ളവർക്ക് അതിന്റെ ഓരോ കോപ്പിയും നൽകി. നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിക്കേണ്ടതിനെക്കുറിച്ചും വിശുദ്ധഖുർആൻ പാരായണത്തെക്കുറിച്ചും അൻസാർ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഹുസൂർ സന്ദേശത്തിൽ പറയുകയുണ്ടായി. വരുംതലമുറയെ ഭൗതികതയുടെ നീരാളിപ്പിടിത്തത്തിൽനിന്നും രക്ഷിച്ച് രക്ഷയുടെയും സമാധാനത്തിന്റെയും മാർഗ്ഗത്തിലേക്ക് നയിക്കണമെങ്കിൽ ഇതുമാത്രമാണ് ശരിയായ പാതയെന്ന് സന്ദേശത്തിലൂടെ ഹുസൂർ ഉണർത്തുകയുണ്ടായി. തുടർന്ന് മൗലാനാ സൈനുദ്ദീൻ സാഹിബ് ഹാമിദ് ഒരുവർഷം നീണ്ടുനിന്ന മജ്‌ലിസ് അൻസാറുല്ലായുടെ പ്രവർത്തന റിപ്പോർട്ട് ചുരുങ്ങിയ രീതിയിൽ അവതരിപ്പിച്ചു. കേരളത്തിൽ നടന്ന പ്രവർത്തനങ്ങളും പ്രത്യേകമായി റിപ്പോർട്ടിൽ അദ്ദേഹം എഴുതിച്ചേർത്തിരുന്നു. റിപ്പോർട്ടിനുശേഷം ഉദ്ഘാടന ഭാഷണമായിരുന്നു. ഉദ്ഘാടനഭാഷണത്തിൽ കൃത്യസമയത്ത് ഇജ്തിമാഅ് തുടങ്ങിയതിനെ അദ്ദേഹം പ്രശംസിക്കുകയും ഈ മാതൃക നിലനിർത്താൻ അപേക്ഷിക്കുകയും ചെയ്തു. ഖിലാഫത്ത് ജൂബിലി പരിപാടികളെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ട് മുഖ്യാതിഥി വസിയ്യത്തിന്റെ ടാർഗറ്റ് പൂർത്തിയാക്കുന്ന കാര്യത്തിൽ അൻസാറുല്ലാഹ് അംഗങ്ങൾ അരയും തലയും മുറുക്കി രംഗത്തിറങ്ങണമെന്ന് അപേക്ഷിക്കുകയുണ്ടായി. ഇന്ത്യയിൽ ഇതുവരെ 15% മാത്രമാണ് വസിയ്യത്ത് നടന്നതെന്നും ജർമ്മനിയിലും മറ്റും ഹുസൂർ നൽകിയ ടാർഗറ്റ് നേരത്തേ തന്നെ പൂർത്തിയായെന്നും അദ്ദേഹം അറിയിച്ചു. ഓരോരുത്തരേയും കണ്ട് ഉദ്ബോധനം നടത്തുകയാണ് നാം ചെയ്യേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ജൂബിലി പരിപാടികൾ 2008-ലെ ഖാദിയാൻ ജൽസയോടെയാണ് സമാപിക്കുക. ഈയവസരത്തിൽ ഖാദിയാനിലെ സ്റ്റേജിൽനിന്നായിരിക്കും ഹുസൂർ പുതിയ പ്രഖ്യാപനങ്ങൾ നടത്തുകയെന്നും വസിയ്യത്തിന്റെ ഇപ്പോഴുള്ള അവസ്ഥ അറിയിക്കലെന്നും ഓർമ്മപ്പെടുത്തിയശേഷം ഇന്ത്യൻ ജമാഅത്തുകളിലും 50% വസിയ്യത്തിന്റെ ടാർഗറ്റ് പൂർത്തിയായിട്ടുണ്ടെന്ന് ഹുസൂറിന് വിളംബരപ്പെടുത്താൻ നാം അവസരം ഒരുക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു. ദുആയോടുകൂടി ഉദ്ഘാടന സമ്മേളനം സമാപിച്ചു.

**മത്സരങ്ങൾ**

ഇജ്തിമാഇന്റെ പരിപാടികളിൽ വൈജ്ഞാനിക കായികമത്സരങ്ങൾ പ്രത്യേകം ശ്രദ്ധാർഹമായി. കേരളത്തിൽനിന്നും ഇരുമത്സരങ്ങളിലും പ്രതിനിധികൾ പങ്കെടുത്തിരുന്നു.

**ഖുത്ബ ലൈവ്**

ഹുസൂർ തിരുമനസ്സിന്റെ ഖുത്ബ 'ലൈവ്' കാണുന്നതിനുള്ള സംവിധാനമുണ്ടായിരുന്നു. പള്ളികളിലും സറായെ ത്വാഹിറിലുമാണ് ഈ സംവിധാനങ്ങൾ ഒരുക്കിയിരുന്നത്.

**രണ്ടാം ദിവസം**

തഹജ്ജുദ് നമസ്കാരം 4.30ന് ആരംഭിച്ചു.

*പേജ് 41-ൽ*

കെ.പി. അഹ്മദ്

# ഒരു സായാഹ്നത്തിന്റെ ഓർമ്മക്കുറിപ്പ്

വർഷങ്ങൾക്ക് മുമ്പ്! കോഴിക്കോട്ടെ ദാറുസ്സലാമിൽ അസ്ർ നമസ്കാരം കഴിഞ്ഞുള്ള ഒരു സായാഹ്നം. ഗണ്ണിസ്ട്രീറ്റിൽനിന്നും നമസ്കാരത്തിനെത്തിയ അഹ്മദികളെല്ലാം സ്ഥലം വിട്ടുകഴിഞ്ഞിരുന്നു. പിന്നീടവിടെ ഞാനും ഈയ്യിടെ കൂടാളിയിൽ അന്തരിച്ച എം.ടി. അഹ്മദ് സാഹിബും മാത്രം ശേഷിച്ചു. ഉച്ചയൂണും ഉണ്ണിയുറക്കവും കഴിഞ്ഞ് ഞങ്ങൾ രണ്ടുപേരും അസ്ർ നമസ്കാരത്തിന് എണീറ്റതാണ്. ഉറക്കച്ചടവിന്റെ ആലസ്യത്തോടെ ഞാൻചോദിച്ചു.

"ഇനി എന്താ എം.ടി. പരിപാടി?"

"ആദ്യം ചായ കുടി. പിന്നെ ബീച്ചിൽ പോകാം."

എം.ടിയുടെ ഈ മറുപടി നേരത്തേ പ്രതീക്ഷിച്ചതാണ്. എം.ടിയും പരേതനായ ഉണ്ണീൻ മൗലവി സാഹിബും ചായകുടിയന്മാരുടെ പട്ടികയിൽ പണ്ടേ സിംഹാസനം കയ്യടക്കിയവരാണല്ലോ.

ദാറുസ്സലാമിന്റെ പിൻവശത്തുള്ള കുറുക്കുവഴിയിലൂടെ ഞങ്ങൾ ബോംബെ ഹോട്ടലിലേക്ക് നടന്നു. വൈകുന്നേരങ്ങളിൽ മധുരത്തിന്റെ ഹരം പകരുന്ന അവിടത്തെ ഉന്നക്കായയും പ്രസിദ്ധമായ ബോംബെ ചായയും കഴിച്ച് പുറത്തിറങ്ങിയപ്പോൾ ഓർക്കാപ്പുറത്തൊരു ചാറ്റൽമഴ. വിമ്മിഷ്ടത്തോടെ തുള്ളികളായി വീഴുന്ന മഴയുടെ സ്വഭാവം ശക്തികുറഞ്ഞതാണെങ്കിലും ബീച്ചിലേക്ക് പോയാൽ ചിലപ്പോൾ നനഞ്ഞുകുളിക്കാൻ സാധ്യതയുണ്ട്. ഈ സന്ദേഹം മനസ്സിലുദിച്ചതുകൊണ്ട് ബീച്ച് പരിപാടി ഉപേക്ഷിച്ച് ഞങ്ങൾ ദാറുസ്സലാമിൽ തിരിച്ചെത്തി.

അപ്പോഴാണ് അപരിചിതരായ മൂന്നുചെറുപ്പക്കാർ ദാറുസ്സലാമിലേക്ക് കടന്നുവരുന്നത്. ദാറുസ്സലാമിൽ അഹ്മദികളല്ലാത്തവരുടെ ആഗമനം അപൂർവ്വമായ കാഴ്ചയാണ്. പിന്നീടാണ് കാര്യം പിടികിട്ടിയത്. മൂന്നുപേരും എവിടെയെല്ലാമോ ചുറ്റിത്തിരിഞ്ഞ് ദാറുസ്സലാമിന്റെ മുൻവശത്തുള്ള കെട്ടിടത്തിലെ നമസ്തെ ഹോട്ടലിൽ എത്തിച്ചേരുകയും, നമസ്കരിക്കാൻ അടുത്തെങ്ങാനും പള്ളിയുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്തപ്പോൾ ആരോ പിന്നിലൊരു പള്ളിയുണ്ടെന്ന് പറഞ്ഞുകൊടുത്തതാണ്. അങ്ങനെയാണ് മൂന്ന് യുവാക്കളും തികച്ചും യാദൃശ്ചികമായി അവിടെ എത്തിച്ചേർന്നത്.

പുറത്ത് വാട്ടർടാങ്കും പൈപ്പുകളും കണ്ടപ്പോൾ അവർ വുസു ചെയ്ത് അകത്ത് കയറി. എന്നാൽ, അകത്ത് കയറിക്കഴിഞ്ഞ ചെറുപ്പക്കാർ നമസ്കരിക്കാൻ ഖിബ്‌ല പരതിയപ്പോൾ നടുങ്ങിപ്പോയി. സാധാരണ പള്ളികളിൽ കാണാറുള്ള മിമ്പറും ഖിബ്‌ലയും അവിടെയില്ലായിരുന്നു. ഹൽവാബസാറിലെ അൻസാരി ഹോട്ടലിൽ കൽത്തപ്പം മുറിച്ചുവെച്ചതുപോല തോന്നിപ്പിക്കുന്ന ത്രികോണാകൃതിയിലാണല്ലോ ദാറുസ്സലാമിലെ ഖിബ്‌ല. മൂന്നുപേരും നമസ്കരിക്കാതെ ശങ്കിച്ചുനിന്നു. അപ്പോൾ ഞാനവരോട് പറഞ്ഞു. 'ഇതൊരു വീടായിരുന്നു. നമസ്കരിക്കാൻ പള്ളിയായി ഉപയോഗിക്കുന്നതാണ്. ചുമരിന്റെ കോണിലിട്ട മുസല്ല ഖിബ്‌ലക്ക് നേരെയാണുള്ളത്."

അതുകേട്ടപ്പോൾ മൂന്നുപേരിൽ ഒരാൾ നമസ്കരിക്കാൻ തയ്യാറായി. മറ്റുരണ്ടുപേരും നമസ്കരിക്കാതെ ദാറുസ്സലാമിന്റെ ചുമരും ചാരി മറ്റൊരിടത്ത് മാറിയിരുന്നു. ഇതുകണ്ട് പുറത്തെ വരാന്തയിലിരിക്കുന്ന എം.ടിയോട് ഞാൻ തമാശയായി പറഞ്ഞു. "നമസ്കരിക്കുന്ന കക്ഷി ഒരുപക്ഷേ ഭാവിയിൽ അഹ്മദിയായേക്കാം. മറ്റു രണ്ടുപേരുടെ കാര്യം പോക്കാണ്."

ഒരാളുടെ നമസ്കാരം കഴിഞ്ഞപ്പോൾ മൂന്നുപേരും പുറത്തുവന്നു. പിന്നീട് ഞങ്ങൾ അവരുമായി കുശലാന്വേഷണം നടത്തി. മൂന്നുപേരും പുളിക്കൽ മുജാഹിദ് കോളേജിലെ വിദ്യാർത്ഥികളായിരുന്നു. ഖാദിയാനികളുടെ പള്ളിയിലാണ് വന്നുപെട്ടിരിക്കുന്നതെന്ന് അറിഞ്ഞപ്പോൾ മുതൽ അവർക്കൊരു വെപ്രാളമുണ്ടായിരുന്നു. ഈ സന്ദർഭത്തിൽ എം.ടി. അഹ്മദ് സാഹിബ് ഉടനെ വാചാലനായി. പുതുതായി ആരെ കണ്ടാലും അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്താനുള്ള ആവേശവും, തബ്‌ലീഗിന്റെ മിടിപ്പുകളും ഉൾക്കൊണ്ട ഒരു മനസ്സിന്റെ ഉടമയായിരുന്നല്ലോ അദ്ദേഹം! മൂന്നുപേരിൽ ദാറുസ്സലാമിൽ നമസ്കാരം നിർവ്വഹിച്ച ചെറുപ്പക്കാരനാണ് എം.ടിയോട് പ്രതികരിച്ചത്. മറ്റു രണ്ടുപേരും നിശ്ശബ്ദരായി ഇരുന്നതേയുള്ളൂ.

മുജാഹിദ് കോളേജിലെ വിദ്യാർത്ഥിയായിരുന്നുവെങ്കിലും ഈസാനബി(അ) ഉടലോടെ ആകാശത്തിലുണ്ടെന്ന ഉറച്ചവിശ്വാസിയായിരുന്നു ആ ചെറുപ്പക്കാരൻ. എന്നാൽ, തബ്‌ലീഗിന്റെ കടിഞ്ഞാൺ കയ്യിലെടുത്ത എം.ടിയുടെ നാവിൽനിന്നും ആയത്തുകളും ഹദീസുകളും തുരുതുരാ പ്രവഹിച്ചുതുടങ്ങി. ഒടുവിൽ എം.ടി. തെളിവായി ഉന്നയിച്ചത് മർഹൂം സി.എൻ. അഹ്മദ് മൗലവി സാഹിബിന്റെ ഖുർആൻ പരിഭാഷയിലെ ഈസാനബി(അ)യുടെ മരണത്തെക്കുറിച്ചുള്ള പരാമർശമായിരുന്നു. ഇതുകേട്ടപ്പോൾ ആ മുജാഹിദ് വിദ്യാർത്ഥി ഉൽക്കണ്ഠാകുലനായി. ഉടനെ ദാറുസ്സലാമിലെ ലൈബ്രറിയിൽനിന്നും എം.ടി. ഖുർആൻ പരിഭാഷയെടുത്ത് കാണിച്ചുകൊടുത്തു. അത്ഭുതംകൂറുന്ന മിഴികളോടെയാണ് ആ ചെറുപ്പക്കാരൻ അത് ദർശിച്ചത്. മുജാഹിദ് പണ്ഡിതനായ സി.എൻ. അഹ്മദ് മൗലവി സാഹിബിന്റെ പരിഭാഷയിലാണല്ലോ ഈസാ(അ)ന്റെ മരണം സ്ഥിരീകരിച്ചിരിക്കുന്നത്.

പിന്നീട് ആ വിദ്യാർത്ഥിയിൽനിന്ന് കേട്ടത് ഒരപേക്ഷയാണ്. ഖുർആൻ പരിഭാഷ ഒരാഴ്ചകാലത്തേക്ക് തനിക്ക് നൽകണമെന്നും ചിലർക്കെല്ലാം അത് കാണി

*ശേഷം 40-ൽ*

പേർഷ്യൻ കഥ

ഡോ. ഫുആദ്

# ഗുരുവും, ശിഷ്യനും പിന്നെ നുബുവ്വത്തും

**ശാ**സ്ത്രജ്ഞൻ, ദാർശനികൻ, കവി, ഭിഷഗ്വരൻ എന്നീ പദവികളിൽ എല്ലാത്തിലും തന്നെ പ്രാഗത്ഭ്യം തെളിയിച്ച് ലോകചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഇബനുസീനെ (Avicenna) കുറിച്ചാണ് ഈ കഥ.

തന്റെ വലിയ ശിഷ്യഗണത്തിൽ ഇബനുസീനയ്ക്ക് പ്രത്യേക വാത്സല്യം ഉണ്ടായിരുന്ന ശിഷ്യനായിരുന്നു ബഹ്മൻ യാർ. കൊച്ചുകുട്ടിയായിരിക്കെ തന്നെ ബഹ്മന്റെ ബുദ്ധിവൈഭവം കണ്ടറിഞ്ഞ സീന തന്നെ മുൻകൈയെടുത്ത് ആ കുട്ടിയെ സ്വശിഷ്യനാക്കുകയായിരുന്നു.

ഗുരുവിന്റെ പ്രതീക്ഷയ്ക്കൊത്ത് ബഹ്മനും പഠിച്ച് മിടുക്കനായി. ഗുരുവിനോട് ബഹ്മന് ആരാധനയോ, ആദരവോ എന്നറിയാത്ത സ്നേഹായിരുന്നു. തന്റെ ഉസ്താദ് ഒരു നബി തന്നെയാണെന്ന് ബഹ്മൻ ഇടയ്ക്കിടെ ഗുരുവിനോടും മറ്റു ശിഷ്യന്മാരോടും പറയാറുണ്ടായിരുന്നു.

അതിശൈത്യമുള്ള ഒരു രാത്രിയിൽ ഉറങ്ങാൻ കിടക്കവെ ബഹ്മൻ ഇബനുസീനയോട് വീണ്ടും പറഞ്ഞു. "അങ്ങയുടെ പാണ്ഡിത്യം നബിമാരുടേതിനേയും കവച്ചുവയ്ക്കുന്നതാണ്. മുൻകഴിഞ്ഞ പല നബിമാരേക്കാൾ എത്രയോ കാര്യങ്ങൾ അങ്ങ് മനസ്സിലാക്കിയിരിക്കുന്നു. അങ്ങ് നബിയാണെന്ന് അറിയിക്കുന്നപക്ഷം ഞാൻ താങ്കൾക്ക് ബയ്അത്ത് ചെയ്യുന്നതായിരിക്കും."

ഗുരുഭക്തിയിലും ചെറുപ്പത്തിന്റെ ആവേശത്തിലും മാത്രം അതിഷ്ഠിതമായ ആ പ്രഖ്യാപനം ഇബനുസീന പലയാവർത്തി കേട്ടിട്ടുണ്ടായിരുന്നു. അന്നും അദ്ദേഹം അത് ചിരിച്ചുതള്ളി. പുറത്ത് കഠിനമായ തണുപ്പ്. ഇരുവരും അടിമുടി പുതച്ച് ഉറങ്ങുവാൻ തുടങ്ങി. രാവേറെ ചെന്നപ്പോൾ ഗുരു ഉണർന്നു. അതിയായ ദാഹം തോന്നി. അടുത്തുള്ള കൂജയിൽ നോക്കിയപ്പോൾ അത് കാലി! "മോനേ ശിഷ്യാ! എനിക്ക് ദാഹിച്ചിട്ട് വയ്യാ! കുറച്ച് വെള്ളം കൊണ്ടുത്തരൂ."

പുതപ്പിനകത്തുനിന്നും തലപോലും പുറത്തിടാതെ ശിഷ്യൻ തിരക്കി "എന്തുപറ്റി? കൂജയിൽ വെള്ളം ഇല്ലേ?"

"ഉണ്ടായിരുന്നെങ്കിൽ നിന്നോട് ചോദിക്കുമായിരുന്നോ? പോയി വെള്ളം കൊണ്ടുവരൂ" ഗുരു ആവർത്തിച്ചു.

പുറത്തേക്ക് ഇറങ്ങുന്നത് പോയിട്ട് പുതപ്പ് മാറ്റുന്നതുപോലും അചിന്തനീയമായ തണുപ്പത്ത് ശിഷ്യൻ അടുത്ത ന്യായം നിരത്തിനോക്കി. "ഈ തണുപ്പത്ത് വെള്ളം കുടിക്കരുത്. ദോഷകരമാകും." രാജകൊട്ടാരങ്ങളിൽ ഭിഷഗ്വരനായി സേവനം അനുഷ്ഠിക്കാറുണ്ടായിരുന്ന ഇബനുസീനയോടായിരുന്നു ശിഷ്യന്റെ വൈദ്യോപദേശം!

"നീ ആശാനെ അക്ഷരം പഠിപ്പിക്കല്ലേ. ശരീരശാസ്ത്രം നിന്നെ പഠിപ്പിക്കുന്നത് ഞാനാണ്. പോയി വെള്ളം കൊണ്ടുവരൂ." അതൊരപേക്ഷയായിരുന്നു. ശിഷ്യൻ കളം മാറ്റി ചവിട്ടിക്കൊണ്ട് അടുത്ത നമ്പർ ഇറക്കി. "ഞാൻ ഈ തണുപ്പത്ത് പുറത്തേക്ക് പോയാൽ എനിക്ക് കഠിനമായ അസുഖം പിടിപെടും. ഇനി ഇപ്പോൾ നേരം പുലരാൻ കുറച്ച് സമയമല്ലേയുള്ളൂ. അതുവരെ ക്ഷമിക്കൂ." വീണ്ടും ചുരുണ്ടുകൂടിക്കൊണ്ട് ശിഷ്യൻ വലിഞ്ഞു.

ഉറക്കം വരാതെ ഇബനുസീന ദാഹിയായിതന്നെ കിടക്കവെ, കുറച്ചുകഴിഞ്ഞ് അടുത്തുള്ള പള്ളിയിൽ നിന്നും ഫജർ ബാങ്ക് കേട്ടു. ഗുരുവും ശിഷ്യനും ഉണർന്നുകിടന്ന് അത് ശ്രവിച്ചു. "അശ്ഹദുഅന്ന മുഹമ്മദറസൂലുല്ലാഹ്" മുഅസ്സിന്റെ പ്രഖ്യാപനം കേട്ടപ്പോൾ ഇബനുസീനയുടെ മനസ്സിൽ പെട്ടെന്ന് ഒരാശയം പൊട്ടിമുളച്ചു. ബാങ്ക് കഴിഞ്ഞപ്പോൾ ഗുരു ശിഷ്യനോട് പറഞ്ഞു. "നീ പലപ്പോഴായി സൂചിപ്പിച്ചിരുന്ന കാര്യത്തിന് എനിക്കിതാ ഒരു ഉത്തരം ലഭിച്ചിരിക്കുന്നു."

വിജ്ഞാനദാഹിയായിരുന്ന ശിഷ്യന്റെ ഉറക്കമെല്ലാം പമ്പകടന്നു. ഗുരുവിന്റെ ഉപദേശം ശ്രവിക്കാൻ അവൻ ചെവി വട്ടം പിടിച്ചു.

ഗുരു തുടർന്നു. "ഇന്നു കൂടിയും നീ പറഞ്ഞില്ലേ ഞാൻ നുബുവ്വത്ത് വാദിക്കണമെന്ന്."

"ഉവ്വ് ഉസ്താദ്" ഗുരുവിന്റെ നുബുവ്വത്ത് വാദം ഇപ്പോൾ ഉണ്ടാകും എന്ന് ശിഷ്യന് തോന്നിതുടങ്ങി. ഹിറാ ഗുഹയിൽനിന്നും വന്ന മുഹമ്മദിനെ കണ്ട ഖദീജയുടെ ചിത്രം അവന്റെ മനസ്സിലൂടെ കടന്നുപോയോ ആവോ.

"എന്നിട്ട് ദാഹിച്ച് വലഞ്ഞ എനിക്ക് ഒരു ഗ്ലാസ്സ് വെള്ളം കൊണ്ടുത്തരുവാൻ നിന്റെ മനസ്സ് സമ്മതിച്ചില്ലാ അല്ലേ?" ഗുരു തുടർന്നു. "ആ പള്ളിയിലെ മുഅ

*ശേഷം 41-ൽ*

*പേജ് 38-ൽ നിന്ന്*

ച്ചുകൊടുക്കാനുണ്ടെന്നും ആ യുവാവ് പറഞ്ഞു. ഈ അപേക്ഷയെ മാനിച്ചുകൊണ്ട് എം.ടി. അതിന് സമ്മതം മൂളുകയും അപ്പോൾതന്നെ ഖുർആൻ പരിഭാഷ കൊടുക്കുകയും ചെയ്തു. എന്നാൽ, പെട്ടെന്ന് പരിഭാഷ കൊടുത്തതിൽ എനിക്ക് ആശങ്ക ഉണ്ടായിരുന്നു. കാരണം മറ്റൊന്നുമല്ല. ദാറുസ്സലാമിലെ അന്നത്തെ ലൈബ്രേറിയൻ മമ്മുക്കയാണ്. (മർഹൂം വി.പി. മമ്മു സാഹിബ്) മമ്മുക്കയെ സംബന്ധിച്ചിടത്തോളം ഏറ്റെടുത്ത ഉത്തരവാദിത്വത്തിന്റെ കാര്യത്തിൽ ഏറെ കണിശക്കാരനാണദ്ദേഹം. ലൈബ്രറിയിലെ പുസ്തകം പുറത്തുപോയെന്നറിഞ്ഞാൽ ആകെ കുഴപ്പമായിരിക്കും. എം.ടി. അത് കൈവിട്ട് കൊടുത്തുപോയ സാഹചര്യത്തിൽ ചെറുപ്പക്കാരന്റെ വിലാസം കുറിച്ചെടുക്കാൻ ഞാൻ പറഞ്ഞു. അങ്ങനെ സി.എൻ. അഹ്മദ് മൗലവിയുടെ ഖുർആൻ പരിഭാഷയുമായി മൂന്നുപേരും സ്ഥലംവിട്ടു.

മഗ്‌രിബ് നമസ്കാരം കഴിഞ്ഞപ്പോൾ മമ്മുക്കയും എം.ടിയും ഉഗ്രൻ വാഗ്വാദവും ശണ്ഠയും. മമ്മുക്ക വന്നുകഴിഞ്ഞാൽ ഒരു കൊടുങ്കാറ്റ് ഞാൻ പ്രതിക്ഷിച്ചതാണ്. അതുപോലെതന്നെ സംഭവിച്ചു. ഒടുവിൽ പ്രശ്നം ഒതുക്കിത്തീർക്കാൻ വിദ്യാർത്ഥിയുടെ മേൽവിലാസമുണ്ടെന്നും ഒരാഴ്ച കഴിഞ്ഞ് തിരിച്ചു കൊണ്ടുവന്നില്ലെങ്കിൽ പുളിക്കൽ മുജാഹിദ് കോളേജിൽപോയി വാങ്ങിക്കൊണ്ടുവരാമെന്നും ഞാൻ മമ്മുക്കയെ ധരിപ്പിച്ചു.

അടുത്തദിവസം രസകരമായ ഒരു കാഴ്ചയാണ് കണ്ടത്. മമ്മുക്ക ഒരു പൂട്ടും താക്കോലും സംഘടിപ്പിച്ചാണ് ദാറുസ്സലാമിലെത്തിയത്. ലൈബ്രറി താഴിട്ട് പൂട്ടുമ്പോൾ മമ്മുക്ക പറഞ്ഞു.

"ഇനുയും ഇത് പൂട്ടാതിരുന്നാൽ എം.ടി. ഇവിടെയുള്ള പുസ്തകങ്ങളെല്ലാം ആർക്കെങ്കിലും കൊടുത്ത് കാലിയാക്കും."

അതുകേട്ടപ്പോൾ എനിക്കും എം.ടി.ക്കും ചിരിക്കാനാണ് തോന്നിയത്. കാരണം, പ്രിയങ്കരനായ മമ്മുക്കയുടെ ആത്മാർത്ഥത ഞങ്ങൾക്കെല്ലാം അറിയാവുന്നതാണല്ലോ.

അന്ന് ദാറുസ്സലാമിന്റെ കോണിലുള്ള ഖിബ്‌ലയെ ലക്ഷ്യമാക്കി നമസ്കരിച്ച ചെറുപ്പക്കാരനാണ് മാതമംഗലം സ്വദേശിയും ഇപ്പോൾ ഖാദിയാനിലെ നാസിം ഖസായും മിശ്‌കാത്ത് ഉർദു മാസികയുടെ പത്രാധിപരുമായ സൈനുദ്ദീൻ ഹാമിദ് സാഹിബ്! ●

---

*പേജ് 36-ൽ നിന്ന്*

ലഭിക്കുന്നതോ കുറേ രോഗങ്ങൾ. എന്നാൽ, ഇവിടെ സൗജന്യമായി അവന് ലഭിക്കുന്നത് സ്വർഗ്ഗമാണ്. വിശുദ്ധഖുർആനിൽ രണ്ട് സ്വർഗ്ഗത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അതിൽ ഒന്ന് നമസ്കാരമാകുന്നു. അതുകൊണ്ട് നമസ്കാരം സ്വയം നിലനിർത്തുന്നതോടൊപ്പം നിങ്ങളുടെ മക്കൾക്കും ഈ പാഠം നൽകിക്കൊണ്ടിരിക്കുക.

രണ്ടാമത്തെ കാര്യം വിശുദ്ധഖുർആൻ പാരായണമാണ്. പാവനമായ പുണ്യറമദാനിൽ ഉടലെടുത്ത പവിത്രമായ അന്തരീക്ഷം നാമേവരും അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു. വിശുദ്ധഖുർആൻ പാരായണത്തിന്റെ ശബ്ദം നാനാദിക്കുകളിൽനിന്നും കർണപുടങ്ങളിലേക്കെത്തിക്കൊണ്ടിരുന്ന ഒരാത്മീയ അന്തരീക്ഷത്തിലൂടെയാണ് നാം കടന്നുവന്നത്. വിശുദ്ധഖുർആൻ പാരായണമറിയുന്ന ചെറിയവരും മുതിർന്നവരുമെല്ലാം ഈ മാസം വിശുദ്ധഖുർആൻ ഒരു പ്രാവശ്യമെങ്കിലും ഓതി പൂർത്തിയാക്കാൻ പരിശ്രമിക്കുകയുണ്ടായി. പലയിടങ്ങളിലും തർജമ പഠിപ്പിക്കുന്ന ക്ലാസുകളും ദർസുകളും സംഘടിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഈ പരിപാവനമായ ആത്മീയ പരിശീലനം ഉപേക്ഷിച്ചുകളയാതെ തങ്ങളുടെ ജീവിതത്തിന്റെ സ്ഥായിയായ ഒരു ഭാഗമാക്കിമാറ്റുക. തിരുനബി(സ.അ) അരുളുകയുണ്ടായി. "ജനങ്ങളിൽ ചിലർ (അഹ്‌ലുല്ലാഹ്) അല്ലാഹുവിന്റെ ആളുകളായിട്ടുണ്ട്. സഹാബത്ത് ചോദിക്കുകയുണ്ടായി. അല്ലാഹുവിന്റെ റസൂലെ, ആരാണ് അവർ? അരുളി. വിശുദ്ധഖുർആനുമായി ബന്ധപ്പെടുന്നവരാണ് അല്ലാഹുവിന്റെ ആളുകൾ."

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളി. "ആരാധനയുടെ അടിവേര് ദൈവവചനങ്ങളുടെ പാരായണമാണ്. കാരണം പ്രിയതമന്റെ വചനങ്ങൾ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നത് യഥാർത്ഥപ്രേമിക്ക് പ്രേമാഗ്നി ജ്വലിപ്പിക്കുന്നതും ആത്മപുളകിതവുമായിരിക്കും."

മറ്റൊരിടത്ത് അരുളുന്നു: "നിങ്ങൾക്കുള്ള മറ്റൊരു അധ്യാപനം ഇതാണ്. വിശുദ്ധഖുർആനെ ഉപേക്ഷിക്കപ്പെട്ട വസ്തുവിനെപ്പോലെ കൈയൊഴിയരുത്. നിങ്ങളുടെ ജീവൻ നിലകൊള്ളുന്നത് അതിലാണ്. ഖുർആന് ആദരം നൽകുന്നവർക്ക് ആകാശത്ത് ആദരം നൽകപ്പെടുന്നതാണ്. എല്ലാ ഹദീസുകളേക്കാളും മറ്റു വചനങ്ങളേക്കാളും മുൻഗണന വിശുദ്ധഖുർആന് നൽകുന്നവർക്ക് ആകാശത്തും മുൻഗണന നൽകപ്പെടുന്നതാണ്."

അതുകൊണ്ട് പുതിയ തലമുറയെ സംരക്ഷിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവരെ സംരക്ഷിക്കൽ വിശുദ്ധഖുർആനാണെന്ന കാര്യം ഓർക്കുക. ഭൗതികമായ നീരാളിപ്പിടിത്തത്തിൽനിന്നും അവരെ സംശുദ്ധമാക്കണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നുവെങ്കിൽ നമസ്കാരമാണ് അവരെ പരിശുദ്ധരാക്കുക. അതുകൊണ്ട് നമസ്കാരം അനുഷ്ഠിക്കുകയും വിശുദ്ധഖുർആൻ പാരായണം ശീലമാക്കുകയും ചെയ്യുക. അവർക്കായി നിങ്ങളുടെ ഉദാത്തമാതൃക കാണിച്ചുകൊടുക്കുക. വരുംതലമുറയിലും ഈ അധ്യാപനം നൽകിക്കൊണ്ടേയിരിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക. അടിസ്ഥാനപരമായ ഈ രണ്ട് കാര്യങ്ങളുമനുസരിച്ച് ഞങ്ങൾ പ്രവർത്തിക്കുന്നതാണെന്നും ഞങ്ങളുടെ മക്കൾക്ക് ഇതേ അധ്യാപനം നൽകുന്നതാണെന്നും പ്രതിജ്ഞയെടുത്തുകൊണ്ട് ഇവിടെനിന്നും തിരിച്ചുപോകുക. അല്ലാഹു തആല നിങ്ങൾക്കെല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. ●

*പേജ് 37-ൽ നിന്ന്*

സുബ്ഹി നമസ്കാരത്തിനുശേഷം മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ് നാസിർ, മസ്ജിദ് മുബാറക്കിലും, മൗലവി അബ്ദുൽ വക്കീൽ സാഹിബ് നിയാസ്, സറായെ ത്വാഹിറിലും ദർസ് നടത്തി. കാലത്ത് 6.30 മുതൽ 8.00 മണിവരെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് വന്ന പ്രതിനിധികളുമായി സദ്ർ മജ്ലിസ് അൻസാറുല്ലാഹ് കൂടിക്കാഴ്ച നടത്തി. മജ്ലിസിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതിനെക്കുറിച്ചും റിപ്പോർട്ടുകൾ കൃത്യമായി അയക്കേണ്ടതിനെക്കുറിച്ചും മറ്റും സദ്ർ സാഹിബ് ഓർമ്മിപ്പിച്ചു. 9.30ന് ജമാഅത്തിലെ പണ്ഡിതപ്രമുഖരുടെ പ്രസംഗങ്ങളുണ്ടായിരുന്നു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ് നാസിർ ഇസ്ലാഹ് വ ഇർശാദ് ഖാദിയാൻ ആരാധന എന്ന വിഷയത്തെക്കുറിച്ചും മൗലാനാ ഹമീദ് കൗസർ സാഹിബ് പ്രിൻസിപ്പാൾ, ജാമിഅ അഹ്മദിയ്യാ 'കുട്ടികളുടെ ശിക്ഷണം' എന്ന വിഷയത്തെക്കുറിച്ചും, ഖാരി നവാബ് അഹ്മദ് സാഹിബ് നാഇബ് നാസിർ ബയ്ത്തുൽമാൽ ആമദ് സദ്സാലാ 'ഖിലാഫത്ത് ജൂബിലി' എന്ന വിഷയത്തെക്കുറിച്ചും, മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം നാസിർ ദഅ്വത്തെ ഇലല്ലാഹ് ഖാദിയാൻ 'വഖ്ഫെ ആർസിയുടെ ആവശ്യവും പ്രാധാന്യവും' എന്ന വിഷയത്തെക്കുറിച്ചും വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങൾ നടത്തി. മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം സദ്ർ മജ്ലിസ് അൻസാറുല്ലായായിരുന്നു അധ്യക്ഷൻ. തുടർന്ന് മത്സരപരിപാടികൾ നടന്നു.

**മൂന്നാം ദിവസം**

കൃത്യം 4.30-ന് തഹജ്ജുദ് നമസ്കാരം ആരംഭിച്ചു. സുബ്ഹി നമസ്കാരത്തിനുശേഷം മൗലവി ബാസിത് റസൂൽ സാഹിബ് മസ്ജിദ് മുബാറക്കിലും മൗലാനാ സൈനുദ്ദീൻ സാഹിബ് ഹാമിദ് സറായെ ത്വാഹിറിലും ദർസ് നടത്തി. 6.30 മുതൽ 8 മണിവരെ വിവിധ സംസ്ഥാനങ്ങളിൽനിന്നുവന്ന പ്രതിനിധികളുമായി സദ്ർ സാഹിബ് ചർച്ച നടത്തി. 9 മണി മുതൽ പ്രസംഗപരിപാടി ആരംഭിച്ചു. ബഹുമാന്യനായ ഹാഫിസ് സ്വാലിഹ് മുഹമ്മദ് ആലാഉദ്ദീൻ സാഹിബ്, (സദ്ർ, സദ്ർ അഞ്ചുമൻ അഹ്മദിയ്യാ)യുടെ അധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. അഡ്വ. ജമീൽ അഹ്മദ് നാസിർ സാഹിബ് 'ഇന്ത്യൻ സിവിൽകോഡ്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**സെമിനാർ**

തുടർന്ന് 'നിസാമെ വസിയ്യത്തും അൻസാറുല്ലായുടെ ഉത്തരവാദിത്തങ്ങളും' എന്ന വിഷയത്തിൽ ഒരു സെമിനാർ നടന്നു. മൗലാനാ മുഹമ്മദ് കരിമുദ്ദീൻ സാഹിബ് ശാഹിദ്, മൗലാനാ സുൽഥാൻ അഹ്മദ് സാഹിബ് സഫർ, മൗലാനാ ജാവേദ് ഇക്ബാൽ സാഹിബ് അഖ്തർ എന്നിവർ സെമിനാറിൽ പങ്കെടുത്തു.

**മജ്ലിസ് ശൂറാ**

11 മണിമുതൽ 2 മണിവരെ മജ്ലിസ് ശൂറാ നടന്നു. പുതിയ സദ്ർ സാഹിബിനെ ഇതിൽ തിരഞ്ഞെടുക്കുകയുണ്ടായി.

**സമാപന സമ്മേളനം**

വൈകുന്നേരം 6.45-ന് മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി നാസിർ അഅ്ലാ വ അമീർ മഖാമിയുടെ അധ്യക്ഷതയിൽ സമാപന സമ്മേളനം തുടങ്ങി. അമീറുൽ മുഅ്മിനീന്റെ സന്ദേശം ഒരിക്കൽകൂടി ഈ സമ്മേളനത്തിൽ വായിച്ചുകേൾപ്പിക്കുകയുണ്ടായി. തിലാവത്ത്, പദ്യം, പ്രതിജ്ഞ, സന്ദേശവായന എന്നിവയ്ക്കു ശേഷം മുഖ്യാതിഥി സമാപനപ്രഭാഷണം നടത്തി. തുടർന്ന് സമ്മാനദാന ചടങ്ങ് നടന്നു. മത്സരപരിപാടികൾ നടന്നുകഴിഞ്ഞാൽ ഓരോ മത്സരവിജയിക്കും അപ്പപ്പോൾതന്നെ സമ്മാനദാനം നടത്തിയിരുന്നു. അതിനാൽ, സമാപനസമ്മേളനത്തിൽ മജ്ലിസുകളുടെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തിയതിനു ശേഷം സമ്മാനാർഹരായ മജ്ലിസുകൾക്കും മറ്റുമാണ് സമ്മാനം നൽകിയത്. കേരളത്തിന്റെ പേര് ഇടയ്ക്കിടയ്ക്ക് സമ്മാനം വാങ്ങുന്നതിനായി വിളിക്കുന്നതുകേട്ടപ്പോൾ വളരെ ആശ്വാസമാണുണ്ടായത്. കണ്ണൂർ എക്സിബിഷന്റെ പിന്നിൽ പ്രവർത്തിച്ച കണ്ണൂർമേഖല നാസിം യു. മൻസൂർ സാഹിബും സംസ്ഥാനതലത്തിൽ ഏറ്റവും നല്ല സംസ്ഥാന നാസിമായി നമ്മുടെ സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബും സമ്മാനത്തിന് അർഹരായവരിൽപെടുന്നു. എല്ലാ പേരുകളും ഇവിടെ എഴുതുന്നില്ല. അധ്യക്ഷന്റെ പ്രാർത്ഥനയോടുകൂടി മൂന്നുദിവസം നീണ്ടുനിന്ന ഈ ആത്മീയസംഗമം സമാപിച്ചു.

---

*പേജ് 39-ൽനിന്ന്*

സ്സിനെ നോക്കൂ! ബാങ്ക് വിളിക്കാനായി മാത്രം ഈ കൊടുംതണുപ്പത്ത് വീട്ടിന് പുറത്തിറങ്ങി, തണുത്ത വെള്ളത്തിൽ വുളു ചെയ്ത്, കമ്പിളി വസ്ത്രം പോലും ഇല്ലാതെ അയാൾ ബാങ്ക് വിളിക്കുന്നു. എന്തിന്? നബിയോടുള്ള സ്നേഹം ഒന്നുകൊണ്ടുമാത്രം."

"നിന്റെ ജീവിതത്തിന്റെ ഏറിയ പങ്കും എന്നോടൊത്താണ് നീ ചിലവഴിച്ചത്. നിനക്കറിയാവുന്നതെല്ലാം എന്നിൽ നിന്നല്ലേ നീ നേടിയത്? എന്നിട്ടും എനിക്ക് ഒരു ഗ്ലാസ്സ് വെള്ളം തരുവാൻപോലും നിനക്ക് മനസ്സ് വന്നില്ല. ഇപ്പോൾ മനസ്സിലായോ ഞാനും നബിയും തമ്മിലുള്ള വ്യത്യാസം?"

ഇബനുസീന പറഞ്ഞുനിർത്തി. ശിഷ്യന്റെ പ്രതികരണം കഥയിൽ കാണുന്നില്ല. പിന്നീട് ഗുരുവിനെ നബിയാക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ടാവില്ല എന്ന് മാത്രം നമുക്ക് അനുമാനിക്കാം. (*ഒരു പേർഷ്യൻ കഥയുടെ പുനരാവിഷ്ക്കാരം*)

## അനുസ്മരണം

# ഫൗസ് ജമാൽ സാഹിബ്

എറണാകുളം: കേരള മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മുൻസംസ്ഥാന ജനറൽ സെക്രട്ടറിയും കാക്കനാട് ജമാഅത്ത് അംഗവുമായിരുന്ന ജനാബ് ഫൗസ് ജമാൽ സാഹിബ് (31) നവംബർ 21-ാം തിയതി ബുധനാഴ്ച അന്തരിച്ചു. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. കേരള ഹൈക്കോടതി ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം ഗുരുതരമായ ഉദരരോഗത്തെ തുടർന്ന് കലൂർ പി.വി.എസ് ആശുപത്രി തീവ്രപരിചരണ വിഭാഗത്തിൽ ഒരുമാസത്തോളം ചികിത്സയിലായിരുന്നു.



മരണവാർത്തയറിഞ്ഞ്, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് നൂറുകണക്കിന് അഹ്മദീസഹോദരന്മാർ മയ്യത്ത് പൊതുദർശനത്തിനുവച്ച എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ വസതിയിലും, ഐരാപുരത്തെ മേഖലാ ഖബർസ്ഥാനിലും എത്തിച്ചേർന്നു. സഹോദരൻ ഫസിൽ ജമാൽ സാഹിബ് ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി.

കൊല്ലം ജില്ലയിലെ ഗ്രാമപ്രദേശമായ മാത്രയിൽ ജനിച്ച ഫൗസ്ജമാൽ തിരുവനന്തപുരത്തെ പ്രശസ്തമായ യൂണിവേഴ്സിറ്റി കോളേജിലും കേരളാ യുണിവേഴ്സിറ്റിയുടെ കാര്യവട്ടം കാമ്പസിലുമായി ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി. ഗണിതശാസ്ത്രത്തിൽ ബിരുദവും കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കി.

ഏകദേശം ഇരുപതുവർഷങ്ങൾക്കു മുമ്പ്, പിതാവ് ആർ. ജമാലുദ്ദീൻ സാഹിബിനെ പിന്തുടർന്ന്, അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച ഫൗസ്, ചെറുപ്പം മുതൽക്കേ ജമാഅത്ത് പ്രവർത്തനങ്ങളിൽ അതീവ താല്പര്യം പ്രകടിപ്പിച്ചിരുന്നു. മാത്ര ജമാഅത്തിലെ ആദ്യത്തെ അത്ഫാൽ സെക്രട്ടറിയായിരുന്നു. പഠനകാര്യങ്ങൾക്കായി പിന്നീട് തിരുവനന്തപുരത്തേക്ക് താമസം മാറ്റിയപ്പോൾ, അവിടെ ഒരു ജമാഅത്ത് കെട്ടിപ്പടുക്കുന്നതിൽ പിതാവിനൊപ്പം നേതൃത്വപരമായ ഒരു പങ്കുവഹിച്ചു. തിരുവനന്തപുരം മജ്ലിസ് ഖാഇദും ജമാഅത്ത് ജനറൽ സെക്രട്ടറിയും ആയിരുന്നപ്പോൾ വ്യവസ്ഥാപിതമായ പ്രവർത്തനങ്ങൾക്കായി ഫയലിംഗ് സംവിധാനം ഏർപ്പെടുത്തി.

ഉദ്യോഗസംബന്ധമായി എറണാകുളത്തെത്തിയപ്പോൾ ജമഅത്ത് പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമായിൽ വൈജ്ഞാനിക മത്സരങ്ങളിൽ മാത്രം മത്സരിച്ച് വ്യക്തിഗതചാമ്പ്യനായി ചരിത്രം സൃഷ്ടിച്ചു. നിരവധി ലേഖനങ്ങൾ ഇംഗ്ലീഷിൽ നിന്ന് തർജമ ചെയ്ത് മലയാളി അഹ്മദികൾക്കായി അവതരിപ്പിച്ചു. വാഗ്ദത്തമസീഹ്(അ)ന്റെ 'ദ എസ്സൻസ് ഓഫ് ഇസ്ലാം' ഒരു ഭാഗവും ഇസ്ലാമിക കുടുംബജീവിതത്തെപ്പറ്റി എഴുതിയ 'നമ്മുടെ കണ്ണുകളുടെ കുളിർമ്മ' എന്ന ലേഖനവും 'സത്യദൂതനി'ലൂടെ ശ്രദ്ധേയങ്ങളായി. ഒരു ശാസ്ത്രവിദ്യാർത്ഥിയെന്ന നിലയിൽ ഇസ്ലാമിക ശാസ്ത്രീയചരിത്രത്തിൽ അദ്ദേഹം ലേഖനങ്ങളിൽ അഭിമാനം കൊണ്ടു.

നിറഞ്ഞപുഞ്ചിരിയും ബുദ്ധികൂർമ്മത ദ്യോതിപ്പിക്കുന്ന നിരീക്ഷണപാടവവും മാതാപിതാക്കളോടുള്ള ഗാഢമായ സ്നേഹവും അചഞ്ചലമായ വിശ്വാസ ധൈര്യവും അദ്ദേഹത്തെ ശ്രദ്ധേയനാക്കി.

മാതാവ് ശരീഫാ ബീവിസാഹിബ. ഭാര്യ സഫീന റഹീം(ആലപ്പുഴ). യഹ്യ എഫ് ജമാൽ(4) ഏകപുത്രൻ. സഹോദരങ്ങൾ: ഫൗസിയാ ജമാൽ (മുൻഎഡിറ്റർ, അന്നൂർ), ഫസിൽ ജമാൽ (ഗവേഷണവിദ്യാർത്ഥി, അമേരിക്ക). അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തും നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

## സത്യമിത്രം ജൂബിലി പതിപ്പ് പുറത്തിറക്കുന്നു

**ഖിലാഫത്ത് ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് സത്യമിത്രം ജൂബിലി പതിപ്പ് പുറത്തിറക്കുന്നു. ഇതിലേക്ക് ലേഖനങ്ങളും കവിതകളും ക്ഷണിക്കുന്നു. സഹോദരീസഹോദരന്മാർ അവരുടെ സൃഷ്ടികൾ ജൂലൈ 1-ന് മുമ്പ് '*എഡിറ്റർ, സത്യമിത്രം, അഹ്മദിയ്യാ മുസ്ലിം കോംപ്ലക്സ്, കണ്ണൂർ-1*' എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.**

## സംസ്ഥാന മജ്‌ലിസ് അൻസാറുല്ലായുടെ ഖിലാഫത്ത് ശതവാർഷിക ജൂബിലി ഉപഹാരം

ഈ ഉപഹാരം 2008 ജനുവരി അവസാനവാരം നിങ്ങളുടെ കൈകളിലെത്തുന്നു. മുൻകൂർ പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക് പ്രത്യേക കിഴിവ് ലഭിക്കുന്നു.

1. **ഹദീഖത്തുസ്സ്വാലിഹീൻ** ....................................... വില **120** രൂപ
(അഞ്ഞൂറ് പേജുകളോളം വരുന്ന ഹദീസുകളുടെ ഒരു ശേഖരം)

2. **ടെലിഫോൺ ഇൻഡക്സ്** .................................... വില **40** രൂപ
(കേരളത്തിലെ അഹ്‌മദികളുടെ ഫോൺ നമ്പറുകൾ, ഖാദിയാനിലെയും മറ്റു സംസ്ഥാനങ്ങളിലെയും ഫോൺ, ഫാക്സ് നമ്പറുകൾ, ലോകരാഷ്ട്രങ്ങളിലെ ജമാഅത്തുകളുടെ വിലാസങ്ങൾ, ഫോൺനമ്പറുകൾ, ഇമെയിൽ അഡ്രസ്സുകൾ, അഹ്‌മദിയ്യാ വെബ്സൈറ്റുകൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു കൈപുസ്തകം)

3. **വ്യത്തിയെ സംബന്ധിച്ച് വിശദീകരിക്കുന്ന ഒരു സി.ഡി** ... വില **20** രൂപ

ഒപ്പം സത്യമിത്രം മാസികയുടെ 2007, 2008 വർഷങ്ങളിലെ വരിസംഖ്യ 120/- രൂപയും ഒന്നിച്ച് മുൻകൂർ പണമടക്കുന്നവർക്ക് 50 രൂപ കിഴിവ് നൽകുന്നു. തുക ജനുവരി 20-നകം പ്രാദേശിക സഈമുമാർക്ക് നൽകുക. നിങ്ങളുടെ ഈ ഉപഹാരം ഉറപ്പുവരുത്തുക.

- നാസിം, മജ്‌ലിസ് അൻസാറുല്ലാ, കേരള.

## അൻസാറുല്ല വാർഷിക ഇജ്തിമാവേളയിൽ കേരളത്തിന് ലഭിച്ച സമ്മാനങ്ങൾ

മികച്ച സംസ്ഥാന മജ്‌ലിസ് ഒന്നാംസ്ഥാനം– കേരളം

നഗര മജ്‌ലിസുകളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ
മൂന്നാം സ്ഥാനം – കോഴിക്കോട്

പത്യേക സമ്മാനം– കൊച്ചി

ഗ്രാമ മജ്‌ലിസുകളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ
മൂന്നാം സ്ഥാനം– വാണിയമ്പലം

പ്രത്യേക സമ്മാനങ്ങൾ– 1. മൊഗ്രാൽ, 2. മാത്ര

***പ്രത്യേക സമ്മാനാർഹരായവർ***

പി.പി. നാസിറുദ്ദീൻ, എസ്. മുഹമ്മദ് സലീം, യു. മൻസൂർ അഹ്‌മദ്, കെ.വി. ഹസ്സൻകോയ, മുഹമ്മദ് സലീം എറണാകുളം, എം.കെ. അബ്ദുൽ അസീസ്, സി.കെ. അബ്ദുൽ ഗഫൂർ, ശരീഫ് അഹ്‌മദ് പാലാഞ്ഞി

***ഖുർആൻ തർജമ***

എം.എ. മുഹമ്മദ്, അഹ്‌മദ്കോയ, എം.പി. കോയട്ടി, കെ.പി. അബ്ദുർറസാക്ക്, മൊയ്തുണ്ണി, എം. അബ്ദുൽഗനി.